# അഭയദീപം

പി.കെ.ഗോപി

രക്ഷകൻ പലായനം ചെയ്തൊരീ കാലത്തിന്റെ
കൽക്കരിപ്പുറത്തു ഞാനുറങ്ങാൻ കിടന്നപ്പോൾ
മുജ്ജന്മ പാപത്തിന്റെ കഥകൾ പറഞ്ഞെന്നെ
ഞെട്ടിച്ചുകൊല്ലാൻ വന്ന ദുസ്വപ്നമാകുന്നു നീ!


കത്തുന്ന ഭ്രാന്തൻ മിഴി, നെറ്റിയിൽ തഴമ്പിച്ച
കുറ്റിരുട്ടുറങ്ങുന്ന പരുക്കൻഗോത്രക്കുറി
കൈകളിൽ രക്തക്കൊമ്പുതുറിക്കും ശൂലം, നാവി-
ലദ്വൈത മന്ത്രത്തിന്റെ പിടയ്ക്കും സിരാനാളം
കഴുത്തിൽ കൊരുത്തിട്ട കുലദൈവത്തിന്റെ ശവം
കലങ്ങിത്തിളയ്ക്കുന്ന കലികാലത്തിൻ ജ്വരം.
നെരിപ്പോടുടച്ചിട്ട നെഞ്ചകത്തുമിത്തീയി-
ലൊതുക്കിപ്പിടിച്ചിട്ട മയിൽപേടകൾ, പീലി-
ച്ചുരുട്ടിൽ പുരട്ടാൻ കോലരക്കും കോപാഗ്നിയും
വെളിച്ചം കുഴിച്ചിട്ട മനസ്സിൻ കാമാർത്തിയും !

ശിരസ്സിൽ ചിതൽ തിന്ന ചരിത്രക്കെട്ടിനുള്ളി-
ലൊളിക്കും നിശാ സർപ്പച്ചുരുളും സീൽക്കാരവും
ഗുരുഹത്യകൾക്കുള്ള വിഷവും ചുരത്തി നീ
വഴിയിൽ ഭയം വിതച്ചെത്തുന്നു വീണ്ടും വീണ്ടും.

കണ്ണുനീരുപ്പുംചേർത്തു ഞാൻ നുണഞ്ഞിറക്കുന്ന
കഞ്ഞിയിൽ വിഷം തുപ്പിപ്പോകുന്നതെങ്ങോട്ടു നീ?
എത്രനാൾ പ്രതീക്ഷതൻ ഗോക്കൾക്കു പുല്ലും നീട്ടി-
യെത്ര നാൾ സ്വപ്നത്തിന്റെ തുമ്പിക്കു കല്ലും നൽകി,
അത്ഭുതപ്പെട്ടതിന്റെ ചരടും ചലിപ്പിച്ചു
നിൽക്കുന്നു നീയെൻ ചെറ്റക്കൂരകൾ കൺപാർക്കാതെ!
ഞാൻ നനച്ചെങ്ങോ വെച്ച വെടിയുപ്പുണക്കി നീ
തീപ്പൊരുച്ചെപ്പും കൈയിലൊളിപ്പിച്ചിരിക്കുന്നു.

ഞാൻ പറഞ്ഞൊഴിപ്പിച്ച ചാരനെ വിരുന്നൂട്ടാ-
നാത്മ ബന്ധങ്ങൾ ഛേദിച്ചമൃതേത്തൊരുക്കി നീ
ഒടുവിൽ ദേവാലയച്ചുമരും തൂണും ചാരി
മരണക്കൊടുങ്കാറ്റു കൊള്ളിമീൻ ചുഴറ്റുമ്പോൾ,......

പാതിമെയ് തീയിൽ വെന്തോരമ്മയും പൊട്ടിത്തെറി-
ച്ചായിരം ചീളായോരോമനക്കുഞ്ഞും കരി-
ഞ്ഞൂഴിയിൽ കിടക്കുന്നോരച്ഛനും കാലത്തിന്റെ
നാൾ വഴിത്താളിൽ നാമമില്ലാത്ത ജഡം മാത്രം.



നഗരപ്രദക്ഷിണ വീഥിയിൽ തകർത്തിട്ട
സമയസ്തൂപത്തിന്റെ ശാപസൂചനാ മൗനം
പിടയും കബന്ധങ്ങളജ്ഞാത ശിരസ്സിലെ
അടയാളക്കണ്ണിൽ ചത്ത പ്രാർത്ഥനാ നിമന്ത്രണം
അവസാനത്തെ നിലവിളിയിൽ ചീന്തിപ്പോയ
ഹൃദങ്ങളിൽ ചീഞ്ഞ മതവും ചെകുത്താനും.

മേലങ്കി ചാർത്തി കണ്ണീർ തേകുന്ന പൗരോഹിത്യം
പീരങ്കി വിളമ്പരം ചെയ്യുന്ന സാമാധാനം
തലയോട്ടികൾ കോർത്ത കോർമ്പലിൽ സിംഹാസന-
പ്പടവേറുവാനുള്ള കടിഞ്ഞാണിളക്കങ്ങൾ!
അയൽ പക്ഷികൾ ചുണ്ടും ചിറകും മുറിഞ്ഞെന്റെ
പടിവാതിലിൽ വീണു പിടയ്ക്കും ത്രിസന്ധ്യകൾ
പുകയും കരിന്തിരിക്കപ്പുറം കരിമ്പൂച്ച
കുതികൊള്ളുവാൻ കാത്തു കിടക്കും നിശബ്ദത....
വിറകൊള്ളുമീ മനസ്സിടറിക്കേഴാൻ പോലു-
മറിയാതോർമ്മത്തെറ്റു പോലെയുച്ചരിക്കുന്നു:

'അഭയം നല്കാൻ മണ്ണിലേതു കാരുണ്യത്തിന്റെ
നറുമെയ്ത്തിരി നാളമണയാതിരിക്കുന്നു'?!

# അംബേദ്കർ

ജി.എസ്. സിദ്ധലിംഗയ്യ
വിവർത്തനം: സച്ചിദാനന്ദൻ

ആകാശവിശാലമായ ആൽമരമേ,
ഭൂമിയുടെ ഉദരത്തിൽ നിന്നുയർന്ന
വേദനയുടെ ആക്രന്ദനമേ,
മേഘങ്ങളെയും കടലുകളെയും കടന്നുകയറിയ
കറുത്തവരുടെ ആദ്യ ശബ്ദമേ,
നീ ഉറങ്ങുന്നവരെ തട്ടിയുണർത്തിയിരുത്തി
പക്ഷേ അവരെ എണീപ്പിച്ചു നിർത്താനാര്?
മറാത്തയുടെ വാനിലുയർന്ന ഇടിമുഴക്കമെ
നിനക്കെന്തുകൊണ്ട് മഴ പെയ്യിക്കാനായില്ല?
എന്തേ ഒരിടിമിന്നലായി നീ മറഞ്ഞുപോയി!
ആത്മാഭിമാനത്തിൻെറ കലപ്പകൊണ്ട് നീ മണ്ണുഴുതു
മറിച്ചു, നീ തൈ നട്ടു
പക്ഷെ വിള കാത്തുസൂക്ഷിക്കാൻ
നീയില്ലാതെപോയി.
താഴെ കിടക്കുന്നവരെ നീ ഉണർത്തിയിരുത്തി
അവരെ എണീപ്പിച്ചു നിർത്താനാര്?
ധീരമായ ഹൃദയത്തിൻെറയും
കരുത്താർന്ന മാംസപേശികളുടെയും
ആവശ്യം അവരെ പഠിപ്പിക്കാനാര്?

# കാമ്പസ് ചിന്തകൾ

ഹരീഷ്. എസ്.



ഗണിതശാസ്ത്രത്തിൽ ബിരുദം നേടാൻ ഇവിടെ വരുമ്പോൾ എൻെറ പരോക്ഷമായ ലക്ഷ്യം എങ്ങനെയെങ്കിലും ബി. എഡിന് പ്രവേശനം ലഭിക്കാൻ ആവശ്യമായ മാർക്കു നേടുക എന്നതായിരുന്നു. അതിനായി പാഠപുസ്തകങ്ങൾ പഠിച്ച് ''വെറുതെ'' കളയുന്നസമയംകൊണ്ട് മുൻവർഷത്തെ ചോദ്യപ്പേപ്പറുകൾ പഠിക്കുക എന്ന മാർഗ്ഗം ഞാൻ സ്വീകരിച്ചു. ആ മാർഗ്ഗം എന്തായാലും 96.2 ശതമാനം വിജയിച്ചു. പക്ഷേ, ചോദ്യപ്പേപ്പർ പഠിക്കുന്നതിനിടയിലും അധ്യാപകരുടേയും അപൂർവ്വം ചില സഹപാഠികളുടേയുംസ്വാധീനം നിമിത്തം ഗണിതശാസ്ത്രത്തിൽ ഒരൽപം താൽപര്യം ഉണ്ടായതു കൊണ്ട്, ബിരുദാനന്തര ബിരുദക്ലാസ്സിൽ പ്രവേശനം നേടുക എന്ന 'ഭയങ്കരമായ സാഹസ'ത്തിന് ഞാൻ മുതിർന്നു.

വെറും മാർക്കിൻെറ പിൻബലത്തോടെ പി. ജി. ക്ലാസ്സിൽ ഇരിക്കുമ്പോഴാണ് ഞാൻ മുമ്പു ചെയ്ത ആ മഹാ പാപം ചോദ്യപ്പേപ്പർ പഠിക്കുക എന്നത്- ഏതു പുണ്യകർമ്മം ചെയ്താലും തീരാത്തതാണെന്ന് മനസ്സിലായത്. അതിനാൽ എനിക്ക് ജൂനിയേഴ്സിനോട് പറയാനുള്ളത്, ദയവായി പഠിക്കേണ്ടത് കാര്യങ്ങൾ മനസ്സിലാക്കി മാത്രം പഠിക്കുക, എന്നതാണ്.

അടുത്തകാര്യം അവതരിപ്പിക്കുന്നതിനു മുമ്പായി ഞാൻ ഒരു മൻകൂർ ജാമ്യം തേടുന്നു. ആചാര്യദേവോ ഭവ: (ആചാര്യൻ ഈ വിവരദോഷിക്ക് മാപ്പുതരുമെന്നു കരുതട്ടെ).

കോളേജുകളിൽ ബിരുദാനന്തര ബിരുദതലത്തിൽ അധ്യാപകർ, അവർ തയ്യാറാക്കിയ നോട്ട് കൊടുക്കാറുണ്ടല്ലോ. ഈ ''സ്പൂൺ ഫീഡിങ്ങ്'' പ്രത്യക്ഷത്തിൽ വളരെ നല്ല കാര്യമായി തോന്നാമെങ്കിലും ഇതിൻെറ ഭവിഷ്യത്തുകളെപ്പറ്റി ആരും ബോധവാൻമാരല്ലെന്നുതോന്നുന്നു. ഈ നോട്ടിനപ്പുറം മറ്റൊരു വിജ്ഞാനത്തിൻെറ ലോകം -റഫറൻസ് ഗ്രന്ഥങ്ങൾ ഉള്ളകാര്യം വിദ്യാർത്ഥി അറിയാനിടവരാത്തതിന് പ്രധാന കാരണം നോട്ടു തന്നെയാണ്. ഒരു ബിരുദാനന്തര വിദ്യാർത്ഥിക്ക് കൂടുതൽ ആഴത്തിലുള്ള അറിവ് ആവശ്യമാണല്ലോ. അതിനുവേണ്ടി വിദ്യാർത്ഥികൾ ശ്രമിക്കാതിരി ക്കാൻ പ്രധാന കാരണം ഈ നോട്ടുകൾ തന്നെ.

കൂടാതെ, നമ്മുടെ സർവ്വകലാശാലകൾക്ക് പരീക്ഷാനടത്തിപ്പിൽ വരുന്ന അപാകതകൾ കാരണം, പരീക്ഷകൾക്കു മുമ്പായി ഒരു മാസത്തിൽ കൂടുതൽ, വിദ്യാർത്ഥികൾക്ക് അവധി കിട്ടാറുണ്ട്. ഇതിനെ സ്റ്റഡിലീവ് എന്നു വ്യാഖ്യാനിച്ച്, ആസമയത്ത് മേൽപ്പറഞ്ഞ നോട്ടുകൾ പഠിച്ച് ഉയർന്ന മാർക്കുകൾ വാങ്ങാം എന്ന ഒരു വിശ്വാസം വിദ്യാർത്ഥികളിലുണ്ട്. ഇങ്ങനെ ഉപരിപ്ലവമായ അറിവുനേടുന്ന വിദ്യാർത്ഥികൾ, ജെ.ആർ.എഫ്. തുടങ്ങിയ നിലവാരമുള്ള പരീക്ഷകൾ എഴുതി വളരെയധികം ദയനീയമായി പരാജയം ഏറ്റുവാങ്ങുന്നു. ഇത് എല്ലാവരുടെയും ശ്രദ്ധയാകർഷിക്കേണ്ട ഒരു വിഷയമാണ്.

ക്ലാസ്സിൽ ആധ്യാപകർ പ്രഭാഷണം നടത്തുകയും വിദ്യാർത്ഥി നോട്ടു കുറിക്കുകയുംചെയ്യുന്ന ഒരു സമ്പ്രദായം ഇവിടുത്തെ വിദ്യാർത്ഥികൾക്ക് (അധ്യാപകർക്കും) ഏറെക്കുറെ അപരിചിതം തന്നെയാണ്. ഇപ്രകാരമുള്ള പഠനത്തിലൂടെ വിദ്യാർത്ഥികൾക്ക് കൂടുതൽ മാർക്കു ലഭിച്ചില്ലെങ്കിലും വിജ്ഞാനമെങ്കിലും ഉണ്ടാകുമെന്നുറപ്പാണ്. കൂടാതെ സംശയനിവൃത്തിക്കായി ലൈബ്രറിയിലെ റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിക്കുക എന്നതും ഇതുമൂലം ഉണ്ടാകുന്നു.

അപ്രിയങ്കരമായ ഒരു സത്യം, ഇക്കാര്യങ്ങളൊക്കെ ഏവർക്കും അറിയാവുന്നതാണെങ്കിലും, പ്രായോഗികമാക്കാനുള്ള ആ ''പെരുന്തച്ചൻെറ മനോഭാവം'' ആണ് എല്ലാത്തിനും തടസ്സം. എന്തുചെയ്യാം, ഉറങ്ങുന്നവരെയല്ലേ വിളിച്ചുണർത്താൻ കഴിയൂ, ഉറക്കം നടിക്കുന്നവരെ വിളിച്ചുണർത്താൻ ആർക്കും കഴിയുകയില്ലല്ലോ.

# കാമ്പസ്

# സമരമുഖം

സി.എസ്സ്.



ഫാറൂഖ് കോളേജിൻെറ ചരിത്രത്തിൽ വളരെ കൂടുതൽ പഠിപ്പുമുടക്കു സമരങ്ങൾ അരങ്ങേറിയ വർഷങ്ങളിലൊന്നായി 92-93 അദ്ധ്യായനവർഷം ശ്രദ്ധേയമാകുന്നു. ഈ കോളേജുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പ്രശ്നങ്ങളെച്ചൊല്ലി നിരവധിസമരങ്ങളാണ് ഇവിടെ നടന്നത്. വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ഏതു പ്രശ്നങ്ങൾക്കും പഠിപ്പു മുടക്കിക്കൊണ്ടു മാത്രമേ പരിഹാരം കാണാനാവൂ എന്നത് വിദ്യാർത്ഥി സംഘടനകളുടെ തത്വശാസ്ത്രമായി മാറിക്കഴിഞ്ഞപോലെ. മിക്ക സമരങ്ങളും അന്ധമായ രാഷ്ട്രീയ കൂട്ടായ്മ യോടുള്ള വിടർത്താനാവാത്ത ബന്ധത്തിൻെറ പരിണിത ഫലങ്ങളാണ്. വഴി വിട്ട വിദ്യാർത്ഥി രാഷ്ട്രീയത്തിൻെറ മുഖമുദ്രയായി മാറിക്കഴിഞ്ഞ പഠിപ്പുമുടക്ക് സമരങ്ങൾ തികഞ്ഞ നിയമനിഷേധമാണ്, അവകാശ ലംഘനമാണ്. ഈ സമരകോലാഹലങ്ങൾക്കിടയിൽ വിസ്മരിക്കപ്പെടുന്നതോ, വിലയിരുത്താതെ വിട്ടുകളയുന്നതോ ആയ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

ഇവിടെ നടന്ന സമരങ്ങളിലധികവും ഇവിടത്തെ വിദ്യാർത്ഥികളെ ഒരു തരത്തിലും ബാധിക്കാത്ത കാരണങ്ങളെച്ചൊല്ലിയുണ്ടായതാണ്. ഒരു വിദ്യാർത്ഥി സംഘടനയുടെ പ്രതിനിധി തിരുവനന്തപുരത്തോ, കണ്ണൂരോ ചെറുതായൊന്ന് മർദ്ദിക്കപ്പെട്ടാൽ നമ്മുടെ പ്രതിഷേധം ജ്വലിക്കുകയായി. കോണിപ്പടികളിൽ നിരന്നിരുന്ന് മുദ്രാവാക്യം വിളിച്ച് ക്ലാസ്സുകൾ മുടക്കി, കാമ്പസിൻെറ ജീവനറുത്താലേ, ആ ജ്വാലയണയുകയുള്ളൂ. മർദ്ദനത്തെയും പീഢനത്തെയും, മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന ആർക്കും ന്യായീകരിക്കാനാവില്ല. അതിനിരയായവർ കൊടികളുടെ നിറഭേദങ്ങൾക്കതീതമായി നമ്മുടെ സഹോദരനാണ്. അവൻെറ വേദന നമ്മുടെയും വേദനയാണ്. അവനുവേണ്ടി ശബ്ദമുയർത്തേണ്ടത് നമ്മുടെ കടമയാണ്. പക്ഷെ, നമുക്കുകിട്ടിയ വിലപ്പെട്ട പഠന ദിനങ്ങളെ കൊന്നിട്ടുവേണോ അവൻെറ വേദനയോടു ചേർന്നു നില്ക്കുവാൻ? നമ്മുടെ സഹോദരനെ മർദ്ദിച്ചവൻ ക്രൂരനാണ്, ശിക്ഷിക്കപ്പെടേണ്ടവനാണ്. അതിൻെറ പേരിൽ ലക്ഷണക്കിന് വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവകാശം നിഷേധിക്കുന്ന നമ്മളും തെറ്റുകാരല്ലേ? മനുഷ്യനെ കൊല്ലുന്നതു മാത്രമല്ല, മനുഷ്യാവകാശങ്ങളെ കൊല്ലുന്നതും ഹിംസ തന്നെയാണ്. നമ്മുടെ അങ്ങു ദൂരെയുള്ള ഒരു സഹോദരൻ അനുഭവിച്ച ചെറിയ വേദന ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ അവകാശത്തെക്കാളും സ്വപ്നത്തെക്കാളും സമയത്തെക്കാളും വലുതാണോ? അവരെ പഠിപ്പിക്കാൻ ഗവൺമെൻറും രക്ഷിതാക്കളും ചില വഴിക്കുന്ന ഭീമമായ സംഖ്യയെക്കാൾ വിലപ്പെട്ടതാണോ? നമ്മുടെ രാജ്യത്ത് ഓരോ ദിവസവും എത്രയധികം പേരാണ് ആക്രമിക്കപ്പെടുന്നത്. എത്രയേറെ സ്ത്രീകൾ മാനഭംഗം ചെയ്യപ്പെടുന്നു, എത്രയധികം കുടിലുകൾ അഗ്നിക്കിരയാകുന്നു, എണ്ണപ്പെടാത്ത ജീവിതങ്ങൾ കരിഞ്ഞുപോകുന്നു? അവർ നേരിടുന്ന പ്രശ്നങ്ങളെ തീർത്തും വിസ്മരിച്ചുകൊണ്ട് പാർട്ടിക്കാരനു വേണ്ടിമാത്രം പ്രതിഷേധിക്കുന്ന നമ്മൾ ഇരുകൂട്ടരുടെയും ജീവിതത്തിന് രണ്ടു വിലയാണെന്ന് വിളിച്ചു പറയുകയല്ലേ? അത് രാഷ്ട്രീയ ഫണ്ടമെൻറ

ലിസത്തിൻെറ വൃത്തികെട്ട പ്രകടനമല്ലേ?

നഷ്ടപ്പെട്ട പഠനദിനങ്ങളെചൊല്ലി നാമൊട്ടും വേവലാതിപ്പെടുന്നില്ല എന്നതാണ് മറ്റൊരു യാഥാർത്ഥ്യം. ഭൂരിപക്ഷത്തിൻെറയും ഇഷ്ടാനിഷ്ടങ്ങൾക്കെതിരായാണ് ഓരോ സമരദിനങ്ങളും പിറന്നുവീഴുന്നത്. എന്നിട്ടും നമ്മൾക്ക് പ്രതിഷേധമില്ല. മാത്രമല്ല ആ ദിനങ്ങൾ ആസ്വദിക്കുന്ന നിലയിലേക്ക് നമ്മളെത്തിക്കഴിഞ്ഞിരിക്കുകയാണ്. കൊലപ്പെടുത്തിയതിലും മർദ്ദിച്ചതിലും പ്രതിഷേധിച്ച് സമരം നടത്തി ക്ലാസ്സുകൾ വിട്ടാൽ കൂൾബാറുകളിലും സിനിമാശാലകളിലേക്കുമല്ലേ നമ്മളധികം പേരും പോകുന്നത്? മരത്തണലിലും മതിൽപ്പുറങ്ങളുമല്ലേ നമുക്ക് പ്രിയം? മുദ്രാവാക്യങ്ങൾ കേൾക്കുമ്പോൾ "ഹാവൂ രക്ഷപ്പെട്ടു" എന്നു പറയുന്ന രീതിയിലേക്ക് വിദ്യാർത്ഥികൾ മാറിക്കഴിഞ്ഞു. അടിമത്വം ആസ്വദിക്കുന്ന അടിമയെപ്പോലെ. അതിൽക്കവിഞ്ഞ്, നമ്മുടെ സഹോദരന് നേരിട്ട ദുരന്തത്തെ കുറിച്ച് യാഥാർത്ഥ്യ ബോധത്തോടെ നാം വിലയിരുത്തുകയും ചർച്ച നടത്തുകയും ചെയ്യാറുണ്ടോ? അവൻെറ കുടുംബാന്തരീക്ഷത്തെക്കുറിച്ചറിയാറുണ്ടോ? അവിടയ്ക്ക് സ്നേഹവും സഹായവുമായെത്താറുണ്ടോ?

നമ്മുടെ വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായ വീക്ഷണമാണ് വിദ്യാഭ്യാസത്തോടുള്ളത്. ഒരു സാമൂഹ്യ അനിവാര്യതയായതുകൊണ്ട് വിദ്യനേടാൻ വന്നവരുണ്ട്. സ്വന്തം കുടുംബത്തിൻെറ വർത്തമാനകാല പദവിയും സമ്പത്തും നിലനിർത്തുകയാണ് മറ്റുചിലരുടെ ലക്ഷ്യം. ചിലർക്കാകട്ടെ ഒരു ഡിഗ്രി കിട്ടിയാൽ മതി. അച്ഛനും അമ്മയും നിർബന്ധിച്ചതുകൊണ്ട് അവരുടെ ഇഷ്ടപ്രകാരമുള്ള കോഴ്സും ഗ്രൂപ്പും പഠിക്കാൻ നിർബന്ധിക്കപ്പെട്ട വിദ്യാർത്ഥികളും കുറവല്ല. അതിനിടയിലും ആത്മാഭി പ്രേരണ ഒന്നുകൊണ്ടു മാത്രം ഭൗതിക പ്രയാസങ്ങളെയും ജീവിത വേദനകളെയും വിസ്മരിച്ചുകൊണ്ട് അറിവു നേടാൻ വന്നവരുമുണ്ട്. അവൻെറ ഇന്നലെകൾ പീഢനത്തിൻെറയും പരാജയത്തിൻെറതുമാണ്. പട്ടിണിയുടെയും നിസ്സഹായതയുടെയും ദയനീയതയുടെയും ഭേദകമായ വർത്തമാനകാലമാണവൻെറത്. ജീവിതത്തിൻെറ തീവ്രയാഥാർത്ഥ്യങ്ങളോടു പൊരുതുവാൻ ആശങ്കകളും അഭിലാഷങ്ങളും പൂർത്തീകരിക്കുവാൻ പഠിക്കുകയല്ലാതെ മറ്റൊരു നിവൃത്തിയുമവനില്ല. അതാണവൻെറ വിമോചനത്തിൻെറ താക്കോൽ. അതു നേടുവാനുള്ള അവൻെറ പ്രയാണമാകട്ടെ, അനിശ്ചിതത്വത്തിൻെറ വഴികളിലൂടെയാണ് നീങ്ങുന്നതും.

അന്നന്ന് അദ്ധ്വനിക്കുന്നതുകൊണ്ട് കുടുംബം പുലർത്തുന്ന മാതാപിതാക്കളുടെ മുണ്ടിനറ്റത്തോ, മുറുക്കാൻ സഞ്ചിയിലോ ബസ്സ് കയറുവാനുള്ള ചില്ലറയുണ്ടെങ്കിൽ, അവനു ലക്ഷ്യത്തിലെത്താനുള്ള വാഹനം കിട്ടി, കൃത്യ സമയത്തു ക്ലാസിലെത്തി എങ്കിൽ മാത്രം ആർജ്ജിക്കാൻ കഴിയുന്ന വിദ്യയുടെ വെളിച്ചമാണ് വിമോചനത്തിനുള്ള അവൻെറ ഏക ആയുധം. അതുകൂടി, ക്രൂരമാംവണ്ണം നിഷേധിക്കുകയല്ലേ എണ്ണമില്ലാത്ത പണിമുടക്കു സമരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നമ്മൾ ചെയ്യുന്നത്?

അന്നന്ന് അദ്ധ്വാനിക്കുന്നതുകൊണ്ട് കുടുംബം പുലർത്തുന്ന മാതാപിതാക്കളുടെ മുണ്ടിനറ്റത്തോ, മുറുക്കാൻ സഞ്ചിയിലോ ബസ്സ് കയറുവാനുള്ള ചില്ലറയുണ്ടെങ്കിൽ, അവനു ലക്ഷ്യത്തിലെത്താനുള്ള വാഹനം കിട്ടി, കൃത്യസമയത്തു ക്ലാസിലെത്തി എങ്കിൽ മാത്രം ആർജ്ജിക്കാൻ കഴിയുന്ന വിദ്യയുടെ വെളിച്ചമാണ് വിമോചനത്തിനുള്ള അവൻെറ ഏക ആയുധം. അതുകൂടി, ക്രൂരമാംവണ്ണം നിഷേധിക്കുകയല്ലേ എണ്ണമില്ലാത്ത പണിമുടക്കുസമരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നമ്മൾ ചെയ്യുന്നത്?

അറിവുനേടാൻ ശക്തമായ അഭിപ്രേരണയുള്ളവർ അത് പൂർത്തീകരിക്കുവാൻ സാഹചര്യമില്ലാതെ കഷ്ടപ്പെടുമ്പോൾ അഭിപ്രേരണയില്ലാത്തവൻ പഠിക്കാൻവേണ്ടി ധൂർത്തടിക്കുന്നത് ഒരു രാഷ്ട്രത്തിൻെറ തിരുത്താനാവാത്ത പാപമാണ് എന്ന് സുകുമാർ അഴീക്കോട് തൻെറ പ്രഭാഷണത്തിൽ പറയുകയുണ്ടായി. അവനെ നമ്മൾ സഹായിക്കുന്നില്ല എന്നതു തന്നെ തെറ്റാണ്. അപ്പോൾ, അവന് ക്ലാസ്സിലെത്തുവാനുള്ള കോണിപ്പടികളിൽ നിരന്നിരുന്ന് വഴിമുടക്കുന്ന പ്രവണതയെ എന്തു പേരുചൊല്ലിയാണ് വിശേഷിപ്പിക്കേണ്ടത്? പലർക്കും ഇന്നലെ മതത്തിൻെറ പേരിലാണ് അറിവ് നിഷേധിക്കപ്പെട്ടത്. ഇന്ന് രാഷ്ട്രീയത്തിൻെറ പേരിലും. പ്രസ്ഥാനത്തിനാണ് മാറ്റം വന്നത്, പ്രത്യയശാസ്ത്രം അന്നും ഇന്നും ഒന്നു തന്നെ, "ശൂദ്രമക്ഷര സംയുക്തം ദൂരതഃപരിവർജ്ജയേൽ"?

വിദ്യാഭ്യാസരംഗത്ത് ഇനിയും നമ്മൾ പ്രതീക്ഷകൾക്കൊത്ത് വളർന്നിട്ടില്ല. ബഹുഭൂരിപക്ഷവും ഇന്നും ഇന്ത്യയിൽ നിരക്ഷരരായി അവശേഷിക്കുകയാണ്. ഇരുപതാം നൂറ്റാണ്ടിലേക്ക് നാം നീങ്ങുന്നത് ലോകത്തിലെ ഏറ്റവും വലിയ നിരക്ഷര സമൂഹത്തെയും കൊണ്ടാണ്. ജനകോടികൾക്ക് സ്മൃതികളുടെയും ശ്രുതികളുടെയും പേരിൽ നൂറ്റാണ്ടുകളോളം വിദ്യയഭ്യസിക്കാൻ അവകാശം നിഷേധിക്കപ്പെട്ട ചരിത്രവുമായി ഇന്നത്തെ ഈ ദയനീയ ചിത്രത്തിന് അഭേദ്യമായ ബന്ധമുണ്ട്.

ഇന്ന് വിദ്യാഭ്യാസം സാർവ്വത്രികമായിരിക്കുന്നു. പക്ഷെ തങ്ങളുടെ വേദനാജനകമായജീവിത സാഹചര്യങ്ങൾക്കിടയിൽ ദരിദ്രൻെറ മക്കൾക്ക് വിദ്യ നേടാൻ കഴിയുന്നതെങ്ങനെ? അവൻെറ നീറുന്ന യാഥാർത്ഥ്യം വിശപ്പാണ്. അപ്പമാണവൻെറ സ്വപ്നം. രാജ്യത്തെ തീപ്പെട്ടിക്കമ്പനികളിലും വൻകിട ഫാക്ടറികളിലും ഹോട്ടലുകളുടെ അടുക്കളയിലും അവൻെറ ബാല്യം എരിഞ്ഞു തീരുകയാണ്. അവരിൽ നിന്ന് വ്യത്യസ്തമായി ഉന്നത വിദ്യാഭ്യാസം ലഭിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ് നമ്മൾ. അവർക്കു വേണ്ടിയൊക്കെ ചിന്തിക്കുകയും എഴുതുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ കൂടി കടമയാണ്. നമ്മളവർക്കായി ശബ്ദമുയർത്താറുണ്ടോ? പകരം

കൈവന്ന അവസരങ്ങളെ അറിഞ്ഞു വീഴ്ത്തുകയല്ലേ നാം ചെയ്യുന്നത്?

പഠിപ്പുമുടക്ക് സമരങ്ങളിൽ പങ്കെടുത്ത് മുദ്രാവാക്യം വിളിക്കുന്ന നേതാക്കാളും ഏറ്റുവിളിക്കുന്ന അനുയായികളും സമ്പത്തിൻെറയും സാമൂഹ്യ പദവിയുടെയും ബുദ്ധിയുടെയും മേഖലകളിൽ തികച്ചും വിഭിന്നരാണെന്നു കാണാം. അവരെ ഒരേ രീതിയിലല്ല സമരങ്ങൾ ബാധിക്കുന്നത്. ഒരാഴ്ചത്തെ പാഠങ്ങൾ ഒരു ദിവസം കൊണ്ട് പഠിച്ചുതീർക്കാവുന്നവരും ഒരു മാസം പഠിച്ചാൽ സാധിക്കാത്താവരും അവർക്കിടയിലുണ്ട്. പരിതസ്ഥിതിയും പൈതൃകവും അനുകൂലമായിട്ടുള്ളവൻെറ സ്വപ്നങ്ങളും സങ്കല്പങ്ങളും സമര മുദ്രാവാക്യത്തിൻെറ അലകളിൽപെട്ട് ചിതറുമായിരിക്കില്ല. പക്ഷെ ഇനിയും സ്വപ്നങ്ങൾപോലും നെയ്തിട്ടില്ലാത്തവൻെറ ജീവിതമാണ് വഴിതെറ്റുന്നത്, അവനാണ് തോല്ക്കുന്നത്, അവനാണ് നഷ്ടപ്പെടുന്നത്, അവനാണ് നശിക്കുന്നത്.

കലാലയങ്ങളിൽ രാഷ്ട്രീയം വേണോ, വേണ്ടയോ എന്നത് ഇന്നും വിവാദ വിഷയമാണ്. സമരങ്ങൾ കലാലയ രാഷ്ട്രീയത്തിൻെറ ഉപോല്പന്നമാണ്. അത് വിവിധതരം പ്രശ്നങ്ങളാണ് സമൂഹത്തിൽ തീർക്കുന്നത്. ഉദാഹരണമായി വിളനിലം പ്രശ്നത്തെച്ചൊല്ലിയുള്ള സമരത്തിൻെറ ഫലമായി കഴിഞ്ഞ ജനുവരിയായപ്പോൾ തന്നെ 60 ലക്ഷം രൂപ KSRTC ക്ക് നഷ്ടം വന്നു എന്നാണ് കണക്ക്. വിദ്യാർത്ഥികൾക്ക് നേടാൻ അവകാശങ്ങളുണ്ടെന്നും നേരിടാൻ പ്രശ്നങ്ങളുണ്ടെന്നും മറക്കുന്നില്ല. അതിനുള്ള ഒരേയൊരു മാർഗ്ഗം പഠിപ്പ് മുടക്ക് സമരങ്ങളാണോ എന്ന് നാം പുനഃ പരിശോധിക്കേണ്ടിയിരിക്കുന്നു. ഒപ്പം, ഏത് പ്രശ്നങ്ങൾക്കും മുദ്രാവാക്യം വിളി കേട്ടാലെ ശ്രദ്ധിക്കൂ എന്ന അധികാരികളുടെ നിലപാടും തിരുത്താൻ തയ്യാറാവണം. നമ്മുടെ രാഷ്ട്രീയനേതാക്കാളും ബുദ്ധിജീവികളും വിദ്യാർത്ഥിനേതാക്കളും ഇക്കാര്യത്തെക്കുറിച്ച് ഒരു വിചിന്തനം നടത്തിയേ മതിയാകൂ.

"വിദ്യാർത്ഥികളായ നിങ്ങളുടെ ഒന്നാമത്തെ കടമ പഠിക്കുകയെന്നതാണ്. രണ്ടാമത്തെ കടമയും പഠിക്കുക തന്നെ. മൂന്നാമത്തെ കടമയാകട്ടെ പഠിക്കുകയല്ലാതെ മറ്റൊന്നുമല്ല"

– ലെനിൻ

"വിദ്യാഭ്യാസം വിവേചനത്തിൻെറ താക്കോലാണ്–"

– ഡോ: അംബേദ്കർ

മനുഷ്യനിലുള്ള ഏറ്റവും നല്ലതിനെ എല്ലാ അർത്ഥത്തിലും വളർത്തിയെടുക്കുന്നതാണ് വിദ്യാഭ്യാസം

– ഗാന്ധിജി

പഠിപ്പ് നടക്കണം. പഠിപ്പ് മുടക്കിനെ ചെറുക്കണം. പഠനത്തിന് മുടക്കവും തടസ്സവും നേരിടുന്നുവെങ്കിൽ അവ തട്ടി നീക്കി പഠനം നിർബാധം നടത്തി കൊണ്ടുപോകാനാണ് വിദ്യാർത്ഥികൾ ശ്രമിക്കേണ്ടത്.

സി.എച്ച്

# ചങ്ങലക്കുമുണ്ട് കഥപറയാൻ



പുതുപ്പാടി അടിവാരത്തുനിന്ന് വയനാട്ടിലേക്ക് ഒരെളുപ്പവഴി കണ്ടെത്തുന്ന കാര്യത്തിൽബ്രിട്ടീഷ് വിദഗ്ദൻമാർ പരാജയപ്പെട്ടപ്പോൾ, താനെന്നും നടന്നുകയറാറുള്ള വഴികാണിച്ചുകൊടുത്തുകൊണ്ട് അവരെ സഹായിച്ചത് പണിയൻ കരിംതണ്ടനാണ്. ആ ബഹുമതി അവനിൽനിന്നും തട്ടിയെടുക്കാൻ, സായിപ്പവനെ വെടിവെച്ചു വീഴ്ത്തി, ഒപ്പം കണ്ടുപിടുത്തത്തിനുള്ള അവാർഡ് കൈപറ്റുകയും ചെയ്തു. രോഷം കൊണ്ട പണിയർ കാടുകളിൽ ഒളിഞ്ഞിരുന്ന് ആ വഴിക്ക് പോകുന്ന വെള്ളക്കാരുടെ വാഹനങ്ങൾ തകർത്തു. കരിംതണ്ടൻെറ പ്രേതം പ്രതികാരം ചെയ്യുകയാണിതെന്ന ശ്രുതി പരന്നു. മന്ത്രവാദിയെവരുത്തി, പ്രേതത്തെ മരത്തിൽ ബന്ധിച്ച് രക്ഷനേടുകയും ചെയ്തു. അതാണ് ചങ്ങലയുടെകഥ. അന്ന് പണിയൻെറ പ്രേതത്തെ ബന്ധിക്കാനുപയോഗിച്ച ചങ്ങല ഇന്ന് രണ്ടരലക്ഷത്തിൽപരം വരുന്ന ആദിവാസികളുടെ കാലുകളിലേക്കു കൂടിപടർന്നിറങ്ങിയിട്ടില്ലേ ?

# ചാതുർവ്വർണ്യം മായാസിദ്ധം

കെ.പി. വിജയൻ

ചാതുർവ്വർണ്യം മായാസിദ്ധം" എന്ന് ഭഗവാൻ വിധിച്ചു 'വത്രെ. മാത്രമല്ല, തലമുറകളുടെ അറിവിനായി അതു ഭഗവത്ഗീതയിൽ രേഖപ്പെടുത്തിവെയ്ക്കുകും ചെയ്തു. ഭഗവാൻെറമുമ്പെയോ, പിമ്പെയോ എന്നറിയില്ല. സർവ്വജ്ഞ നായ മനുപ്രജാപതി വന്നു. അദ്ദേഹംപറയുന്നത് ബ്രഹ്മാവ് തൻെറ മുഖത്തു നിന്നു ബ്രാഹ്മണനേയും, മാറിടത്തിൽ നിന്ന് ക്ഷത്രിയനേയും ബഹുക്കളിൽനിന്ന് വൈശ്യനേയും പാദങ്ങളിൽനിന്ന് ശൂദ്രനേയും സൃഷ്ടിച്ചു എന്നാണ്. ഈ നാലിനും പുറം വർണ്ണങ്ങളില്ല. അവശേഷിക്കുന്ന മനുഷ്യർ കിരാതരും മ്ലേച്ഛരും മാത്രം എന്നാണ് മനുപ്രജാപതി പറയുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ മുൻവിധികൾ തുടങ്ങുന്നത് ദൈവത്തിൽനിന്നാണ്.

ദൈവത്തിൻെറ പിമ്പേവന്ന പല യോഗ്യരും വേറെയും പല ജാതികളെ പലതട്ടുകളായി സൃഷ്ടിച്ചു. ഇന്നിപ്പോൾ 3800 ജാതികളെങ്കിലും ഹൈന്ദവരിലുണ്ട്. കണക്കിൽ നൂറോ ഇരുനൂറോ കൂടാമെന്നല്ലാതെ കുറയാൻ സാധ്യതയില്ല. ഈ ആയിരങ്ങളെനാം സൗകര്യത്തിന് മൂന്നായി തിരിക്കുന്നു. മുന്നോക്കക്കാർ അഥവാ സവർണ്ണർ, പിന്നോക്കക്കാർ അഥവാ അവർണ്ണർ, പട്ടിക ജാതി- വർഗ്ഗക്കാർ അഥവാ അധഃകൃതർ എന്നിങ്ങനെ.

മറ്റു മതക്കാരുടെ ദൈവങ്ങളൊന്നും ഇങ്ങനെ ജാതികളെ സൃഷ്ടിച്ചതായി അറിവില്ല. അവർക്കിടയിൽ അധമരും യോഗ്യരുമില്ല. ഷിയാക്കൾ, സുന്നികൾ, കത്തോലിക്കർ, പ്രട്ടസ്റ്റൻറ്കാർ തുടങ്ങിയ ഉൾപ്പിരിവുകളേയുള്ളൂ. ഒരു കൂട്ടർ തങ്ങളുടെ മേലെയാണെന്ന് അംഗീകരിക്കുവാൻ ആർക്കും ബാധ്യതയില്ല. അവർ തമ്മിൽ തീണ്ടിക്കൂടായ്മയോ തൊട്ടുകൂടായ്മയോ ഇല്ല. ജാതിപരമായ ഉച്ചനീചത്വം ഹിന്ദുവിൻെറ സ്വന്തമാണ്.

അതുകൊണ്ട് വളരെ സരളമായ ഒരു ചോദ്യം; നാമിതെന്തിന് അംഗീകരിക്കണം? പരമയോഗ്യരാണെന്നു പറയുന്ന ഒന്നാം ജാതിക്കാർക്ക് ആവാം. രണ്ടാമൻ മുതൽ മൂവായിരത്തി എണ്ണൂറാമൻ വരെയുള്ളവർ മുകളി

ലുള്ളവർക്കു മുമ്പിൽ തലകുനിച്ചുനിൽക്കേണ്ടതുണ്ടോ? അതിൻെറതായ അവമതികളും ക്രൂരതകളും സഹിക്കേണ്ട തുണ്ടോ?

ജാതിവ്യത്യാസം ഒരു താത്വിക പ്രശ്നംമാത്രമല്ല, കോടാനു കോടി ജനങ്ങൾക്ക് ദൈനംദിന ജീവിതപ്രശ്നമാണ്. പ്രത്യേ കിച്ച് അടിത്തട്ടിൽ ഉള്ളവർക്ക്. **1993** ജൂലായ് മാസത്തിൽ ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ ജനീവയിൽ ഒരു മനുഷ്യാവകാശ സമ്മേളനം നടക്കുകയുണ്ടായി. അതിൽ മദിരാശിയിലെ ദലിത് പ്രസ്ഥാനത്തിൻെറ പി. പോൾ എന്ന പ്രതിനിധി പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു- ''ഓരോ മണിക്കൂറിലും രണ്ടു ദലിതുകൾ വീതം (ഇന്ത്യയിൽ) ആക്രമി ക്കപ്പെടുന്നു, മൂന്നു ദലിത് സ്ത്രീകൾ വീതം ബലാത്സംഗം ചെയ്യപ്പെടുന്നു, രണ്ടു ദലിത് വീടുകൾ വീതം തീവെയ്ക്ക പ്പെടുന്നു. ഇത് ഇന്ത്യാ ഗവൺമെൻറിൻെറ രേഖകളിലെ കണക്കാണ്''. യഥാർത്ഥ സംഖ്യ ഇതിലും കൂടുതലായിരി ക്കും എന്ന് സ്പഷ്ടം.

ഈ അക്രമങ്ങളുടെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നത്, നമ്മുടെ ശ്രീരാമപരിവേഷം ജ്വലിക്കുന്ന ഉത്തർപ്രദേശി ലാണ്. അയോദ്ധ്യയാൽ പവിത്രീകരിക്കപ്പെട്ട സ്റ്റേറ്റിൽ. ഉത്തർ പ്രദേശിൽ **1991**-ൽ **546** സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെട്ട തായി നേഷണൽ ക്രൈംസ് റിക്കാർഡ് ബ്യൂറോ പറയുന്നു. മധ്യപ്രദേശിൽ എണ്ണം **232** ആണ്.

രസകരമായ മറ്റൊരു കാര്യം, ഹൈന്ദവതത്തിൽ നിന്നകന്ന് കിടക്കുന്ന ആൻറമാൻ, ദാദർ, നഗർഹവേലി, ലക്ഷദ്വീപ്, വടക്കുകിഴക്കൻ അതിർത്തി പ്രദേശം എന്നിവിട ങ്ങളിൽ അക്രമങ്ങൾ കുറവാണ് എന്നതത്രെ. ഒടുക്കം പറഞ്ഞ വടക്കുകിഴക്കുള്ള മണിപ്പൂർ, ത്രിപുര, ആസാം, നാഗാലാൻറ് തുടങ്ങിയ പ്രദേശങ്ങളിൽ നമ്മുടെ രക്ഷാഭടൻമാർ അടുത്ത കാലത്തായി ആ കാര്യം പുരോഗമിപ്പിച്ച് വരുന്നുണ്ട്.

ഇത്തരം പാതകളിലേക്കുള്ള കളവും വളവും നൽകുന്ന ജാതിവ്യത്യാസം അവസാനിപ്പിക്കാൻ പുരോഗമനം അവകാ ശപ്പെടുന്ന സംഘടനകൾക്കു പോലും ഒരു താല്പര്യവും കാണാത്തത് എത്രമേൽ വിചിത്രമാണ്! ഇന്ന് ഈ നാടിൻെറ ഏറ്റവും വലിയപ്രശ്നം രാഷ്ട്രീയത്തിൽ മതം കടന്നുകൂടിയ താണെന്ന് എല്ലാവരും പറയുന്നു. അത് അവസാനിപ്പിക്കുന്ന തിന് തീവ്രമായി ശ്രമിക്കുന്നതായി അഭിമാനിക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തിൽ മറ്റാരേക്കാളും ആപൽക്കരമല്ലേ, ഉച്ചനീചത്വമുള്ള ജാതി? ഇടതുപക്ഷകക്ഷികൾ പോലും സ്ഥാനാർത്ഥികളെ തീരുമാനിക്കുന്നത് അതതു നിയോജക മണ്ഡലത്തിലെ ജാതിയുടെ മുൻതൂക്കം നോക്കിയല്ലേ? അതും ദലിതരെ അവഗണിച്ചുകൊണ്ട്. ഉത്തർപ്രദേശിൽ വി.പി. സിംഗിൻെറ ജനതാദളിനെയും മുലയാംസിംഗ്



യാദവിൻെറ സമാജ്‌വാദി പാർട്ടിയെയും ഇണക്കാൻ ഇടതു പക്ഷം ശ്രമം തുടങ്ങിയിട്ട് നാളേറെയായി. യാദവ് അധസ്ഥി തരുടെ സംഘടനയായ ബി.എസ്.പിയുടെ നേതാവായ കാൻഷിറാമുമായി കൂട്ടു കെട്ടിലാണ്. ബി.എസ്.പി യെയും അതിൻെറ നേതാവിനെയും സഖ്യത്തിൽ കൊണ്ടുവരാൻ ഇടതുപക്ഷ കൂടിയാലോചനക്കാർ താല്പര്യം പ്രകടിപ്പിക്കുന്നി ല്ലെന്നും ഈയ്യിടെ ഒരു പത്രവാർത്ത കണ്ടു. അത് എന്നെ വിസ്മയിപ്പിച്ചില്ല. അസംസ്കൃതവർഗ്ഗ നേതാവായ അംബേദ് ക്കർ ജീവിച്ചിരുന്ന കാലം മുഴുവൻ ഇടതുപക്ഷം അദ്ദേഹത്തി നെതിരായിരുന്നു. അംബേദ്ക്കറുടെ രണ്ടാം തലമുറയാണ ല്ലോ കാൻഷിറാം.

പത്തൊമ്പത് കൊല്ലം മുമ്പ് സഹോദരൻ അയ്യപ്പനും അനുയായികളും പാടിനടന്നതും കേരളത്തിൻെറ സാമൂഹ്യ പുരോഗതിക്ക് വളരെക്കുറെ സഹായിച്ചതുമായ ഒരു ഗാന ശകലം ഓർമ്മ വരുന്നു.

''ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്'' ഇന്ത്യയിലെ മുഴുവൻ അധസ്ഥിതരും നിർഭയം ഈ വരികൾ പാടിനടക്കുന്ന കാലത്തേ, ഈ നാടിന് മോചനമുള്ളൂ. ●

# കമ്പ്യൂട്ടർ പഠനത്തെക്കുറിച്ചൽപം

ഇംതിയാസ് .പി.കെ

**ക**മ്പ്യൂട്ടർ യുഗമായി മാറിയ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ കൂൺ കണക്കെ ഉയരുകയാണ്. Personal Computer (P.C) ന്റെ വിലയിടിവും Soft Ware കളുടെ സുലഭ്യതയും ഇതിന് വഴിയൊരുക്കി. തൊഴിലില്ലായ്മ എന്ന മാറാരോഗം പിടികൂടിയ നമ്മുടെ യുവാക്കൾ കമ്പ്യൂട്ടർ സ്ഥാപനങ്ങളിൽ അഭയം തേടി പുറത്തിറങ്ങിയപ്പോൾ അവർ അന്ത്യാഭയം കണ്ടെത്തിയതും ഇത്തരം കൊച്ചു സ്ഥാപനങ്ങൾക്ക് ജന്മം നൽകുന്നതിലൂടെയായിരുന്നു. തിക്തഫലമോ, കമ്പ്യൂട്ടർ വിദ്യാഭ്യാസം ഒരു ചൂഷണമായി മാറുകയായിരുന്നു.

കമ്പ്യൂട്ടർ പഠന മേഖലയിലെ ചൂഷണത്തിന്റെ പ്രഥമ കാരണം ഉപഭോക്താക്കൾക്ക് ഈ മേഖലയിലുള്ള അവ്യക്തതയും അറിവില്ലായ്മയുമാണ്. ഈ അവ്യക്തത ദൂരീകരിക്കുന്നതിനും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തെക്കുറിച്ച് അടിസ്ഥാനപരമായ ചിലത് നൽകുവാനുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

കമ്പ്യൂട്ടർ പഠനത്തെ പ്രധാനമായും രണ്ടു വിഭാഗങ്ങളാക്കാം. ഒന്ന് HARDWARE പഠനം രണ്ട് SOFTWARE പഠനം. HARDWARE പഠനം എന്നാൽ കംപ്യൂട്ടറിന്റെ PHYSICAL COMPONENTS നെക്കുറിച്ചുള്ള പഠനമാണ്. ഉദാഹരണത്തിന് ഒരു കാറിന്റെ നിർമ്മാണത്തെക്കുറിച്ചോ, റിപ്പയറിങ്ങിനെക്കുറിച്ചോ ഉള്ള പഠനത്തെ അതിന്റെ HARDWARE പഠനം എന്നും അത് ഓടിക്കുവാൻ പഠിക്കുന്നതിനെ (DRIVING പഠനം) അതിന്റെ SOFTWARE പഠനമെന്നും പറയാം. 95% കമ്പ്യൂട്ടർ സ്ഥാപനങ്ങളും SOFTWARE പഠനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## COMPUTER STUDY

### SOFTWARE

DEFINITION :The set of computer programs, procedures and associated documentation related to the efficient operation of a compuer system

### HARDWARE

DEFINITION : The physical components of a computer system such as electronic, electrical and mechanical devices.

**OPERATING SYSTEM**
Eg; MS-DOS,UNIX. HICKCS, WINDOWS-NT etc,.

**COMPUTER LANGUAGES**
EG; BASIC, COBOL, PASCAL, PL/I, ALGOL,C, etc.

**APPLICATION PACKAGES**
EG; WORD STAR, LOTUS 123, DAC easy d Base III Plus,etc

മുകളിലുള്ള ചാർട്ടിൽ Software നെ വീണ്ടും മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇവ ഒന്ന് ചുരുക്കി വിവരിക്കാം.

## OPERATING SYSTEM (OS):

(An Integrated set of programs that is used to manage the various resources and overall operation of a Computer System). ഒരു കമ്പ്യൂട്ടറിൻെറ മൊത്തം പ്രവർത്തനത്തെ നിയന്ത്രിക്കാനും ഏകീകരിപ്പിക്കുവാനും ഉപയോഗിക്കുന്ന Software ആണ് Operating System. കമ്പ്യൂട്ടറിൻെറ Hardware നെ കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന Application Package മായോ, Language മായോ, ഒരു ലിങ്ക് സൃഷ്ടിക്കലാണ് OS ൻെറ ജോലി. ഏറ്റവും അധികം പ്രചാരത്തി ലുള്ള OS ആണ് MS-DOS (Micro Soft-Disk Operating System) ഇന്ന് നല്ല പ്രചാരം ലഭിച്ചു കൊണ്ടിരിക്കുന്ന Unix, Windows-NT etc OSന് ഉദാഹരണങ്ങളാണ്.

## APPLICATION PACKAGES:

(A Set of one or more programs desiged to carry out operation for a specific purpose) ഒരു പ്രത്യേക കാര്യം ചെയ്യുവാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള പ്രോഗ്രാമിനെയാണ് Application Package എന്ന് പറയുന്നത്. Application Package കളിൽ ഉള്ള ചില വിഭാഗങ്ങളെക്കുറിച്ച് ഇനി വിവരിക്കാം.

### Word Processor:

(Application packages used to create, edit, format, store, retrieve, and print text material for humen communication) കത്തുകളും മറ്റും വളരെ നല്ല രീതിയിൽ ഉണ്ടാക്കുവാനും അതിൻെറ അച്ചടിച്ച കോപ്പികൾ എടുക്കുവാനും ഒരു word processor ഉപയോഗിച്ചു കഴിയുന്നു. കൂടാതെ Right margin alignment ഉള്ള സൗകര്യവും word processor ൽ ഉണ്ട്. ഉദാഹരണത്തിന് താഴെ കാണുന്ന പ്രിൻറുകൾ നോക്കുക.

THIS IS TYPEWRITER
PRINT OUT. IN THIS THE
RIGHT MARGIN IS NOT
ALIGNED.

THIS IS A WORDSTAR
PRINT OUT, IN THIS BOTH
RIGHT AND LEFT MARGIN
ARE ALIGNED.

ഈ ക്രിയ ഒരു word processor ൽ automatic ആയി നടക്കുന്നു. അതായത് ഒരു വാക്ക് ടൈപ്പ് ചെയ്യുമ്പോൾ അത് right margin കടക്കുമ്പോൾ ആ വാക്കിനെ എടുത്ത് അടുത്ത വരിയിൽ കൊണ്ട് വരികയും ആദ്യവരിയിലെ അവസാന വാക്കിനെ right margin ൻെറ അവസാനം കൊണ്ട് നിർത്തുകയും ചെയ്യുന്നു. ഇത്രയും കാര്യങ്ങൾ നടക്കുന്നത് വീഡിയോ സ്ക്രീനിൽ (Monitor) ആണ്. അതിന് ശേഷമാണ് കടലാസിൽ പ്രിൻറ് ചെയ്യുന്നത്. കൂടാതെ സ്പെല്ലിംഗ് ചെക്ക് ചെയ്യുവാനും ഇതിൽ സൗകര്യമുണ്ട്. നല്ല പ്രചാരം നേടിയ word processor കളിൽ ഒന്നാണ് WORD STAR. SOFT WORD, WORD PERFECT എന്നിവയും word processor ൽ ഉൾപ്പെടുന്നു.

### Electronic spread sheet:

പട്ടികരീതിയിൽ (വരിയും നിരയുമായി) കണക്കുകൾ അവതരിപ്പിക്കുവാനും അതിൻെറ ഗണിത ക്രിയകൾക്കും വേണ്ടി ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ പാക്കേജുകളാണ് electronic spread sheet. സ്റ്റാറ്റിസ്റ്റിക്സ് ആവശ്യങ്ങൾക്കും കമ്പനികളിൽ pay roll ഉം മറ്റും ഉണ്ടാക്കുവാൻ ഇത് ഉപയോഗിക്കുന്നു. LOTUS 123, SYMPHONY, EXCEL എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

### DBMS ( Data Base Management System) :

The software used for the management, maintenance and retrieval of the data stored in a data base. പരസ്പര ബന്ധിതമായി ക്രമീകരിച്ചിട്ടുള്ള ഒരു കൂട്ടം വസ്തുതകളെയാണ് Data Base എന്ന് പറയുന്നത്. ഈ Data Base ഉപയോഗിച്ച് വിലപ്പെട്ട നിർദ്ദേശങ്ങളാക്കി മാറ്റുന്ന programe ആണ് DBMS. ഉദാഹരണത്തിന്ന് ഫറൂഖ് കോളേജിലേക്ക് പ്രീഡിഗ്രി അഡ്മിഷന് അപേക്ഷ നൽകുന്നവരുടെ പേരും മേൽവിലാസവും S.S.LC. മാർക്കും ഒരു ഡാറ്റാബേസ് ആണ്. ഇത് ഉപയോഗിച്ച് പ്രീഡിഗ്രി ക്ലാസ്സിലേക്ക് ചേർത്തേണ്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് കിട്ടണം. ഇതാണ് നമുക്ക് ലഭിക്കേണ്ട Information. അപ്പോൾ ഈ Data Base നെ Information ആക്കി മാറ്റുന്നതിനാണ് DBMS ഉപയോഗിക്കുന്നത്. (ഫറൂഖ് കോളേജ് പ്രീഡിഗ്രി അഡ്മിഷൻ കമ്പ്യൂട്ടറൈസ്ഡ് ആണ്. ഇത് dBase III Plus ഉപയോഗിച്ചാണ് ചെയ്തത്.) കൂടാതെ data base ഉണ്ടാക്കുന്നതിനും ക്രമീകരിക്കുന്നതിനും മറ്റും

DBMS ഉപയോഗിക്കുന്നു ASHTON TATE: C language ൽ എഴുതിയിട്ടുള്ള d Base ആണ് DBMS ൽ ഏറ്റവും പ്രചാരത്തിലുള്ളത്. d Base ആദ്യമായി ഇറങ്ങിയത് 1979-80 (dBase II). പിന്നീട് d Baseb III, dBase III Plus ഉം എത്തി. ഇപ്പോൾ d Base IV വിപണിയിലെത്തിയി രിക്കുന്നു. Microsoft കമ്പനിയുടെ Fox pro, CLIPPER, Soft BASE എന്നിവയും DBMS ൽ ഉൾപ്പെടുന്നു. RDBMS (Relational Data Base Management System) ഏറ്റവും പുതിയ ഇനം. (Eg. ORACLE, Ingres, SYBASE)

## COMPUTER LANGUAGE:

മനുഷ്യൻ ഒരു ഭാഷ ഉപയോഗിക്കുന്നത് പരസ്പരം ആശയവിനിമയം നടത്തുവാനാണ്. ഇതേപോലെ കമ്പ്യൂട്ടറുമായി നമുക്ക് ആശയവിനിമം നടത്തുവാനാണ് കമ്പ്യൂട്ടർ ലാൻഗ്വേജ് ഉപയോഗിക്കുന്നത്. എന്നതിൻെറ അർത്ഥം കമ്പ്യൂട്ടറുമായി സംസാരിക്കുകയെന്നല്ല, മറിച്ച് കമ്പ്യൂട്ടറിന് നമ്മൾ ഉദ്ദേശിക്കുന്ന നിർദ്ദേശം നൽകുകയെന്നതാണ്. Language ൽ കൂടിയുള്ള ഇത്തരം നിർദ്ദേശങ്ങളാണ് Application Package കളായിമാറുന്നത്.

Language പ്രധാനമായും മൂന്ന് തരമുണ്ട്.

1- Machine Language
2- Assembly Language
3- High level Language.

### Machine language:

മഷീൻ ലാംഗ്വേജ് ആണ് കമ്പ്യൂട്ടറിൻെറ അടിസ്ഥാനഭാഷ. മറ്റ് ഏത് കമ്പ്യൂട്ടർ ലാംഗ്വേജിൽ എഴുതിയ പ്രോഗ്രാമും മഷീൻ ലാംഗ്വേജിലേക്ക് മാറ്റിയാണ് കമ്പ്യൂട്ടർ പ്രവർത്തിക്കുന്നത്. '0'യും '1' മാത്രം അടങ്ങിയ binary code കളാണ് Machine Language ൽ ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് താഴെ കാണുന്നത് മെഷീൻ ലാംഗ്വേജിൽ എഴുതിയ ഒരു പ്രോഗ്രാം ആണ്.

```
001 000 000 000 001 100 111
001 100 000 000 000 000 100 001
011 000 000 000 011 100 101 110
000 000 000 000 000 000 000 000
```

### Assembly language:

machine Language ൽ Program എഴുതുകയെന്നത് വളരെ വിഷമകരമാണ്. കാരണം അതിൽ ആകെ രണ്ട് sign കളെ ഉള്ളൂ. '1' ഉം '0' യും. എന്നാൽ, '1' ൻെറയും '0' ൻെറയും കൂട്ടങ്ങൾക്ക് പകരം മനുഷ്യന് പെട്ടെന്ന് മനസ്സിലാകുന്നവിധത്തിലുള്ള കോഡുകൾ ഉപയോഗിക്കാനുള്ള ശ്രമഫലമായിരുന്നു Assembly Language ൻെറ ജനനം. ഉദാഹരണത്തിന് കൂട്ടുക (ADD) എന്നതിന് Machine Language-ൽ1110 എന്ന കോഡ് ആണ് ഉപയോഗിക്കുന്ന സ്ഥാനത്ത് 'ADD' എന്ന കോഡ് ഉപയോഗിക്കുന്നു. ഇത് programming കൂടുതൽ എളുപ്പമാക്കി തീർത്തു. Assembly Language ലെ ഇത്തരം കോഡുകളെ Machine Language ലേക്ക് മാറ്റുന്നതിന് ഒരു Assembler ഉപയോഗിക്കുന്നു.

### High-level Language:

ഒരു കമ്പ്യൂട്ടർ ലാംഗ്വേജ് ഉപയോഗിക്കുന്നത് കമ്പ്യൂട്ടർ ഉപയോഗിച്ച് ഒരു problem solve ചെയ്യുവാൻ വേണ്ടിയാണ്. അതിന് വേണ്ടിയുള്ള കോഡുകളാണ് ഒരു കമ്പ്യൂട്ടർ ലാംഗ്വേജിൽ കൂടി നൽകുന്നത്. ഒരു problem solve ചെയ്യാൻ ചില ടെക്നിക്കുകൾ ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഇത്തരം problem solving techniques ഉപയോഗിക്കുവാനുള്ള കഴിവിനെ programming logic എന്നു പറയുന്നു. ഒരു Programme എഴുതുന്ന സമയത്ത് ഒരു Programmer കൂടുതലായും ഈ ലോജിക്കിൽ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ Assembly language ലോ Machine language ലോ Programme എഴുതുമ്പോൾ കമ്പ്യൂട്ടറിൻെറ ആന്തരിക ഭാഗങ്ങളെക്കുറിച്ച് നല്ല അറിവ വേണ്ടിയിരിക്കുന്നു. ഒരു പ്രോഗ്രമിൻെറ logic ൽ മാത്രം കേന്ദ്രീകരിച്ച് Problem solve ചെയ്യിക്കാൻ വേണ്ടിയാണ് High level language കൾ ഉണ്ടാക്കിയിരിക്കുന്നത്. ഈ High level language കൾ ഉപയോഗിച്ച് കമ്പ്യൂട്ടറിൻെറ ആന്തരഭാഗങ്ങളെക്കുറിച്ച് ഉള്ള അറിവ് (Hardware Knowledge) ഇല്ലാതെ തന്നെ Programme എഴുതാം. BASIC (Beginners All Purpose Symbolic Instruction Code), COBOL (Common Business Oriental Language), FORTRAN (Formula Transalation), PASCAL എന്നിവ High level language കൾക്ക് ഉദാഹരണങ്ങളാണ്.

പത്ത് സംഖ്യകളുടെ തുകയും ശരാശ[...]യും കാണാനുള്ള ഒരുമാതൃകാ BASI[...] പ്രോഗ്രാമാണ് താഴെ.

```
10 REM A PROGRAMME TO COMPUTE
20 REM TOTAL AND AVERAGE OF TE
30 REM INPUTED NUMBERS
40 LET A = 0
50 LET TOT = 0
60 LET AVG = 0
70 FOR I = 1 TO 10
80 INPUT "ENTER NUMBERS", A
90 TOT = TOT + A
100 NEXT I
110 PRINT " TOTAL " ;TOT
120 AVG = TOT/10
130 PRINT "AVERAGE " ; AVG
140 END
```

കേരളത്തിലെ പല കമ്പ്യൂട്ടർ സ്ഥാ[...]പനങ്ങളിലും പഠിപ്പിക്കുന്ന പല കോ[...]സുകളിലെ പാക്കേജുകളെക്കുറിച്ച് ഒ[...] ചെറു വിവരണം നല്കുകയാണ് ഇവിടെ ചെയ്തത്. ഒരു Computer Op[...]erator ആകുന്നതിന് ഒരു Operating System ഉം(Eg-MS-DOS) ഒരു WORD PROCESSOR ഉം (Eg: WORDSTAR) ഒരു Electronic SpreadSheet ഉം (Eg: LOTUS 1-2-3) പഠിച്ചാൽ മതി. ഗ[...]ഫിൽ ഒരു Computer Operato[...] ആകാനും ഇതു മതി. എന്നാൽ ഒ[...] Software Professional ആകാ[...] അഥവാ ഒരു Computer Programme[...] ആകാൻ Computer language ലു[...] DBMS ലും അവഗാഹമായ അറിവ് വേണം.

# ഡൽഹിയിൽനിന്ന് മകൻ

അബൂ സാലി ടി. കെ

അച്ഛൻ അറിയാൻ,
ഞാൻ ജീവിക്കുകയാണ്.....!
ഇരിക്കും മുമ്പ് സീറ്റിനടിയിൽ
ബോംബില്ലെന്ന് ഉറപ്പ് വരുത്താറുണ്ട് !
മന്ത്രിമാർ പങ്കെടുക്കുന്ന ഒരു ചടങ്ങിലും
പോകാതിരിക്കാൻ ശ്രമിക്കാറുണ്ട് !
അച്ഛനെനിക്കിട്ട പേര് മാറ്റിമാറ്റിപ്പറയാൻ
ശീലിക്കാറുണ്ട്.
ഉറങ്ങിയെഴുന്നേൽക്കും മുമ്പെ കാലിൽ
ചങ്ങലയില്ലെന്ന് ഉറപ്പ് വരുത്താറുണ്ട് !
എഴുതും മുമ്പ് വാക്കുകളിൽ തീക്കനലുകളില്ലെന്ന്
ഉറപ്പ് വരുത്താറുണ്ട് !
മനസ്സാക്ഷിയുമായുള്ള പോരിൽ മനസ്സാക്ഷിയെ-
യെന്നും തോൽക്കാൻ അനുവദിക്കാറുണ്ട്.
മരിക്കുന്നതിന് മുമ്പ് ജീവിച്ചത് മുഴുവനും
കാപട്യത്തിനാണെന്ന വസ്തുത എന്നെ
നൊമ്പരപ്പെടുത്തതാറുണ്ട്.
വീണ്ടും ജനിക്കുന്നതിന് മുമ്പ് ഇനി ഒരിക്കലും
ജനിക്കേണ്ടതില്ലെന്ന് ഞാൻ ഉറപ്പാക്കിയുട്ടുണ്ട്.



# ധർമ്മം

ഫർസാന

അഗ്നി സ്ഫുരിക്കുന്ന കണ്ണുകൾ
വിഷം ചീറ്റും നാവുകൾ
ഫണമുയർത്തുന്നതാ
ധർമ്മത്തോടെ തിരിടാനായ്
മടിയില്ലീയുവമർത്ത്യന്
അനീതിയാൽ ധർമ്മത്തെ
ചൂഷണം ചെയ്തിടാൻ
വെമ്പൽകൊള്ളുന്നു നിൻഹൃത്ത്
ദുർവൃത്തിയിൽ മുഴുകിടാൻ
എത്ര ദിനരാത്രങ്ങൾ കഴിച്ചുനീ
ഹനിക്കപ്പെടുന്നതാ നിൻ കരത്താൽ
വീണ്ടും പ്രാണനുകൾ
നിൻതേറ്റകൾ കണ്ടീ ധരിത്രി
ഭാതയായ് മാറുന്നു.
പവിത്രത കൊതിക്കുമീ
മണ്ണിൽ നിണമൊഴുക്കുന്നു
കണ്ണീർ ചൊരിയുന്നു മേഘങ്ങൾ
വ്യഥയാൽ നീറുന്ന നക്ഷത്രാദികൾ.

അധർമ്മത്തെയതിജയിക്കാൻ നീ
യുജ്ജ്വലശക്തിനേടൂ
അലയടിക്കട്ടെ ഈ വിണ്ണിൽ
വിജയഗാഥ തൻ ഈരടികൾ
തുളുമ്പട്ടെയെന്നും സ്നേഹത്തിൻ നിറകുടം

# എഡിറ്ററുടെ കുറിപ്പുകൾ

നിറയെ ആരവങ്ങൾ മുഴങ്ങുന്ന ഒരു കാമ്പസാണ് ഫാറൂഖ് കോളേജിൻെറത്. നഗരവൽക്കരണത്തിൻെറതായ ജാടകൾക്കിടയിൽ നേരും നന്മയും അതിജീവനത്തിന്നായിപിടയുന്ന കാഴ്ച എവിടെയൊക്കെയോ കാണുന്നു. അസ്വസ്ഥതകളുടെയും അർത്ഥരഹിതമായ ചലനങ്ങളുടെയും ദൃശ്യങ്ങൾ എമ്പാടുമുണ്ട്. ആൾക്കൂട്ടത്തിൽ തനിയെയാകുന്നവൻെറ ചിത്രവും കുറവല്ല. മിക്ക വിദ്യാർത്ഥികളും തങ്ങളുടെ ഇഷ്ടത്തിനെതിരായാണ് കോഴ്സുകൾ തിരഞ്ഞെടുക്കുന്നത്. തങ്ങളുടെ കഴിവിനും അഭിരുചിക്കുമപ്പുറത്തുള്ള മാതാപിതാക്കളുടെ പ്രതീക്ഷകളെ എത്തിപ്പിടിയ്ക്കാനുള്ള തീവ്രസമരത്തിലാണവർ. അവരുടെ ഹൃദയവേപഥു അസ്വസ്ഥതയുടെ വിത്തായാൽ അത്ഭുതപ്പെടേണ്ടതില്ല. ഫൈൻ ആർട്സ്, കോളേജ്ഡേ വേദികൾക്കു പുറത്തരങ്ങേറുന്ന ചലനങ്ങളില്ലേ, അവരുടെ ആത്മാവിഷ്കാരങ്ങളാണ്. സംഘടനാജാഥകളും വിജയാഘോഷ നൃത്തങ്ങളുമൊക്കെ ആത്മാവിഷ്കാരത്തിൻെറ ഭാഗം തന്നെയാണ്. അവന് പ്രത്യക്ഷപ്പെടാൻ, സ്വപ്നങ്ങൾ സഫലീകരിക്കാൻ മറ്റൊരു വേദിയില്ല! അവരുടെ പെരുമാറ്റത്തെ നിയന്ത്രിക്കുവാനല്ലാതെ സ്വഭാവത്തെ സ്വാധാനിക്കുവാൻ അധ്യാപകർക്കായിട്ടുണ്ടോ?

## പതിമൂവായിരം രൂപ

അതാണ് ഒരു കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കാൻ അധികാരികൾ നൽകുന്നതുക. ചുരുങ്ങിയത് 20 വർഷം മുമ്പെങ്കിലും കണക്കാക്കിയ തുകയാണത്. അന്ന് അത്രയും തുകകൊണ്ട് ചെയ്തു കിട്ടുന്നത് ഇന്ന് കഴിയുമോ ? കടലാസിനും കമ്പോസിങ്ങിനും പ്രിൻറിങ്ങിനുമൊക്കെ ഇരുപതു വർഷത്തിനിടയിൽ ഉണ്ടായ വിലക്കയറ്റമൊന്നും അധികൃതർക്ക് പ്രശ്നമല്ല. ഒരു മാഗസിൻ പുറത്തിറക്കാൻ ആ തുകയുടെ ഇരട്ടിയുണ്ടായാലും മതിയാവില്ല. ഈ പ്രശ്നത്തിൽ ഒരു വിചിന്തനം കിട്ടുക എന്നത് ഒരു എഡിറ്ററുടെ അവകാശം മാത്രമാണ്.

## ലൈബ്രറി

അമ്പത്താറായിരത്തിൽപരം പുസ്തകങ്ങളുള്ള വിശാലമായ ഒരു ലൈബ്രറി നമുക്കുണ്ട്. എഴുപത് ശതമാനം കുട്ടികളും 85% അധ്യാപകരും ഉപയോഗിക്കുന്ന ലൈബ്രറിയിൽ കരസ്പർശമേൽക്കാതെ കിടക്കുന്ന പുസ്തകങ്ങൾ മൊത്തം കലക്ഷൻെറ അറുപത് ശതമാനത്തിൽ കൂടുതൽ വരും. കോഴിക്കോട് ജില്ലയിലെ എല്ലാ കോളേജ് ലൈബ്രേറിയൻമാർക്കും എഴുതി ചോദിച്ചപ്പോൾ എടുക്കാത്ത പുസ്തകങ്ങളുടെ ശതമാനം വളരെ വലുതാണെന്നറിയാൻ കഴിഞ്ഞു. സിലബസിൽ പെടാത്ത പുസ്തകങ്ങൾ വായിക്കാൻ മിക്കവരും താല്പര്യം കാണിക്കുന്നില്ല. അതിനിടയിലും ആവശ്യക്കാർക്ക് കൊടുക്കാൻ കഴിയാത്ത പുസ്തകങ്ങളുണ്ട്. പുതുതായി വരുന്ന മിക്ക കുട്ടികൾക്കും ലൈബ്രറിയിൽ വന്നാൽ എന്തുചെയ്യണമെന്നറിയില്ല. ഒരു പ്രാവശ്യം പുസ്തകത്തിനെഴുതിക്കൊടുത്തു കിട്ടിയില്ലെങ്കിൽ നിരാശപ്പെട്ട് വീണ്ടും വരാൻ മടിക്കുന്നവരുമുണ്ട്. ലൈബ്രറിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു ചിത്രം
കുട്ടികളുടെ മനസ്സിലിനിയും രൂപ
ട്ടിട്ടില്ല. പുസ്തകങ്ങൾ എടുത്ത ശേ
തിരിച്ചുകൊടുക്കാത്ത വിദ്യാർത്ഥിക
മുണ്ട്. "ഒരു കുടയും കുഞ്ഞു പെങ്ങള
എന്ന പുസ്തകം 1981-ൽ പ്രീഡിഗ്രി
പഠിച്ചിരുന്ന ഒരു പെൺകുട്ടി കൊ
പോയിട്ട് ഇനിയും കൊണ്ടുവന്നിട്ടി
മലയാറ്റൂരിൻെറ 'വേരുകളും' ടോൾ
യിയുടെ 'യുദ്ധവും സമാധാനവും'
ങ്ങിയ നിരവധി പുസ്തകങ്ങൾ അങ്ങി
നഷ്ടപ്പെട്ടിട്ടുണ്ട്. അതിൻെറ നോവ
വിക്കേണ്ടത് തലമുറകളാണല്ലോ.

## ഹോസ്റ്റൽ

പെൺകുട്ടികളുടെ ഹോസ്റ്റലുകള
ഭക്ഷണം മെച്ചപ്പെട്ടതല്ല എന്ന പ
എനിക്ക്മുമ്പേ ഉള്ള പല എഡിറ്റർമാ
ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. വ
ഇന്നും തിരുനക്കരെതന്നെയാണ് എ
യുന്നു. ആൺകുട്ടികളുടെ ഹോ
ലുകളിൽ സൗകര്യത്തിന് വ്യക്തമ
വ്യത്യാസം കാണുന്നുണ്ട്. രണ്ടു
ഷത്തെ കോഴ്സിനിടയിൽ വിദ്യാർ
കളെ ഒരു ഹോസ്റ്റലിൽനിന്നും മറ്റൊ
ലേക്ക് മാറ്റുന്ന നയം നിലവിലുണ്ട്.
വിദ്യാർത്ഥികൾക്ക് ഒരു ശിക്ഷയ
അനുഭവപ്പെടുന്ന പശ്ചാത്തലം
നിന്നുകൂടാ. ശിക്ഷ നൽകാൻ
മാർഗ്ഗങ്ങളുണ്ടല്ലോ. ഞാൻ അട
വർഷം "ഹോസ്റ്റലി"ലാകുമല്ലോ
ഒരു വിദ്യാർത്ഥിയും പരിഭ്രമിച്ചുകൂട

യാഥാർത്ഥ്യങ്ങൾക്ക് സങ്കൽപങ്ങളെക്കാൾ
തീവ്രതയുണ്ടായിരുന്നു. മനസ്സിൽആഗ്രഹിച്ചിരുന്ന
പലതും മാഗസിനിൽ
ആവിഷ്കരിക്കാനായിട്ടില്ല. എങ്കിൽകൂടി,
ഇതിനുപിന്നിലും പ്രതിസന്ധികൾ
നിറഞ്ഞ പ്രയാണത്തിന്റെ നൂറുനൂറു
കഥകളുണ്ടെന്നറിയുക.
യാസീൻ സാറും ഹാഫിസ് സാറും
ഷാജഹാൻ സാറും നൽകിയ വിലപ്പെട്ട
സഹായത്തിന് അവരോട് ഏറെ കടപ്പെട്ടിരിക്കുന്നു.
മെഹർ സാക്കിർ, ലുഖ്മാൻ, ഇംത്യാസ്, ആസിഫ്........
വേദനകളും വെല്ലുവിളികളും
പങ്കുവെയ്ക്കാൻ സന്നദ്ധരായ ആത്മാർത്ഥ
സുഹൃത്തുക്കളുടെ നിര
പിന്നെയും നീളുകയാണ്. അവർക്കും
ഒപ്പം ഇംപാക്ടിലെ പ്രവർത്തകർക്കും
ഹൃദയംഗമമായ
നന്ദി
രേഖപ്പെടുത്തിക്കൊണ്ട് .........



സ്നേഹപൂർവ്വം
സി. സുരേന്ദ്രൻ
സ്റ്റുഡന്റ് എഡിറ്റർ.



"അന്നും പ്രഭാതത്തിൽ ഞാൻ വാർത്ത കേട്ടു
വീണ്ടും ഹൃദയത്തിൽ രോഷാഗ്നി കൂടി.
മർത്ത്യനു വിലയില്ലാതായ് മാറി ദേശം
മർത്ത്യനെ ഉൾക്കൊള്ളാനാവാതെ നീറി.
തിന്നാൻ കുടിക്കാൻ കൊള്ളുന്ന തൊക്കെയും,
തൊട്ടാൽ പൊള്ളുന്ന വിലയോടു കൂടി.
ആഫ്രിക്ക നോക്കി കണ്ണീരുതിർത്തവർ
ഇന്നാട്ടിൻ കഥയറിഞ്ഞില്ലേ- കഷ്ടം!
ഇല്ല, കഴിയില്ലൊരിക്കലും ചിരിച്ചിടാൻ,
ഇല്ല; കഴിയില്ല പുഞ്ചിരിച്ചീടുവാൻ.
ഇന്ത്യയിലിന്നത്തെ കാഴ്ച കണ്ടീടുകിൽ,
ഇല്ല, മനുഷ്യന്നു വദനങ്ങളിൽ സ്മിതം.
ദേശത്തിൻ മേലാളർ നോക്കിയിരിക്കവേ
രാജ്യത്തിൽ കാട്ടാളർ താണ്ഡവമാടുന്നു.
ആസ്സാമിൽ നൂറുകണക്കിനാൾക്കാർക്കു-
ആശ്രയമില്ല; ഉൾഫ വിലസുന്നു.
പഞ്ചാബേ, നിന്നിലിന്നത്തെ അവസ്ഥയി-
ലഞ്ചാതെ ഇടറാതെ നില്ക്കാൻ കഴിയില്ല.
'ദൈവത്തിനാളുകൾ' എന്നു വിളിച്ചൊരു-
ഹരിജനെ, മാലിന്യം ആഹരിപ്പിച്ചു.
ഗാന്ധിജി മോഹിച്ച സുന്ദരലോകം -നാം
ദൃഷ്ടിപഥത്തിൽ നിന്നുമകറ്റവേ.
ഇക്കോലമെങ്ങും തുടർന്നാലിന്ത്യക്കു-
എന്നാണു മുന്നോട്ടു കയറാൻ കഴിയുക?
ഇന്ത്യതൻ രക്ഷക്കൊന്നായണിചേർന്നു
നന്മലാക്കാക്കി നാം മുന്നോട്ടുപോയിടാം."

യാസർ അറഫാത്ത്. ആർ. എം.

# ഇന്നത്തെ ഇന്ത്യ

നഷ്ടമായെനിക്കിന്ന് നാളെയും നഷ്ടമാവാം
നഷ്ടത്തെക്കുറിച്ചോർത്ത് വിലപിക്കയും ചെയ്യാം
കിട്ടുകില്ലീദിനം കഴിഞ്ഞ കാലത്തിൻെറ
തൊട്ടിലാം മടിത്തട്ടിൽ ഉറങ്ങിക്കഴിഞ്ഞല്ലോ!
ഇപ്പോഴുമോർമ്മിക്കുന്നു ചെറുപ്പകാലത്തിലെ
കുസൃതിത്തരങ്ങളും ചിരിയും കളികളും
കഴിഞ്ഞ കാലത്തിൻെറ സൗന്ദര്യം എനിക്കിനീ!
ആസ്വദിക്കുവാനുള്ള കാലവും നഷ്ടമായോ?
ഇല്ലതിന്നൊരിക്കലും നഷ്ടമായിട്ടില്ലെനിക്കെൻമനം-
എന്നോടുതൻ മന്ത്രിക്കുന്നതായി തോന്നും
നഷ്ടമായാ ദിനത്തെ ഓർമ്മിച്ചിന്നിരിക്കാതെ
വരുന്ന ദിനങ്ങളെ പുൽകാം നമുക്കിനി.
വരുന്ന ദിനങ്ങളിൽ ഈശ്വര ഭക്തിയോടും
സന്തോഷത്തോടും നമുക്കൊന്നിച്ചു ജീവിച്ചിടാം-
ജീവിതം സ്നേഹമാണ് സ്നേഹമോ ദൈവമാണ്
സ്നേഹവും ദേവൻമാരും ചേർന്നതല്ലയോ ലോകം!!

# കാലം


മുനീർ അഹ്മദ്. എ.

# കളിപ്പാട്ടം

അന്ന് ആ വീട്ടിലെ കുട്ടിയുടെ ആറാം
പിറന്നാളാഘോഷമായിരുന്നു. പലരും വന്ന്
സമ്മാനപ്പെട്ടികൾ നല്കി ആശംസകൾ നേർന്നു. രാത്രി
കുട്ടിയുടെ അച്ഛനും അമ്മയും കൂടി പെട്ടികൾ തുറക്കാൻ
തുടങ്ങി. ആദ്യത്തെ പെട്ടിയിൽ രാഷ്ട്രീയ പാർട്ടികളുടെ
നാലു പതാകകളായിരുന്നു. വവിധ നിറത്തിലുള്ള തുണി
ക്കഷ്ണങ്ങൾ കണ്ട് കുട്ടിക്ക് സന്തോഷമായി. രണ്ടാമത്തെ
പെട്ടി അച്ഛനും മൂന്നാമത്തേത് അമ്മയും തുറന്നു. ഒരുപെട്ടി
യിൽ സൈക്കിൾ ചെയിനും അടുത്തതിൽ കഠാരയുമായി
രുന്നു. ചുവന്ന പേപ്പറിൽ പൊതിഞ്ഞതും നീളം കൂടിയ
പൊതി കുട്ടി തന്നെ തുറന്നു. അതിൽ ചെത്തി മിനുക്കിയ
ഒരു കുറുവടി അവനെ നോക്കി ശബ്ദമില്ലാതെ ചിരിച്ചു.
അവൻ തന്റെ പുതിയ കളിപ്പാട്ടങ്ങൾകണ്ട് പൊട്ടിച്ചിരിച്ചു.
കുട്ടി, കഠാര തന്റെ അരയിൽ തിരുകി, അതിനുമീതെ
സൈക്കിൾചെയിനും ചുറ്റി ഒരു പതാകയും അവൻ
ഇരുട്ടിലേക്കു നടന്നു. അവന്റെ മുദ്രാവാക്യങ്ങൾ ദൂരെ
ഇരുട്ടിലലിഞ്ഞു.

യാസർ അറഫാത്ത്

# 'കുരുതിക്കോഴി'



ഇന്ന് സമരമുണ്ടെന്നും ഇല്ലെന്നുമുള്ള സംസാരത്തിനിടയിൽ രണ്ടും കല്പിച്ച് ബസ് കയറി. ഗർജ്ജനം ഭയന്ന് കണ്ടക്ടറുടെ മുഖത്ത് നോക്കാതെ 25 ശതമാനം കൈമാറി. മുഖമൊന്നുയർത്തുന്നതിന് കാലിക്കറ്റ് സിറ്റിയിലെത്താൻ ഒരു മണിക്കൂർ കഴിയണമിനി. ഈ സഹന സമരം ആദ്യ കുരുതി.

നഗരത്തിലെത്തി; കവാടത്തിലെ കിളിയെ മറികടന്ന് നിലമിറങ്ങിയപ്പോൾ പ്രാണവായു ശ്വസിച്ചൊന്നാശ്വസിക്കണമെന്നുണ്ടായിരുന്നു. പക്ഷെ ലൈൻ ബസ്സിൻെറ ദൗർലഭ്യതയോർത്ത് ധൃതിയിൽ തൂങ്ങിക്കയറി. കണ്ടക്ടറുടെ ഭീകരമുഖം കാത്തിരിക്കെ, ഡ്രൈവറുടെ ആത്മസംതൃപ്തിക്കുവേണ്ടിയുള്ള ഗാനങ്ങളിൽ ലയിച്ച് സ്വബോധം നഷ്ടപ്പെട്ടു. ക്ഷണത്തിൽ എവിടെ നിന്നോ ഗർജ്ജനം.......'എന്താഡൊ തനിക്ക് രണ്ട് കൊമ്പുണ്ടോ?' എന്താണാവോ എന്നിൽ നിന്നും വന്ന മഹാപാതകം? 'ജ്ജാരാഡൊ,അൻക്കെന്താ ഈ കുട്ട്യേളെപ്പോലെ നിക്കാനിത്ര മടി?' സീറ്റിലിരുന്നതാണ് മഹാപാതകമെന്ന് ബോധ്യമായി. വിദ്യാഭ്യാസത്തിലെ 'അഭ്യാസം' ബസ്സിനുള്ളിൽ തുടങ്ങുന്നു എന്ന് ഗുണപാഠം.

ഇനി 'വിദ്യ' കോളേജ് ബസ്സിൽ അഡ്മിഷൻ നേടാൻ 'വിദ്യ' തന്നെ യോഗ്യത. മുന്നിലും പിന്നിലുമുള്ള കവാടങ്ങളിൽ നിന്നും വിങ്ങിപ്പൊട്ടുമ്പോൾ 'എല്ലാവർക്കും കയറാം തിരക്ക് വേണ്ട' എന്ന സദുപദേശം കേൾക്കാൻ ഞാനൊഴിച്ച് മറ്റാരുമുണ്ടെന്ന് തോന്നിയില്ല. ഹാവൂ, രക്ഷപ്പെട്ടു; ഞാനും കൂടെ കയറിയാൽ ഡോറടക്കാം. അപ്പോൾ വരുന്നു സ്റ്റേ, 'നിങ്ങളാണ് പ്രശ്നമുണ്ടാക്കുന്നത്, നിങ്ങളൊഴിഞ്ഞാൽ ഡോറടക്കാം?' ബസ്സ് നീങ്ങി, വീണ്ടും കുരുതി.

അങ്ങനെ ഒടുവിൽ ക്ലാസിൽ കയറി. ശ്രവണേന്ദ്രിയങ്ങൾ കൂർമ്മതയിലാണെന്നുറപ്പിച്ച് പ്ലിൻസീറ്റിലിരുന്നു. രണ്ടാമത്തെ അവറിൽ സമരത്തിൻെറ അലയൊലി തുടങ്ങി. മൈതാനത്തിൻെറ കിഴക്കു ഭാഗത്ത് കയ്യാങ്കളി നടക്കുമ്പോൾ മെയിൻ ബ്ലോക്കിൻെറ കവാടമുഖത്ത് നിന്നും 'വിദ്യാർത്ഥി ഐക്യം സിന്ദാബാദ്' എന്ന പല്ലവി പാടുന്നതിലെ വൈരുദ്ധ്യം ആരോർക്കുന്നു! ക്ലാസ് വിട്ടസന്തോഷത്തോടെ പാർട്ടി പ്രവർത്തകർ ആലിംഗനം ചെയ്യുമ്പോൾ മൈലുകൾ താണ്ടി കാമ്പസിൻെറ കാമ്പ് നേടാൻ ഓടിക്കിതച്ചെത്തിയ വിദ്യാർത്ഥികൾ വിളിക്കപ്പെട്ടു: 'പഠിപ്പിസ്റ്റുകൾ'. കുരുതിയുടെ നോവ് അവർക്കുള്ളതല്ലോ !

കാറ്റാടിക്ക് കീഴിൽ കാറ്റേറ്റിരിക്കുന്ന കൂട്ടത്തിൽ നിന്ന് 'കുരുതിക്കോഴി' എന്ന് കൂട്ടത്തോടെ വിളികേട്ടു. 'എനിക്കൊന്നും തിരിയാൻ മേല' എന്ന് പ്രത്യുത്തരം നല്കി. എഡിറ്ററുടെ മറ്റൊരു പേരാണിതെന്ന് സമാധാനിച്ചു. എന്നാലും, കുരുതിക്കോഴി.....കുരുതിക്കോഴി.....സമയനഷ്ടമോർത്ത് വ്യാകുലപ്പെടുന്നതും സമയനഷ്ടമാണെന്ന് തോന്നി. കുരുതിയെങ്കിൽ കുരുതി, എന്നിട്ടെങ്കിലും മറ്റൊരു സുഹൃത്തിന്ന് വിജയിക്കാനും സന്തോഷിക്കാനും സന്ദർഭം കിട്ടിയതോർത്ത് ആത്മസംതൃപ്തിക്ക് ഞാൻ എന്നിൽതന്നെ സമ്മർദ്ദം ചെലുത്തി. എന്ത് തന്നെയായാലും ഇപ്പണിക്കില്ലെന്നും സത്യത്തോട് ഒരു ശതമാനമെങ്കിലും മമതയുള്ളവർക്ക് രാഷ്ട്രീയം ചേർന്നതല്ലെന്നും മന്ത്രിക്കുന്ന മനസ്സുമായി ഏകാന്തമായ ഹോസ്റ്റൽ റൂമിലേക്ക് ഞാനേകനായ് നടന്ന് നീങ്ങി.

അഹദ്

# ലക്ഷ്യത്തിൽ നിന്നകലുന്ന വിദ്യാഭ്യാസം

കെ.പി.സലീം

വ്യവസായ, വാണിജ്യ, കാർഷിക മേഖലകളിലെന്നല്ല, മറ്റേതൊരു മേഖലയിലും പ്രത്യുത്പാദനപരമല്ലാത്ത സംരംഭങ്ങൾക്ക് മുതലിറക്കാൻ ആരും തന്നെ തയ്യാറാവുകയില്ല എന്നത് പരക്കെ അംഗീകരിക്കപ്പെടുന്ന തത്വമാണ്. എങ്കിലും ഈ വീക്ഷണകോണിൽ കൂടി വിദ്യാഭ്യാസമേഖലയെ നോക്കിക്കാണുന്നത് തികച്ചും മൗഢ്യമത്രെ. വിദ്യാഭ്യാസ മേഖലയെ സാമ്പത്തിക വീക്ഷണത്തിൽ വിലയിരുത്തുന്നത് തികച്ചും അനുചിതമാണെന്നത്കൊണ്ട് തന്നെയാണത്.

ഒരു സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ നല്ലൊരു വിഹിതം ചിലവഴിക്കപ്പെടുന്ന മേഖല പ്രത്യുത്പാദനപരമല്ലെങ്കിൽ നമ്മുടെ സർക്കാറുകൾക്കും സാമ്പത്തിക ശാസ്ത്രജ്ഞൻമാർക്കും തെറ്റ് പറ്റിയിരിക്കുന്നു എന്നല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത്പാദനപരമായ മേഖലയിൽ മാത്രം മുതലിറക്കുകയെന്ന സാമ്പത്തികതത്വം വിദ്യാഭ്യാസ മേഖലയിൽ അപ്രസക്തമാണെന്ന് രാഷ്ട്ര ശിൽപ്പികൾ മുൻകൂട്ടിക്കണ്ട് പ്രവർത്തിച്ചതിന്റെ പരിണിതിയത്രെ അത്.

രാഷ്ട്രത്തിന്റെ ഭാവിതന്നെ രൂപപ്പെടുന്നത് വിദ്യാർത്ഥികളിൽ നിന്നാണെന്നത് യാഥാർത്ഥ്യമത്രെ. വിദ്യാഭ്യാസ മേഖലയിൽ ഇത്രമാത്രം സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ സർക്കറുകൾ താല്പര്യം കാണിക്കുന്നതും ഇതു കൊണ്ട് തന്നെയാണ്. ഏതൊരു രാഷ്ട്രത്തിന്റെയും പ്രതീക്ഷ വളരുന്ന തലമുറയാണ്. അക്ഷരജ്ഞാനമില്ലാത്ത, ശാസ്ത്രസാങ്കേതിക വിദഗ്ദരില്ലാത്ത, സാഹിത്യ സാംസ്കാരിക പ്രഗൽഭരില്ലാത്ത ഒരു സമൂഹത്തിന് ഒരു രാഷ്ട്രത്തിന്റെ ശോഭനമായ ഭാവി രൂപപ്പെടുത്തുക സാധ്യമല്ല.

വിദ്യാഭ്യാസ മേഖലയിലെ മുതലിറക്ക് പ്രത്യുത്പാദനപരമല്ല എന്ന വാദം ഇവിടെ ഖണ്ഡിക്കപ്പെടുന്നു. ശാസ്ത്രജ്ഞരും, സാങ്കേതിക വിദഗ്ദരും, സാഹിത്യ സാംസ്കാരികനായകരുമെല്ലാം ജന്മം കൊള്ളുന്നത് വിദ്യാഭ്യാസ മേഖലയിൽ നിന്നാണ്. രാഷ്ട്രപുനർനിർമ്മാണപ്രക്രിയയിൽ അനിഷേധ്യമായ പങ്കുവഹിക്കുന്ന ഇത്തരം ആളുകളുടെ സൃഷ്ടിപ്പ് തന്നെയാണ് വിദ്യാഭ്യാസമേഖലയുടെ സംഭാവനയെങ്കിൽ ഇതിൽപരം പ്രാധാന്യമർഹിക്കുന്ന പ്രത്യുത്പാദനം മറ്റെന്ത് എന്നതാണ് പ്രസക്തമായ ചോദ്യം.

സംഗതിയുടെ ഗൗരവം ഇങ്ങനെയൊക്കെയാണെങ്കിലും, വിദ്യാഭ്യാസമേഖലയിൽ നാം ലക്ഷ്യമാക്കുന്നത് സാധിക്കുന്നുണ്ടോ എന്നത് ചർച്ചക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ കേരളം കേവല വിദ്യാഭ്യാസത്തിൽ മുൻ നിരയിലാണെങ്കിലും, അഖിലേന്ത്യാ മത്സര പരീക്ഷകളിലും മറ്റും നമ്മുടെ വിദ്യാർത്ഥികൾ ഏറെ പിന്തള്ളപ്പെട്ടിരിക്കുന്നു എന്നത് നിശേധിക്കുക സാധ്യമല്ലതന്നെ. ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉന്നതങ്ങളിലെത്തിപ്പെടുന്നവരുടെ കണക്കുകൾ പരിശോധിച്ചാലും കേരളം വളരെ പിന്നിലാണെന്ന് കാണാം.

കേരളത്തിലെ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണമാണ്. മറ്റു സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത വിധം വിദ്യാർത്ഥികളിൽ രാഷ്ട്രീയ ജ്വരം കുടികൊള്ളുന്നു എന്നത് തന്നെയാണ് അതിന്റെകാതലായ കാരണം. കടപ്പാടുകളേക്കാൾ അവകാശങ്ങൾക്ക് പ്രാധാന്യം നൽകുന്ന ട്രേഡ്യൂനിയനിസം അദ്ധ്യാപക സമൂഹത്തെ പിടികൂടിയതും മറ്റൊരു കാരണമത്രെ. വിദ്യാസമ്പന്നരുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ വിദ്യാഭ്യാസ മേഖലയിൽ അസ്വാസ്ഥതകൾ സൃഷ്ടിക്കുന്നു എന്നതും ഒരു വസ്തുതയാണ്.

ധാർമിക മൂല്യങ്ങൾ അദ്ധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ വിചക്ഷണരും ഒരുപോലെ വിസ്മരിച്ചിരിക്കുന്നു. സംസ്കാര സമ്പന്നമായ ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടുന്ന വിദ്യാഭ്യാസ മേഖല ക്രിമിനലുകളെ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു എന്നത് എത്രമാത്രം വേദനാജനകമാണ്.

അദ്ധ്യാപകരെ തെറിവിളിക്കാനും പ്രാഥമികാവശ്യത്തിനുപോലും അനുവദിക്കാതെ അവരെ ഇരുട്ടറയിൽ തടഞ്ഞുവെക്കാനും വിദ്യാർത്ഥി പ്രസ്ഥാനക്കാർ പരസ്പരം മത്സരിക്കുകയാണ്. 'റാഗിങ്ങ്' എന്ന ഓമനപേരിൽ തന്റെ സ്വന്തം സഹോദരനെയും സഹോദരിയെയും നിഷ്ടൂരമായി ഉപദ്രവിക്കാനും, നിസ്സംഗരായ തെരുവ് യാത്രക്കാരനെ ശല്യപ്പെടുത്തിയും, വാഹനങ്ങൾക്ക് തീവെച്ചും, നിയമപാലകരെ കടന്നാക്രമിച്ച് പ്രകോപനത്തിന്റെ മരുന്നുറകൾക്ക് തീകൊടുക്കുവാനുമൊക്കെയാണ് വിദ്യാർത്ഥിസമരക്കാർ ഇന്ന് മത്സരിക്കുന്നത്. രാഷ്ട്രീയക്കാരുടെ പാവകളായി സമരങ്ങൾ സംഘടിപ്പിക്കുന്ന വിദ്യാർത്ഥികൾ കഥയറിയാതെ ആട്ടം കാണുകയല്ല, കഥയറിയാതെ ആടുകയാണ്. പ്രാദേശികമോ അപ്രസക്തമോ ആയ കാരണങ്ങളുടെ പേരിൽ ആരംഭിക്കുന്ന കൊച്ചു സമരങ്ങൾപോലും ചെന്നെത്തുക രാഷ്ട്രീയക്കാരന്റെ വിഴുപ്പുഭാണ്ഡങ്ങൾ ചുമക്കുന്ന മൂകജീവികളുടെ തൊഴുത്തിലായിരിക്കും. ലക്ഷ്യം നിർണ്ണയിക്കപ്പെടാത്ത വിദ്യാഭ്യാസ പദ്ധതിക്ക് ലക്ഷ്യബോധമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സാധ്യമല്ലാത്തത് കൊണ്ട് തന്നെയാണ് ഇത് സംഭവിക്കുന്നത്.

ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്രിൽ വരുത്തിയെങ്കിൽ മാത്രമെ സംസ്കാര സമ്പന്നമായ മൂല്യബോധമുള്ള ഒരുതലമുറയെ വാർത്തെടുക്കുവാൻ സാധിക്കുകയുള്ളൂ. ഈ വസ്തുതകളുടെ വെളിച്ചത്തിൽ കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ അടിയന്തിരമായും നടപ്പിൽ വരുത്തിയില്ലെങ്കിൽ രാഷ്ട്രത്തിന്റെ ഭാവിയെ തന്നെ അത് പ്രതികൂലമായി ബാധിക്കുമെന്നതിൽ സന്ദേഹമില്ല.

●

# മൂല്യവത്കരണം അനിവാര്യം

എം.ഇസ്മായിൽ

വിദ്യാഭ്യാസ രംഗത്തെ മൂല്യശോഷണം നമ്മുടെ സാംസ്കാരിക രാഷ്ട്രീയമേഖലകളെ ധർമ്മച്യുതുയിൽ അകപ്പെടുത്തിരിക്കുകയാണ്. നമ്മുടെ സമൂഹത്തിൻെറ ത്വരിതഗതിയിലുള്ള അധഃപതനത്തിൻെറ ഹേതു ഈ ധർമ്മച്യുതിയാണെന്നതിൽപക്ഷാന്തരമില്ല.

മനുഷ്യൻെറ ശാരീരികവും ആത്മീയവും മാനസികവുമായ വികാസത്തോടൊപ്പം ഒരു രാഷ്ട്രത്തിന്നാവശ്യമായ യഥാർത്ഥ പൗരനെ വാർത്തെടുക്കലാണ് വിദ്യാഭ്യാസം എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. യഥാർത്ഥത്തിൽ നമ്മുടെ വിദ്യാഭ്യാസം ഈ ലക്ഷ്യസാക്ഷാൽകാരം നേടുന്നുണ്ടോ?

വിദ്യാസമ്പന്നരായ വ്യക്തികളുടെ സ്വഭാവവും പ്രവർത്തനങ്ങളും കൂടുതൽ സംസ്കൃതമായിരിക്കണമെന്ന് പൊതുവെ കരുതപ്പെടുന്നു. എന്നാൽ, മേൽ പ്രസ്താവിച്ച മൂല്യച്യുതി വിദ്യാസമ്പന്നരിലാണ് കൂടുതൽ കാണപ്പെടുന്നത്. ഈ വിരോധാഭാസം വിദ്യാഭ്യാസപ്രക്രിയയെ അപഗ്രഥിക്കുന്നതിലും വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി പരിപാടികൾ ആവിഷ്കരിക്കുന്നതിലും നാം കാണിക്കുന്ന അശാസ്ത്രീയവും അലഭാവം നിറഞ്ഞതുമായ കാഴ്ചപ്പാടിൻെറ ദുരന്തഫലമാണ് എന്ന് കാണാൻ കഴിയും.

സാധാരണ ഉന്നത വിദ്യാഭ്യാസങ്ങൾ നേടിയവരാണ് ഉയർന്ന ഉദ്യോഗങ്ങളിലും ഭരണരംഗങ്ങളിലും എത്തിപ്പെടാറ്. അത്തരം മേഖലകളിൽ നടക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും കൈക്കൂലിയും വർഗ്ഗീയമായ തരംതിരിവുകളും കാര്യക്ഷമതയില്ലായ്മയും മൂല്യം കൈമോശം വന്നുപോയ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ദുരന്ത ഫലങ്ങളത്രെ. ഉയർന്ന രംഗങ്ങളിൽ വിരാചിക്കുന്ന വിദ്യാസമ്പന്നരെന്ന് കൊട്ടിഘോഷിക്കുന്ന വലിയവൻമാരേക്കാൾ താഴെക്കിടയിലുള്ള വിദ്യാഹീനരാണണ് ധാർമ്മിക സദാചാര മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നത് എന്ന കാര്യം വിരോധാഭാസമത്രെ.

ഉത്തമ മൂല്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥിയുടെ മനസ്സിനെപാകപ്പെടുത്തുകയാണ് വിദ്യാഭ്യാസത്തിലൂടെ നാം ചെയ്യേണ്ടത്. ശിക്ഷണമായിരിക്കണം അതിൻെറ അടിസ്ഥാന ശില. മനുഷ്യമനസ്സിൻെറ സംസ്കരണവും ആത്മാവിൻെറ ഉന്നതിയും വിദ്യാഭ്യാസത്തിലൂടെ നടക്കണം. ഇന്ത്യാരാജ്യത്ത് അനുദിനം വളർന്നു വരുന്നവർഗ്ഗീയ ഭ്രാന്തിന് ഒരളവോളം വളം വെച്ചു കൊടുക്കുന്നത് നമ്മുടെ തലതിരിഞ്ഞവിദ്യാഭ്യാസനയമാണ് എന്ന് കണ്ടെത്താൻ ഗവേഷണത്തിൻെറ ആവശ്യമില്ല. മതസൗഹാർദ്ധത്തിൻെറയും മാനവ മൈത്രിയുടെയും സന്ദേശങ്ങൾ കുരുന്നു ഹൃദയങ്ങളിൽ അങ്കുരിപ്പിക്കുന്നതിന് പകരം ഇളം മനസ്സുകളിൽ മതവിദ്വേഷത്തിൻെറ അഗ്നി ആളിക്കത്തിക്കാനല്ലാതെ നമ്മുടെ വിദ്യാഭ്യാസത്തിന് മറ്റെന്ത് കഴിയും? ഇന്ത്യയിലെ ഹിന്ദുക്കളെയും മുസ്ലിംകളെയും തമ്മിലടിപ്പിച്ച് തങ്ങളുടെ അധികാരക്കസേര സുരക്ഷിതമാക്കാൻ വെള്ളക്കാരൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയവിദ്യാഭ്യാസ നയം സ്വാതന്ത്ര്യം കിട്ടി നാല് പതിറ്റാണ്ട് കഴിഞ്ഞിട്ടും അപ്പടി തുടരുന്നത് ലജ്ജാവഹമാണ്.

വിദ്യാഭ്യാസ രംഗത്ത് പ്രാചീനകാലം മുതൽ അവഗണിക്കപ്പെട്ട ഒരു വലിയ ജനവിഭാഗം ഇന്നും ഇന്ത്യയിൽ നിലനിൽക്കുന്നു എന്ന ദുഃഖ സത്യം നാം വിസ്മരിച്ചുകൂടാ. വേദകാല ഘട്ടത്തിലെ (Vedic Age) ചാതുർവർണ്ണ്യ വ്യവസ്ഥയിൽ ബ്രാഹ്മണർക്കായിരുന്നു വിദ്യാഭ്യാസത്തിൽ ആധിപത്യം. ക്ഷത്രിയർക്കും വൈശ്യർക്കും അവരവരുടെ സാമൂഹ്യസ്ഥിതിക്ക് അനുയോജ്യമായ വിദ്യാഭ്യാസം മാത്രം നൽകപ്പെട്ടു. ശൂദ്രൻ പാടെ അവഗണിക്കപ്പെട്ടു. ഈ അവഗണന ഇന്നും തുടരുകയാണ്. വിദ്യാഭ്യാസത്തിൽ ബ്രാഹ്മണർ ഇന്നും തങ്ങളുടെ ആധിപത്യം തുടരുകയാണ്. ഭരണരംഗങ്ങളുടെ സിരാകേന്ദ്രങ്ങളിൽ ആസൂത്രിതമായി കയറിപ്പറ്റിയ ബ്രാഹ്മണലോബികൾ പിന്നോക്കവിഭാഗങ്ങളോടുള്ള അവഗണനാ മനോഭാവം ഇന്നും തുടരുകയാണ്. ഈ അനീതിക്കും അധർമ്മത്തിനും എതിരെ വിദ്യാർത്ഥിസമൂഹം പ്രതികരിക്കേണ്ടിയിരിക്കുന്നു. സ്വാർത്ഥനായ രാഷ്ട്രീയക്കാരൻെറ മസ്തിഷ്ക പ്രക്ഷാളനത്തിന് വിധേയരായിരിക്കുമ്പോൾ നമുക്കെങ്ങനെയാണ് പ്രതികരിക്കാൻ കഴിയുക?

ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതി നമുക്കുണ്ടാവണമെന്ന് അഭിലഷിച്ച ഇന്ത്യയുടെ പ്രഥ
രാഷ്ട്രപതി രാജേന്ദ്രപ്രസാദും, വിദ്യാഭ്
സത്തിൻെറ ശരിയായ അർത്ഥം വിദ്യാ
ർത്ഥിയുടെ മനസ്സിനെ ധാർമ്മികവു
ചിന്താപരവുമായ ഉത്തമമൂല്യങ്ങ
അനുഭവിക്കാൻ സഹായിക്കുക എന്നത
ണെന്ന് പ്രഖ്യാപിച്ച ഡോ: സകീ
ഹുസൈനും നമുക്ക് ഓർമ്മകൾ മാത്ര
കാട്ടാളനെ ഒന്നാം തരം മാന്യനാക്കുന്ന
പ്രക്രിയയെന്ന് വിദ്യാഭ്യാസത്തിന് ഭാഷ
നൽകിയ ബട്ലർ നമുക്കിന്നാരുമല്ല
ധാർമ്മിക മൂല്യങ്ങൾ വിദ്യാർത്ഥിയുടെ
മനസ്സിൽ അങ്കുരിപ്പിക്കുകയാണ് വിദ്യ
ഭ്യാസത്തിലൂടെ ചെയ്യേണ്ടതെന്ന് നിർ
ശിച്ച രാഷ്ട്രപിതാവിനെ നാം വെ
വെച്ചു കൊന്നു. ഗോദ്സെ രാഷ്ട്രപിത
വാകാൻ പോകുന്ന ഈ യുഗത്തിൽ ന
ക്കിടയിൽ നിന്ന് ഡോ: സകീ
ഹുസൈനോ, ബട്ലറോ, രാജേന്ദ്രപ്രസ
ദോ, ഗാന്ധിജിയോ ഉയർത്തെഴുന്നേൽക്കു
മോ ആവോ?



പഠിക്കാൻ മോഹമില്ലാഞ്ഞിട്ടല്ല, പക്ഷേ
തെരുവിൻെറ സന്തതിയുടെ ദുഃഖം

# മൂന്ന് കവിതകൾ

## പുതിയ ലോകം

രക്തക്കറ കറുപ്പിച്ച പാതയിലൂടെ
അവൻ നടന്നു.
വിശുദ്ധാത്മാക്കളുടെ ദീനരോധനം
നാലു ഭാഗത്തും
അഴുക്കു ചാലിൽ നിറയെ പുഴുക്കൾ
അവക്ക് മനുഷ്യരൂപം.
തഴമ്പ് വന്ന കൊലക്കയറുകൾ
കറുത്ത താമര
ഇരുതലയുള്ള കഴുകൻ
നേരത്തെ കവാടത്തിൽ കണ്ട
അക്ഷരങ്ങൾ അവനോർത്തു
'രാമരാജ്യം'

## വ്യർഥ വ്യായാമങ്ങൾ

വീഴുന്നു കുംഭഗോപുരങ്ങൾ ഭൂമിയിൽ
ആദർശകരങ്ങളിൽ കുരുക്കുകളും
സൂര്യനും സാഷ്ടാംഗം നമിക്കുന്നു.
അന്ധകാരത്തിന്റെ ക്രൗര്യത്തിനു
മുമ്പിൽ
എങ്കിലും ചിരിക്കുക നീ
കഴുകന്മാർ വലിച്ചെറിഞ്ഞ
ബോസ്നിയൻ സഹോദരിയെ മറന്ന്
കേൾക്കരുത് വടക്കൻ കാറ്റുരക്കുന്ന
വേദനയും കണ്ണീരും
കളയരുത് സമയമൊട്ടും
തുടരുക സമസ്യ സത്വരം
"കൊക്കിന് കാല് ഒന്നൊ രണ്ടോ"



## മയങ്ങുന്ന ഓർമ്മകൾ

പെറ്റമ്മ തൻ കഴുത്തിൽ
ഉത്തരീയം മുറുകുന്നു.
ജരബാധിച്ച പിതൃശരീരം
കാലത്തോട് കയർക്കുന്നു.
ശരമേറ്റ വേഴാമ്പലിന്റെ കണ്ണുകൾ
മേഘങ്ങളിൽ വാൽമീകിയെ തിരയുന്നു.
ദുരിത ഭാരം ചുമന്നവന്റെ സ്വപ്നങ്ങൾ
കിഴക്കൻ കാറ്റിൽ പറന്നു പോകുന്നു.
'ലോകം സുന്ദരം, മനോഹരം' അല്ലേ?

ഒഴിവു സമയം കൊന്നു തീർക്കാൻ
കലാപമോ കൊള്ളയോ വഴി?
അറിയില്ല.
വടക്കൊക്കെ ചെറുപ്പക്കാർ
അങ്ങനെയത്രെ!
അവർക്കുപന്തുതട്ടാൻ
കുഞ്ഞുകങ്ങളുടെ തലയോട്ടികളും
തുടയെല്ലിന്റെ ഹോക്കിവടികളും

വയ്യ പൊറുക്കാനിവിടെ
മാതൃഭൂമിയിൽ വിപ്രവാസിയായ്
മരുഭൂമിയെങ്കിൽ പോലും
അന്യരാജ്യം സുഖപ്രദം!
അവിടെ വിയർക്കുന്നോ
നപ്പമാണല്ലൊ കൂലി.

ഷാജഹാൻ ഖുറൈശി

# മൂന്നു പോസ്റ്റർ കഥകൾ

## പ്രധാന വാർത്തകൾ ഒരിക്കൽകൂടി

മുടന്തി നടക്കുന്ന ഒരാട്ടിൻ കുട്ടിയെ
തട്ടിയെടുക്കാൻ ശ്രമിച്ചതിന്
ബുദ്ധനെ അറസ്റ്റു ചെയ്തു.
നവഖാലിയിൽ
നേരം കെട്ടനേരത്ത്
നേരാം വണ്ണം വസ്ത്രം പോലും ധരിയ്ക്കാതെ
നടന്നു പോവുകയായിരുന്ന
ഒരു വൃദ്ധൻ
സുരക്ഷാ സൈന്യവുമായുള്ള
ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.
ഒരു ഊന്നു വടിയും
കണ്ണടയും സംഭവസ്ഥലത്ത് നിന്ന്
പിന്നീട് കണ്ടെടുത്തു.
അറവുകത്തിയുമായി നിന്ന
കശാപ്പു കാരന്
ആട്ടിൻ കുഞ്ഞുങ്ങളിൽനിന്ന്
ആക്രമമേൽക്കാതിരിക്കാൻ
സൈന്യം കാവലേർപ്പെടുത്തി.
ഇപ്പോൾ എല്ലാം നിയന്ത്രണവിധേയമാണ്.

## നീതി

ആദ്യം കുഞ്ഞിൻെറ ചോറ്റുപാത്രം
ഞങ്ങളെടുത്തു.
സോമാലിയയിൽ പട്ടിണിയാണ്.
ഭക്ഷണം കഴിക്കാതെ ജീവിയ്ക്കാൻ
ഇപ്പോഴേ പഠിക്കേണ്ടേ ?
പിന്നെ കുഞ്ഞിൻെറ കളിപ്പാട്ടം ഞങ്ങൾ
കവർന്നു.
വളരുമ്പോൾ ഈ കളിപ്പാട്ടങ്ങൾ അവർ
ആയുധമാക്കുമെന്ന് മനഃശാസ്ത്രജ്ഞർ-
അവസാനം അവൻെറ അമ്മയേയും
അച്ഛനേയും ഞങ്ങൾ കൊന്നു.
സ്വന്തം കാലിൽ നിൽക്കാൻ അവൻ
പഠിക്കേണ്ടേ ?
പിന്നീട്
അവൻ വാവിട്ടു നിലവിളിച്ചപ്പോൾ ഞങ്ങളുടെ
ഉറക്കം കളഞ്ഞതിന് അവനെതിരെ ഞങ്ങൾ
കേസെടുത്തു.

## അവസ്ഥ

ഒരു കണ്ണടക്കാൻ പറഞ്ഞു.
ഞാൻ രണ്ടു കണ്ണുകളുമടച്ചു.
ഒന്നുവായടക്കാൻ പറഞ്ഞു.
ഞാൻ നാവിനെ ഉറക്കിക്കിടത്തി.
ഒടുവിൽ ഈ മണ്ണിൻെറ മഹത്വം പറഞ്ഞു
അവരെന്നെ മണ്ണടക്കി.

പി.കെ. പാറക്കടവ്

ചർച്ച

# മുൻവിധി

## തീർക്കുന്ന

# മുറിവുകൾ

–: പങ്കെടുക്കുന്നവർ :–

ഗുരു നിത്യചൈതന്യയതി, ഇ.എം.എസ് നമ്പൂതിരിപ്പാട്

എൻ.പി. മുഹമ്മദ്, ഒ.അബ്ദുല്ല

എൻ.കെ. ജോസ്, കെ.ഇ.എൻ. കുഞ്ഞഹമ്മദ്

എം.എസ്. ജയപ്രകാശ്, സി.കെ. അരുൺ കുമാർ

# മുൻവിധി തീർക്കുന്ന മുറിവുകൾ

അന്ധവിശ്വാസങ്ങളുടെയും നിഗൂഢധാരണകളുടെയും മിത്തുകളുടെയും ബലത്തിൽ കെട്ടിപ്പടുത്ത നിഗമനങ്ങളാണ് മുൻവിധികൾ. ഒപ്പം, ഒരു വ്യക്തിയെ കുറിച്ചോ സമൂഹ ത്തെകുറിച്ചോ അയുക്തികവും അടിസ്ഥാനരഹിതവുമായ തീർപ്പുകൽപ്പിക്കലാണത്. വ്യക്തിപരമായ അറിവിൻെറയോ മുൻഅനുഭവങ്ങളുടെയോ നേരിയ പിൻബലം മാത്രമാണ് മുൻവിധികൾക്കുള്ളത്. അത് തെളിവോ തീർച്ചയോ ഇല്ലാത്ത, അതിന് വിധേയമാക്കപ്പെടുന്നവരിൽ മുറിവുകൾ തീർക്കുന്ന വിലയിരുത്തലുകളാണ്. അപൂർവ്വമായി ചിലർക്ക് അർഹി ക്കാത്ത പദവി നൽകുന്ന മുൻവിധികൾ ഭൂരിപക്ഷത്തെയും ദ്രോഹകരമായി ബാധിക്കുന്നു. നമ്മുടെ സമൂഹത്തിൽ വിവിധ മതവിഭാഗങ്ങൾക്കും ജാതികൾക്കുമെതിരെ തീവ്രമായ മുൻ വിധികളാണ് നിലനിൽക്കുന്നത്. ചില മുൻവിധികൾ അത്ര യേറെ അഗാധമായതിനാൽ അതിന് വിധേയരാക്കപ്പെടുന്ന ജനതതിയുടെ അതിജീവനത്തിൻെറ വേരുകൾതന്നെ വെട്ടിമാറ്റ പ്പെടുന്നു.

മുൻവിധികളുടെ പ്രകടനത്തിന് വിവിധ ഘട്ടങ്ങളുണ്ട്. വാക്കുകൾകൊണ്ട് മുൻവിധി പ്രകടിപ്പിക്കുന്നതാണ് ആദ്യഘട്ടം. രണ്ടാംഘട്ടത്തിൽ മുൻവിധി പേറുന്ന ജനത മറ്റുള്ളവരിൽനി ന്നും പൂർണ്ണമായി വിട്ടുനിൽക്കാൻ ശ്രമിക്കുന്നു. അടുത്തഘട്ടം വിവേചനത്തിൻെറതാണ്. സാമൂഹ്യജീവിതത്തിൻെറ വ്യത്യസ്ത തലങ്ങളിൽ വിവേചനങ്ങൾക്കിരയായി ചിലർ ഒറ്റപ്പെടുന്നു. ഒപ്പം, അർഹിക്കുന്നത് നിഷേധിക്കപ്പെടുകയും ചെയ്യുന്നു. നാലാംഘട്ടത്തിൽ മുൻവിധി വെച്ചുപുലർത്തുന്നവർമറ്റുള്ള വരെ ശാരീരികമായി ആക്രമിക്കുവാനും അവരുടെ സ്വൈര ജീവിതം തകർക്കുവാനും മുതിരുന്നു. അവസാന ഘട്ടത്തി ലാവട്ടെ, മുൻവിധിയുടെ ഇരകളെ പരിപൂർണ്ണമായി തുടച്ചു നീക്കുവാനാണ് തുനിയുന്നത്.

ഇന്ത്യയിൽ രൂക്ഷമായ മുൻവിധികൾക്കു വിധേയരാക്കപ്പെ ടുന്ന താഴ്ന്ന ജാതികൾക്കുംമർദ്ദിത ന്യൂനപക്ഷങ്ങൾക്കു മെതിരെ മുൻവിധിയുടെ ഏത് ഘട്ടമാണ് പ്രകടിപ്പിക്കപ്പെടു ന്നത് എന്നന്വേഷിക്കേണ്ടതുണ്ട്. നമ്മുടെ ചിന്താശേഷിയെ നിർവീര്യമാക്കുന്ന മുൻവിധികൾക്കെതിരെ ബോധവാൻ മാരാകേണ്ടത് സാമൂഹ്യപ്രതിബദ്ധയുള്ള ഓരോ വ്യക്തി യുടെയും കടമയാണ്. നമ്മുടെ അന്വേഷണമനോഭാവം നമ്മിൽനിന്നും അകന്നുപോയിക്കൂടാ, വിശകലനബോധം അറ്റുപോയിക്കൂടാ. മുൻവിധികൾ തീർക്കുന്ന വിവിധ പ്രശ്നങ്ങളെ ക്കുറിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നിരവധി ചർച്ചകളും പഠനങ്ങളും നടക്കേണ്ടിയിരിക്കുന്നു. അതിലേക്കുള്ള ചെറിയൊരു കാൽവെയ്പാണ് ഈ ചർച്ച.

എഡിറ്റർ

എഡിറ്റോറിയൽ ബോഡ് തയ്യാറാക്കി അയച്ചു കൊടുത്ത ചോദ്യങ്ങൾ. ചിലർ ചോദ്യങ്ങൾക്ക് നേർക്കു നേരേ പ്രതികരിച്ചിരിക്കുന്നു. ചിലർ മുൻവിധിയെന്ന സാമൂഹ്യ പ്രശ്നത്തെ മൊത്തത്തിൽ വിലയിരുത്തുന്നു.

# പത്ത് ചോദ്യങ്ങൾ

1 മുൻവിധികൾ സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോ?

2 മറ്റുള്ളവരുടെ മുൻവിധി കാരണം നിങ്ങൾ വിവേചന മനുഭവിക്കുകയോ, പീഢിപ്പിക്കപ്പെടുകയോ, അർഹിക്കുന്നത് നിങ്ങൾക്ക് നിഷേധിക്കപ്പെടുകയോ ചെയ്യുന്നുണ്ടോ?

3 നിങ്ങൾക്കെതിരെ മറ്റുള്ളവർ വെച്ചുപുലർത്തുന്ന മുൻവിധി കൾ എന്തൊക്കെയാണ്? എങ്ങിനെയവയോട് പ്രതികരിക്കുന്നു.

4 താങ്കൾ ഏതെങ്കിലും വ്യക്തികളോടോ, വിഭാഗത്തോടോ മുൻവിധിവെച്ചുപുലർത്തുന്നതായി കരുതുന്നുണ്ടോ? ഉണ്ടെ ങ്കിൽ വിശദീകരിയ്ക്കാമോ?

5 താഴ്ന്ന ജാതിക്കാരെന്നു ഗണിക്കപ്പെടുന്നവർ എല്ലാവരിൽ നിന്നും മുൻവിധിക്ക് വിധേയരാക്കപ്പെടുന്നു എന്നത് ശരിയാ ണോ? സ്ത്രീകൾ പുരുഷന്മാരുടെ മുൻവിധികൾക്കിരയാ വുന്നുണ്ടോ?

6 ഇന്ത്യയിൽ നടക്കുന്ന ജാതീയവും സാമുദായികവുമായ കലാ പങ്ങളോട് മുൻവിധികൾ എങ്ങിനെ ബന്ധപ്പെട്ട് നിൽക്കുന്നു?

7 മുൻവിധി സൃഷ്ടിക്കുന്നതിൽ മതം, രാഷ്ട്രീയം, വാർത്താമാ ധ്യമങ്ങൾ തുടങ്ങിയ ഘടകങ്ങൾക്ക് പങ്കുണ്ടോ?

8 മുൻവിധികൾ ഒരു രാഷ്ട്രത്തിന്റെ സുസ്ഥിരതയെയും സമാ ധാനത്തെയും എങ്ങിനെ ബാധിക്കുന്നു.

9 സംഘങ്ങളും വർഗ്ഗങ്ങളും പരസ്പരം വെച്ചുപുലർത്തുന്ന മുൻവിധികൾ പാടെ ഇല്ലാതാക്കാൻ കഴിയുമോ? നില നില്ക്കുന്നവ നിയന്ത്രിക്കുവാനോ, ലഘൂകരിക്കുവാനോ മാർഗ്ഗങ്ങൾ നിർദ്ദേക്കാമോ?

10 താങ്കൾക്കുണ്ടായിരുന്ന ഏതെങ്കിലും മുൻവിധി അനുഭവ ത്തിന്റെ വെളിച്ചത്തിൽ ഇല്ലാതായിട്ടുണ്ടോ?



# ഗുരു നിത്യചൈതന്യയതി

1 മുൻവിധികൾ സാമൂഹ്യപ്രശ്നങ്ങൾക്കും സാമ്പത്തിക പ്രശ്നങ്ങൾക്കും നൈതികപ്രശ്നങ്ങൾക്കും അദ്ധ്യാത്മിക പ്രശ്നങ്ങൾക്കും കടുത്ത കാരണങ്ങളാകുന്നുണ്ട്.

2 മറ്റുള്ളവരുടെ മുൻവിധികാരണം പലരും വിവേചനമനുഭവിക്കുന്നതു ഞാൻ കാണുന്നുണ്ട്. ഞാൻ ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാത്തവനായതുകൊണ്ട് എനിക്കു വിവേചനം അനുഭവമാകുന്നില്ല; ഞാനർഹിക്കുന്നതു സ്വയമേ ഉണ്ടാക്കി എനിക്കു നല്കുന്നതുകൊണ്ടു അതു തരാനോ തരാതിരിക്കാനോ വേറൊരാൾക്കു അവസരമുണ്ടാകുന്നില്ല.

3 എനിക്കെതിരെ ആരെങ്കിലുമുണ്ടോ എന്നു ഞാൻ അറിയുന്നില്ല. എന്നാൽ എൻെറ കാഷായ വസ്ത്രവും സന്യാസി നാമവും അപരിചിതരിൽ മുൻവിധികളുണ്ടാക്കുന്നുണ്ട്. എൻെറ അടക്കമില്ലാത്ത വാക്കുകളെ പലപ്പോഴും തെറ്റിദ്ധാരണ നിറഞ്ഞ മുൻവിധികളോടുകൂടിയാണു ചിലരെങ്കിലും വ്യാഖ്യാനിക്കുന്നത്. ഞാനതിനോടു പ്രതികരിക്കാറില്ല. അതു ലോക സ്വഭാവം എന്നു കരുതി അവരെ പരിഹസിക്കാതെ അവരുടെ നേർക്കു പുഞ്ചിരിക്കാറേയുള്ളൂ.

4 ഞാൻ വ്യക്തികളേയും വിഭാഗങ്ങളേയും മനസ്സിലാക്കുന്നതും വിലയിരുത്തുന്നതും പൂർണ്ണമായ അറിവുണ്ടായിട്ടല്ല. കാഴ്ചയിൽ തന്നെ ഞാനൊരുവനെ പ്രാകൃതനെന്നോ ധിക്കാരിയെന്നോ പാമരനെന്നോ കരുതുന്നു. എന്നാൽ അടുത്തു പെരുമാറുമ്പോൾ എൻെറ ധാരണ നീതീകരിക്കാനാവാത്ത മുൻവിധിയായിരുന്നു എന്നു ചിലപ്പോഴെങ്കിലും ഞാനറിയുന്നു. അപ്പോൾ അതിനെ തിരുത്തുന്നു. വളരെക്കാലമായി മതങ്ങളിലുള്ള നിഷ്ണാതമായ വിശ്വാസം പലരേയും പരിഷ്കൃതമാനസരാക്കിയിരിക്കും.

5 എനിക്കു ജാതിയിൽ തീരെ വിശ്വാസമില്ല, അതുകൊണ്ട് ആരെയും താഴ്ന്നജാതിക്കാരനെന്നോ ഉയർന്ന ജാതിക്കാരനെന്നോ എണ്ണാറില്ല. എന്നാൽ സാമ്പത്തികനിലവാരം ഉയർന്നതായും താഴ്ന്നതായും ഞാൻ കാണുന്നു. അതോടൊപ്പം അവരുടെ പെരുമാറ്റച്ചിട്ടകളിലും വ്യത്യാസം കാണുന്നുണ്ട്, ധനവാന്മാരായവർക്കു കൂടുതൽ കാപട്യംനിറഞ്ഞ ഉപചാരങ്ങൾ കാണിക്കുവാനും ബാഹ്യമായി സംസ്കാരമുള്ളതുപോലെ നടിക്കുവാനും കഴിയുന്നുണ്ട്. നിർദ്ധനർ പ്രായേണ അവരുടെ പെരുമാറ്റത്തെ മിനുക്കിക്കാണിക്കുവാൻ ശ്രമിക്കുന്നില്ല. എൻെറ ഈ ധാരണയിലും മുൻവിധിയുടെ ശകലങ്ങൾ കാണും.


സ്ത്രീകൾ പുരുഷന്മാരുടെ മുൻവിധിക്കു നിശ്ചയമായും വിധേയരാണ്. അതുകൊണ്ടുതന്നെ സ്ത്രീകൾ പുരുഷന്മാരെപ്പറ്റി തീരുമാനമെടുത്തിട്ടുള്ളതും മുൻവിധിയെ ആസ്പദമാക്കിയാണ്.

6 ഇന്ത്യയിൽ നടക്കുന്ന ജാതീയവും സാമുദായികവുമായ കലാപങ്ങളോടു ഏറ്റവും കടുത്ത മുൻവിധികലർന്ന സമീപനം കാണിക്കുന്നതു ദിനപ്പത്രങ്ങൾ, ആനുകാലികങ്ങൾ, റേഡിയോ, ടോലിവിഷൻ എന്നീ മാധ്യമങ്ങളാണ്. അതിൻെറ തന്നെ കുറെക്കൂടി വികലമായ ഒരു മുഖം നമുക്കു മതസാമൂഹികതയിലും പാർട്ടി സാമൂഹികതയിലും കാണുവാൻ കഴിയുന്നുണ്ട്.

7 മുൻവിധി സൃഷ്ടിക്കുന്നതിൽനിന്നും മതത്തിനും രക്ഷപ്പെടാനാവുകയില്ല. എന്തുകൊണ്ടെന്നാൽ മതങ്ങൾ തന്നെ എണ്ണമറ്റ മുൻവിധികളുടെ സമഗ്രമായ ആഭിമുഖ്യമുള്ളതാണ്. നമ്മുടെ രാജ്യത്തെ രാഷ്ട്രീയത മതത്തിൽ സങ്കലിതമായിരിക്കുന്നു. മതത്തിനു രാഷ്ട്രീയതയെ വിട്ടുനില്ക്കാനാവുകയുമില്ല. വാർത്താമാധ്യമങ്ങൾ പലപ്പോഴും ധനവാൻെറ കുത്തയിൽ പെടുന്നതാണ്; അല്ലെങ്കിൽ പാർട്ടിയുടെ, രണ്ടായാലും അവസമൂഹത്തിൽ അലോസരം ഉണ്ടാക്കുന്നവയാണ്.

8 മുൻവിധികളാണു ഒരു രാഷ്ട്രത്തിൻെറ ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും സംസ്കാരത്തിലും ആഴത്തിൽ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്.

9 സംഘങ്ങളും വർഗ്ഗങ്ങളും വച്ചു പുലർത്തുന്ന മുൻവിധികൾ ചരിത്രത്തിൻെറ മുന്നേറ്റത്തിൽ തിരുത്തപ്പെടുന്നു. ഒരു മുൻവിധിയുടെ സ്ഥാനത്ത് വേറൊരു മുൻവിധിവരുന്നു. നമ്മുടെ സാമൂഹികതയെ നിയന്ത്രിക്കുവാനോ ബോധവല്ക്കരണം ചെയ്യുവാനോ കഴിയാത്തമാതിരി രാഷ്ട്രത്തിൻെറ സാമൂഹിക-



സാമ്പത്തിക- സാംസ്കാരികഘടന മിക്കവാറും [illegible]മാക്കാനാവാത്തത്ര കാഠിന്യം പ്രാപിച്ചിട്ടുണ്ട്.

10 എല്ലാ ദിവസവും എൻെറ ഏതെങ്കിലുമൊരു മുൻവിധി അനുഭവത്തിൻെറ വെളിച്ചത്തിൽ ഇല്ലാതായിപ്പോകുന്നു. അതിൻെറ സ്ഥാനത്തു ഇനിയും പരിശോധിക്കേണ്ടുന്നതായ പുതിയ മുൻവിധികൾ അവരോധിക്കപ്പെടുന്നുണ്ടെന്നും എനിക്കറിയാം.

## എൻ.പി. മുഹമ്മദ്

മുൻവിധികൾ വ്യക്തികളുടെ മനസ്സിലാണ് ആദ്യമായുണ്ടാകുന്നത്. അത് , വ്യക്തികളെയോ സംഭവങ്ങളെയോ, ഭാവിയെയോ, ഭൂതത്തെയോ, വർത്തമാനകാലത്തെയോ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വ്യക്തികളുടെ അഭിപ്രായ രൂപീകരണ ശക്തിയായി മാറുന്നു. ഇത് സമൂഹതലത്തിലും വ്യാപകമാകുന്നു. ഏതെങ്കിലും ഒരു പ്രത്യേക മത വിഭാഗത്തെയോ, രാഷ്ട്രീയ വിഭാഗത്തെയോ, തൊഴിൽ വിഭാഗത്തെയോ മുൻവിധിയോടുകൂടി സമീപിക്കുന്ന സ്വഭാവം സമൂഹത്തിലും കാണുന്നു. ചിലപ്പോഴവ സമൂഹപ്രശ്നങ്ങളുടെ പരിഹാര ത്തിന് ഉപയുക്തമാകാറുണ്ട്. എന്നാൽ, പലപ്പോഴും അവ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കിത്തീർക്കുന്നു. സംഘർഷത്തിനു വരെ കാരണമാകുന്നു.

ഇന്ന് യൂറോപ്പിൽ മുസ്ലിം മതവിഭാഗത്തെ ഒരു തരം ഭീകരന്മാരായാണ് കാണുന്നത്. മൂന്നു കാരണങ്ങളാണ് ഇതിനുന്നയിക്കപ്പെടുന്നത്.

1 സാമ്പത്തികമായ കുറ്റം- BCCI എന്ന ബാങ്കിൻെറ തകർച്ച ഇതിനുദാഹരണമായി കാണിക്കുന്നു.

2 സൽമാൻ റുഷ്ദി സ്ഭവം ആസ്പദമാക്കി, യുക്തിബോധം മുസ്ലിംകളുടെ സ്വഭാവ സവിശേഷതയിൽ ഇല്ലെന്ന് മുൻവിധിയെഴുതുന്നു.

3 യൂറോപ്പിലെ മുസ്ലിം കുടിയേറിപ്പാർപ്പ് **ഇക്കാരണത്താൽ** യൂറോപ്പ്യർ ഭയപ്പെടുകയും **വർണ്ണവിവേചനത്തിൻെറതായ** ഒരു ധാരണ **സൃഷ്ടിക്കപ്പെടുകയും** ചെയ്യുന്നു. ജർമ്മനിയിലെ തുർക്കി **കുടിയേറിപ്പാർപ്പുകാരെ** നിയോ-നാസികൾ **ചുട്ടുകരിക്കുന്നതും** അവരുടെ വ്യാപാര സ്ഥാപനങ്ങൾ **നശിപ്പിക്കുന്നതും** ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

മുസ്ലിംകളും കൃസ്ത്യാനികളും തമ്മിൽ **പൂർവ്വകാലത്ത്** നടന്ന കുരിശുയുദ്ധങ്ങളുടെബോധം **ഇപ്പോഴും അവരുടെ** ഉപബോധതലത്തെ അലട്ടുന്നുണ്ട്. **യൂറോപ്പിൻെറ** **മേപ്പിൽ** ഒരു മുസ്ലിം രാഷ്ട്രം **കൃസ്ത്യൻ സമൂഹത്തിന്** സത്യത്തിൽ സഹിക്കാൻ വയ്യ. ഇതാണ് **ബോസ്നിയയുടെ** അടിസ്ഥാന പ്രശ്നം.

ഉപബോധതലത്തിലാണ് മുൻവിധിയുടെ **ജനനം. ഈ** മുൻവിധികൾ, ബാഹ്യപ്രവർത്തനങ്ങളിൽ **അഞ്ചു** രീതിയിലാണ് പ്രവർത്തിക്കുന്നത്.

1. വിവേചനം, 2. പക്ഷപാതം, 3. **സമൂഹങ്ങളെ** സ്റ്റീരിയോടൈപ്പായി കാണുന്ന രീതി, 4. **യാതൊരു** യുക്തിയുമില്ലാത്ത പ്രവചന സമ്പ്രദായം, **5. പരിഹാസ** നാമകരണം.

പണ്ട് കുട്ടികളെ ഉറക്കാൻ വേണ്ടി പട്ടാണി വരുന്നു **എന്ന്** പറഞ്ഞുപേടിപ്പിക്കാറുണ്ടായിരുന്നു. **ടിപ്പുവിൻെറ** പടയോട്ടകാലത്ത് മലബാറിലെ **ജന്മിമാർക്കുണ്ടായ** ദുരിതാനുഭവങ്ങളുടെ **അതിശയോക്തികലർന്ന വിവരണ** മാണ് സമൂഹമനസ്സിൽ ഇത്തരമൊരു **മുൻവിധി** സൃഷ്ടിച്ചത്. 1921 -ലെ മലബാർ കലാപത്തെ **ആധാര** മാക്കി കുമാരനാശാൻ എഴുതിയ **ദുരവസ്ഥയിൽ,**


"മാപ്പിളയെന്നുള്ള നാമവും കയ്ക്കുന്നു.
വേപ്പിലയേക്കാൾ കഠിനം തന്നെ" **എന്ന് പാടി. ഒരു** സമുദായം മുഴുവൻ അങ്ങിനെയാകുമോ?. **എല്ലാ** സമൂഹത്തിലും നല്ലവരും ചീത്തയുമില്ലേ?

രണ്ടാമതായി വിവേചനം തന്നെയെടുക്കുക. **വിദ്യാഭ്യാസം,** ജോലി എന്നിത്യാദികളിൽ **വിവേചനബോധ** മില്ലെന്ന് ആർക്കു പറയാൻ കഴിയും? **മണ്ഡൽ കമ്മീഷൻ** റിപ്പോർട്ട് ഇപ്പോഴുമിവിടെ **വിവാദവിഷയമാണല്ലോ?** തങ്ങൾക്കിഷ്ടമില്ലാത്ത **സമുദായത്തെ** സ്റ്റീരിയോടൈപ്പായി കാണുന്ന രീതിയും **മുൻവിധിയിൽ** നിന്നു വരുന്നതാണ്. കള്ളിത്തുണിയുടുത്ത്, **അരയിൽ** കൈപ്പത്തിവീതിയുള്ള അരപ്പട്ട ചുറ്റി **അതിൽ നീണ്ട** കത്തിയും, നാല് മൂലയുള്ള **മാപ്പിളത്തൊപ്പിയും,**

## ഇ.എം.എസ്. നമ്പൂതിരിപ്പാട്.

ചോദ്യാവലിയിൽ കൊടുത്ത ഓരോ ചോദ്യത്തിനും [പ്ര]ത്യേകം പ്രത്യേകം മറുപടി പറയുന്നതിനു പകരം [പൊ]തുവിലൊരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു.

**"മുൻവിധി"**യെ സംബന്ധിച്ച നിങ്ങളുടെ ധാരണ [ശരി]യല്ലെന്നാണ് എൻെറ അഭിപ്രായം. "അന്ധവിശ്വാസ[ങ്ങ]ളുടേയും നിഗൂഢ ധാരണകളുടേയും മിത്തുകളുടേയും [ത]ലത്തിൽ കെട്ടിപ്പടുത്ത നിഗമനങ്ങ"ളെന്നു നിങ്ങൾ [വി]ളിക്കുന്നതിനു വസ്തുനിഷ്ഠമായ ഒരടിസ്ഥാനമുണ്ട്. വർഗ[സ]മൂഹവും അതിൻേറതായ ആശയപ്രപഞ്ചവും തൊഴി[ലാ]ളി വർഗ്ഗത്തിൻെറ ആശയപ്രപഞ്ചത്തെ ബൂർഷ്വാ[സി]യും ഭൂപ്രഭു വർഗവും "മുൻവിധി"യായാണ് കാണു[ന്ന]ത് – മറിച്ചും. ഇന്നത്തെ ഇന്ത്യയിൽ മറ്റുള്ളവർ മതനിര[പേ]ക്ഷവീക്ഷണമായി കാണുന്നതിനെ ഹിന്ദുവർഗീയ[വാ]ദികൾ എതിരാളികളുടെ ''മുൻവിധി''യായാണ് [കാ]ണുന്നത്. പിന്നോക്ക ജാതിക്കാരുടെ അവകാശങ്ങളെ [മു]ന്നാക്കജാതിക്കാർ "മുൻവിധി" യായിക്കാണുന്നു. ഈ [യാ]ഥാർത്ഥ്യം കാണാതെയാണ് "മുൻവിധി" സംബന്ധിച്ച [കു]റിപ്പും ചോദ്യാവലിയും നിങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. [അ]തിനോടു ഞാൻ യോജിക്കുന്നില്ല.




നെറ്റിയിൽ നിസ്കാരത്തഴമ്പുമുള്ള ഒരു കോലമായിരുന്നു മാപ്പിളമാർ നമ്മുടെ നാടകങ്ങളിൽ. നമ്മുടെ സിനിമകളിൽ ഇപ്പോഴും ഈ പതിവ് ഉണ്ട്.

മറ്റൊന്ന് സ്വയം പ്രവചനരീതിയാണ്. മുസ്ലിംകൾക്ക് നാല് പെണ്ണുകെട്ടുവാനുള്ള സ്വാതന്ത്ര്യം ഇപ്പോൾ മുസ്ലിം പേഴ്സണൽ ലോയിൽ ഉണ്ട്. മുസ്ലിംകളിൽ ഈ രീതി ഇങ്ങിനെ ഇന്നില്ല. മുസ്ലിംകളിൽ സന്താന നിയന്ത്രണം ഒട്ടുമില്ല എന്ന ആക്ഷേപമുണ്ട്. ഇത് അടിസ്ഥാനമാക്കി അരനൂറ്റാണ്ട് കഴിഞ്ഞാൽ ഇന്ത്യയിൽ മുസ്ലിം ഭൂരിപക്ഷം കൂടും എന്നുള്ള പ്രസ്താവനകൾ BJP യിൽ നിന്നു കേൾക്കാം.

അടുത്തത് എത്ത്നോപോളിസമാണ്-നിന്ദ്യനാമവത്കരണം. മുസ്ലിംകൾ മ്ലേച്ഛരാണെന്ന ചിരപുരാതനമായ ഇന്ത്യൻ മനസ്സിൻെറ ധാരണ. ഇതുപോലെ മുസ്ലിംകൾക്ക് മറ്റുള്ളവരെക്കുറിച്ചും ധാരണകളുണ്ട്. അതുകൊണ്ട് സമൂഹത്തെ ഞങ്ങളും നിങ്ങളും എന്ന് പങ്കുവെക്കുന്നു.

3 എനിക്ക് വ്യക്തിപരമായി, മുൻവിധിമൂലം അവഗണനകളോ, പീഡനങ്ങളോ, അർഹിക്കുന്നത് നിഷേധിക്കലോ ഉണ്ടായിട്ടില്ല. അപൂർവ്വം ചില അവസരങ്ങളിൽ എന്നെ മറ്റുള്ളവർ മുൻധാരണവെച്ച് കാണാറുണ്ട്.

ഞാൻ മറ്റുള്ളവരെക്കുറിച്ച് മുൻവിധിവെച്ചു പുലർത്തുന്നില്ല. പക്ഷേ, എൻെറ ഉപബോധതലത്തിൽ നിന്നുള്ള ബഹിർസ്ഫുരണങ്ങളിൽ ചിലപ്പോഴെങ്കിലും



## ഗാന്ധിജിക്കും മുൻവിധിയോ ?

"നടരാജ ഗുരു മദ്രാസ് പ്രസിഡൻസി കോളേജിൽ സുവോളജി ലക്ചറായിരിക്കുമ്പോൾ മഹാത്മാഗാന്ധി മദ്രാസ് സന്ദർശിക്കുന്നതറിഞ്ഞു. ചിന്താദിപെട്ടിലെ ആദിദ്രാവിഡ സംഘത്തിൻെറ വകയായി ഗാന്ധിജിക്ക് ഒരു റോസാപൂ ഹാരം ഒരു ആദിദ്രാവിഡൻ (പറയൻ) അണിയിക്കാൻ അനുവദിക്കണമെന്ന് നടരാജഗുരു ഗാന്ധിജിയോടാവശ്യപ്പെട്ടു. എന്നാൽ ചത്ത പശുവിനെ തിന്നുന്ന പറയർ തൊട്ട ഹാരം തൻെറ കഴുത്തിലിടാൻ പാടില്ലെന്ന് ഗാന്ധിജി വളരെ തറപ്പിച്ചു പറഞ്ഞു. മാലയുമായി വന്ന ആദി ദ്രാവിഡർ മനസ്ഥാപത്തോടെ മടങ്ങിപ്പോയി. മഹാത്മാഗാന്ധിയുടെ അഹിംസാസിദ്ധാന്തത്തിലും ഖദർ പ്രസ്ഥാനത്തിലുമെല്ലാം വളരെ താൽപര്യമുണ്ടായിരുന്ന നടരാജഗുരു പിന്നെ തൻെറ അവസാനകാലം വരെ ഈ സംഭവത്തെ ഹൃദയത്തിലുണ്ടായഉണങ്ങാത്ത മുറിവായി കൊണ്ടു നടന്നിരുന്നു." [നടരാജഗുരുവിൻെറ ശിഷ്യൻ നിത്യചൈതന്യയതിയുടെ 'മനശാസ്ത്രം ജീവിതത്തിൽ' എന്ന പുസ്തകത്തിലെ 244-ാംപേജിൽനിന്ന്]

മുൻവിധികളുടെ പ്രകടനം ഉണ്ടാകാറുണ്ട്. രാഷ്ട്രീയ സമീപനത്തിൽ, കേരളത്തിലെകോൺഗ്രസിലെ, എന്നെ അറിയാത്ത ചില വ്യക്തികളോട് ഞാൻ ഒരു തരം പക്ഷപാതം പുലർത്തുന്നു എന്നത് ശരിയുമാണ്. ചിലരെ എനിക്ക് കണ്ടുകൂടാ; അത് യുക്തിസഹമായ ഒരു വീക്ഷണമല്ല എന്നെനിക്കറിയാം.

5 സമൂഹത്തിൻെറ എല്ലാ അട്ടികളിലും തലങ്ങളിലും മുൻവിധിമൂലമുള്ള വിവേചനം നിലനില്ക്കേ, താഴ്ന്ന ജാതിക്കാരാണ് കൂടുതൽ മുൻവിധിക്ക് വിധേയരാകുന്നത് എന്ന് പറയുന്നത് ഒരു മുൻവിധിയാണ്. അപ്പോൾ താഴ്ന്ന ജാതിക്കാർക്ക് അവരുടെ മനസ്സിൻെറ അഗാധതയിൽ അധമബോധത്തിൻേറതായ ഒരംശം ഉണ്ടെന്നല്ലേ സൂചിപ്പിക്കുന്നത്? ടാഗോർ പറഞ്ഞപോലെ, ഭയമില്ലാത്ത മനസ്സ്, ഉയർത്തിവെച്ച ശിരഷം, സ്വതന്ത്രമായ വിജ്ഞാനം ഇവ വ്യക്തികളുടെ ഉള്ളിൽ രൂഢമൂലമായാൽ ഇത്തരം മുൻവിധികളെ മറികടക്കാൻ സാധിക്കും. ആധുനിക ജീവിതം അതിനുള്ള സാഹചര്യം നൽകുന്നുണ്ട്. മനുഷ്യനെ തുല്യനായി കാണുക എന്നുള്ളതാണ് പ്രധാനം.

സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ച് ഇന്ത്യൻ പതിതാവസ്ഥ എന്താണെന്നത് സുവ്യക്തമാണല്ലോ. പുരുഷ പ്രാധാന്യമുള്ള ഒരു സമൂഹത്തിൽ സ്ത്രീ ഒരു കാഴ്ചപണ്ടമോ, ഉപഭോഗവസ്തുവോ ആയി തരം താണുപോകുന്നു.

6 സാമുദായിക കലാപങ്ങൾ ഇന്ത്യയുടെ മുഖം വികൃതമാക്കിയിട്ടുണ്ട്. ചാതുർവർണ്ണ്യം എപ്പോഴും ഇന്ത്യൻ മനസ്സിൽ ഉണ്ടായിരുന്നു. സവർണർ അത്, അധികാരസ്ഥാപന യന്ത്രമായി സമർത്ഥമായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. ഇന്നുമുപയോഗിക്കുന്നു. ഇവ സംഘർഷങ്ങൾക്ക് കാരണമാകാറുണ്ട്. മുസ്ലിംകളും ഹിന്ദുക്കളും തമ്മിൽ, ഇന്ത്യയിൽ തുടരെതുടെരെയുണ്ടാകുന്ന

കാലാപങ്ങൾ മൗലികമായും മുൻവിധിയുടെ ബാഹ്യ പ്രകാശനമാണ്.

7 മുൻവിധി സൃഷ്ടിക്കുന്നതിൽ മതവും രാഷ്ട്രീയവും മാത്രമല്ല, മറ്റു നിരവധിഘടകങ്ങൾ ഉണ്ട്. അവയൊക്കെ വിശദീകരണവും പഠനവും അർഹിക്കുന്നു. ഇലക്ട്രോണിക്സ് മാധ്യങ്ങളിൽ ഞൊടിയിടകൊണ്ട് മാഞ്ഞുപോകുന്ന വർണപകിട്ടുള്ള ദൃശ്യങ്ങൾ മനുഷ്യ ന്റെ വിവേചന ബോധത്തെ നശിപ്പിക്കാൻ പര്യാപ്ത മാണ്. അതുകൊണ്ടാണ് മിക്ക ഗവർൺമെൻറുകളും TV സർക്കാർ മാധ്യമമായി മാററിയിട്ടുള്ളത്. കൊടിയും തോരണങ്ങളും ക്രമപ്പെടുത്തിയ മുദ്രാവാക്യങ്ങളും ബാൻറു സംഗിതവും ചിട്ടപടിയുള്ള നടത്തവുമുള്ള റാലികൾ, അത് കാണുന്ന മനുഷ്യനെ ഒരു നിമിഷം സ്തബ്ദമാക്കുന്നു. നാസിസം ജർമ്മനിയിൽ ജനസ്വാധീനം നേടിയത് ഇപ്രകാരമായിരുന്നുവെന്ന് സാമൂഹ്യനിരീക്ഷകർ വ്യക്തമാക്കിയിട്ടുണ്ട്.


8 രാഷ്ട്രം എന്നത് ഒരു ആധുനിക സങ്കല്പമാണ്. വ്യവസായ വിപ്ലവാനന്തരം മുതലാളിത്ത വ്യവസ്ഥിതിയിൽ ഉരുത്തിരിഞ്ഞുവന്ന ഈ സങ്കല്പനത്തിൻെറ പിറകിൽ ഫ്രഞ്ചുവിപ്ലവത്തിൻെറ മുദ്രാവാക്യങ്ങളായ സന്ദർഭം, സമത്വം സ്വാതന്ത്ര്യം എന്നിവയുടെ സ്വാധീനമുണ്ടായിട്ടുണ്ട്. ഈ സ്വാഭാവിക വികാസം ഇന്ത്യയിൽ ഉണ്ടായിട്ടില്ല. ഇവിടെ ഇപ്പോഴും മനുഷ്യർ തുല്യരല്ല. ചിലർ കൂടുതൽ തുല്യരാണെന്നാണ് പറയുന്നത്. സാന്ദർഭിക സമത്വം ഉണ്ടായിട്ടില്ല. അതിനാൽ തൊഴിൽപരമായ വിതരണത്തിൽ നീതിനിഷേധിക്കപ്പെടുന്ന വലിയ ഒരു വിഭാഗമുണ്ട്. മനുഷ്യസ്വാതന്ത്ര്യത്തെകുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങൾക്ക് ഒട്ടുമുക്കാലും വികലമോ, ഭാഗികമോ ആണ്. വ്യക്തിയുടെ ഹൃദയവികാസം അടിസ്ഥാനപ്പെടുത്തിയാണ് സ്വാതന്ത്ര്യത്തെ കാണേണ്ടത്. അല്ലാതെ ഒരു കൂട്ടർക്ക് മറ്റൊരു കൂട്ടരുടെ മേൽ ആധിപത്യം സ്ഥാപിക്കാനുള്ള അധികാരമോഹം സ്വാതന്ത്ര്യത്തിൻെറ വേഷമണിഞ്ഞു വന്നാൽ അതെപ്പോഴും ആപൽക്കരമായ സ്ഥിതിവിശേഷമായിരിക്കും സൃഷ്ടിക്കുന്നത്.

ഇന്ത്യയെ ഒരു രാഷ്ട്രമെന്ന് പറയാനാവില്ല. ഇന്ത്യ ഒരു രാഷ്ട്രീയയാഥാർത്ഥ്യമായിട്ടില്ല. ഉപസംസ്കാരങ്ങളും മറ്റുമൊക്കെയാണ് നമ്മുടെ മനസ്സിനെഇപ്പോഴും ഭരിക്കുന്നത്. തമിഴർക്ക് ഭാഷയോടുള്ള ആഭിമുഖ്യം ഉദാഹരണം. അതൊരുതരം അഴിയാകുരായി മാറുന്നു.

9 സംഘങ്ങളും വർഗ്ഗങ്ങളും പരസ്പരം വെച്ചുപുലർത്തുന്ന മുൻവിധികൾ പാടെ തുടച്ചു നീക്കാൻ സാധിക്കുമോ എന്നെനിക്ക് പറയാൻ കഴിയില്ല. പക്ഷെപ്രബുദ്ധതയുടേതായ ഒരു യുഗപ്പിറവിയുണ്ടായാൽ ഏറെക്കുറെ പഴയ മുൻധാരണകൾ കാലഹരണപ്പെട്ടു പോയേക്കാം. ഒപ്പം, പുതിയ മുൻധാരണകൾ ഉണ്ടാകാനുള്ള സാഹചര്യത്തെ നിഷേധിക്കുവാനും കഴിയില്ല. ഇതിൽക്കവിഞ്ഞ ഒരു പ്രായോഗിക് നിർദ്ദേശം നല്കുന്നത് എൻെറ വ്യക്തി ബോധത്തെ ഞാൻ തന്നെ അപഹസിക്കാലായിരിക്കും.

10 എനിക്കുള്ള പല മുൻവിധികളും അനുഭവത്തിൻെറ വെളിച്ചത്തിൽ ഇല്ലാതായിപ്പോയിട്ടുണ്ട്

●




## ഒ. അബ്ദുല്ല

മുൻവിധി മനുഷ്യസഹജമാണ്. അതൊഴിവാക്കുക സാധ്യമല്ല. എങ്കിലും സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമായി തീരുമ്പോൾ അവ വിശകലനം ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുകയും വേണം. മുൻവിധികൾ പൂർണ്ണമായി ഇല്ലാതാക്കാമെന്ന വിശ്വാസം എനിക്കില്ല.

ഇന്ത്യയിൽ ഏററവും അധികം മുൻവിധിക്ക് വിധേയ രാവുന്നത് ദലിത്-മുസ്ലിം-പിന്നോക്ക വിഭാഗങ്ങളാണല്ലോ. സവർണ്ണ-ആഢ്യ വർഗ്ഗങ്ങളാണ് ചിത്രത്തിൽ വില്ലൻെറ റോളിൽ എന്നതിന് ഫലമായി സവർണ്ണർക്കെതിരായ ഒരു തരം കടുത്ത വൈരം സവർണ്ണേതരരിൽ വളർന്നു വന്നിരിക്കുന്നു. ചമ്പൽതാഴ്വരയിലെ കുപ്രസിദ്ധ കൊള്ളക്കാരി ഫൂലൻദേവി തൻെറ പരാക്രമങ്ങൾക്ക് സവർണ്ണ വിരുദ്ധപ്രത്യയശാസ്ത്ര മുഖാവരണം നല്കിയപ്പോൾ ആ സ്ത്രീയെ തോളിലേറ്റി നടക്കുവാൻ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ തല്ലാരംഭിച്ചിരിക്കുകയാണ്. 22 സവർണരെ വെടിവെച്ച് കൊന്നതാണ് ഫൂലൻെറ പോരിശ.

സവർണ വർഗ്ഗം ഒന്നടങ്കം ദുഷ്ടന്മാരോ ഭീകരന്മാരോ അല്ല. സാത്വികരും നല്ലവരുമായ എത്രയെങ്കിലും പേർ സവർണ്ണരിലുണ്ട്. അവർണ-പിന്നോക്കവർഗ്ഗങ്ങളുടെ ഉദ്ധാരണത്തിനു വേണ്ടി അവരെക്കാൾ ഭംഗിയായി മെയ്മേൽമറന്നദ്ധ്വാനിക്കുന്ന സവർണരുണ്ട്. സവർണ രൊക്കെയും ചീത്തയും വെടിവെച്ചുകൊല്ലപ്പെടേണ്ടവരുമാണെന്ന മുൻവിധി അവർണരൊക്കെയും നല്ലവരും ജീവിക്കാനർഹരുമാണെന്ന മുൻവിധി പോലെത്തന്നെ അബദ്ധജടിലമാണ്.

മുസ്ലിംകളെയും ദലിത് വിഭാഗങ്ങളെയും സംബന്ധിച്ച് ഇന്ത്യൻ സമൂഹത്തിൽ നിലനില്ക്കുന്ന മുൻവിധികൾ അഗാധവും അസഹനീയവുമത്രെ. ആര്യമേലാളന്മാരും പുരോഹിത പരിഷകളും ചേർന്നു നിർമ്മിച്ച മതത്തിൻെറ സ്വർണ്ണ നൂൽകൊണ്ടുബന്ധിതരായ ഇന്ത്യയിലെ അവർണവിഭാഗം മനുഷ്യചരിത്രത്തിലെ തന്നെ തുല്യതയില്ലാത്ത ക്രൂരതക്ക് ഉദാഹരണമാണ്. ഇത്ര ക്രൂരമായി, എന്നാൽ ഭംഗിയായി, സമൂഹത്തിലെ മഹാഭൂരിപക്ഷത്തെ തങ്ങളുടെ ആജ്ഞാനുവർത്തികൾ മാത്രമല്ല, പട്ടിയെക്കാളും കീടങ്ങളെക്കാളും താഴ്ന്നവരായി ഗണിച്ച്, മതത്തിൻെറ മേൽവിലാസത്തിൽ അതവരെക്കൊണ്ടുതന്നെ അംഗീകരിപ്പിക്കുകയും അത്തരം ചട്ടങ്ങളെ അനുസരിക്കുന്നതിൽ പൂർണനിഷ്കർഷത ഉറപ്പുവരുത്തു



കയും ചെയ്യുന്ന ഒരു നിഷ്ഠൂര നിയമം മനുഷ്യചരിത്രത്തിന്റെ സുദീർഘമായ പ്രവാഹ പദത്തിൽ മറ്റൊരിടത്തും ദൃശ്യമല്ല.

ഈ അധസ്ഥിത വിഭാഗത്തിൽനിന്നു പരിവർത്തനം ചെയ്യപ്പെട്ടവരാണ് എന്നതാണ് മുസ്ലിംകൾക്കെതിരായ വിരോധത്തിനും മുൻവിധികൾക്കുമാധാരം. മക്കാവിജയത്തിനു ശേഷം മുഹമ്മദ് നബി സ്വന്തം കൈകൾ കൊണ്ടു ബിംബങ്ങളെ ആഞ്ഞുവെട്ടിയപ്പോൾ അതിന്റെ പ്രകമ്പനം ദിഗന്തങ്ങളിൽ മാറ്റൊലികൊണ്ടു. തങ്ങൾ പരിപാവനമായി കരുതിപോന്നിരുന്ന ബിംബങ്ങൾക്ക് പോറൽപോലുമേൽക്കുന്നത് വിശ്വാസികൾക്ക് സഹിക്കാൻ കഴിയുന്നതായിരുന്നില്ല. എന്നിരിക്കെ, ആ ബിംബങ്ങളെ ഒരാൾ സ്വന്തം കൈകൾ കൊണ്ടു തച്ചുടച്ച ശേഷവും അദ്ദേഹം സുഖസുന്ദരമായി കൈവീശി നടക്കുന്നതു കണ്ടപ്പോൾ ജനഹൃദയങ്ങളിൽനിന്നും ബിംബങ്ങൾ കടപുഴകിവീണു. ഈ വീഴ്ചയുടെ മാറ്റൊലി ഇന്ത്യയിലെ അധസ്ഥിത മനസ്സുകളിൽ അനുരരണം സൃഷ്ടിച്ചു.

ബിംബങ്ങൾ തകർന്നപ്പോൾ അതിന്റെ മറവിൽ നടത്തപ്പെട്ട ചൂഷണസമ്പ്രദായത്തിന്റെ അടിത്തറക്ക് വിള്ളൽ സംഭവിച്ചു. സവർണ മനസ്സിന്റെ ഈ വെകിളിയെ ഇസ്ലാമിന്റെ സോഹോദര്യസിദ്ധാന്തം ഒരു വെപ്രാളമാക്കിമാറ്റി. ഇസ്ലാമിൽ ഒരൊറ്റ ജാതിയെ ഉള്ളൂ– മനുഷ്യജാതി. ആർക്കും ആരെക്കാളും ജനനം കൊണ്ട് അരക്കയഞ്ചു യോഗ്യതയില്ല.

ഇന്നലെവരെ തമ്പ്രാന്റെ ആലയിലെ വളക്കുഴിയിൽ ചാണകം നീക്കിയുംമുടിവളർത്താനോ, മീശവെക്കാനോ, പാദരക്ഷധരിക്കാനോ, അവകാശമില്ലാതെ കൂലിവേല ചെയ്തു തമ്പ്രാൻ പടിക്കൽ നടുവളഞ്ഞും തലകുനിച്ചും കാത്തുനിന്നവൻ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്തപ്പോൾ മുടിവളർത്തിയും പള പള കരയുന്ന ചെരിപ്പിട്ടും അത്തർ പൂരട്ടിയും കൈവീശി അങ്ങാടിയി ലൂടെ നടന്നും പീടികയിൽ തമ്പ്രാന്റെ അടുത്തുവന്നു കാലിന്മേൽ കാൽ കയറ്റിവെച്ച് വർത്തമാനം പറയാനും തമ്പ്രാൻകുടിക്കുന്ന അതേ ഗ്ലാസിലും പാത്രത്തിലും ഭക്ഷണം കഴിച്ചും ധിക്കാരം കാട്ടിത്തുടങ്ങിയാൽ ഈ ധിക്കാരത്തിനു പ്രേരിപ്പിച്ച പ്രത്യശാസ്ത്രത്തെ ആനാണെങ്കിലും പൊറുപ്പിക്കില്ല! പീഢനങ്ങളുടെ നൂറ്റാണ്ടുകളെ കാൽകൊണ്ടു ചവിട്ടിയകറ്റി പീഢിതരെ തലകുത്തനെ നിർത്തുന്ന ഈ പ്രക്രിയയിലേക്കുള്ള മാറ്റമാകട്ടെ വളരെ വളരെ ലളിതവും. അല്ലാഹുമാത്രമെ ദൈവമായുള്ളൂ,



മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണെന്ന് അറിയാവുച്ചിരിക്കുന്ന ആർക്കും നിമിഷം കൊണ്ട് ഈ പരിവർത്തനം സാധ്യമാണെന്ന്വന്നതോടെ തലമുറകളെ രായ്ക്കുരാമാനം തലമാറ്റിനിർത്തുന്ന ഈ സിദ്ധാന്തം സവർണ്ണ തമ്പുരാക്കാന്മാർക്ക് ചതുർഥിയായി അനുഭവപ്പെട്ടു.

അവർ ഇസ്ലാമിനെ വികൃതമായും ഭാകരമായും ചിത്രീകരിക്കുന്നു. പതിമൂന്നുകൊല്ലത്തെ പീഢനത്തെ നിശ്ശബ്ദമായി നേരിട്ട്, ഗത്യന്തരമില്ലാതെ മദീനയിലേക്ക് പാലായനം ചെയ്ത പ്രവാചകൻ അവിടെയും പിടികൂടപ്പെടുമെന്നായപ്പോൾ രണ്ടുംകല്പിച്ച് യുദ്ധത്തിനിറങ്ങി. വെറും 313 പേർ ഏറെക്കുറെ നിരായുധരായി, അംഗത്തിലും ആയുധബലത്തിലും മൂന്നിരട്ടിവരുന്ന ശത്രുപക്ഷത്തോട് യുദ്ധത്തിനിറങ്ങിയപ്പോൾ ശത്രുവിനെ ആഞ്ഞുവെട്ടുവാനും തലകൊയ്യാനുമൊക്കെ നിർദ്ദേശിക്കപ്പെട്ടു. യുദ്ധക്കളത്തിൽ കടലകൊറിച്ചും വെറ്റില മുറുക്കിയും സമയം കളയണമെന്നു പറയുന്നതിനു പകരം മിഴിച്ചു നില്ക്കാതെ ശത്രുവിനെ നേരിടണമെന്നു പറഞ്ഞത് എത്രയും സ്വാഭാവികമായിരുന്നു.

ഈ വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തുണ്ടാക്കിയ പുകമറയാണ് മുസ്ലിംകൾ "കാഫിറി"നെ കൊല്ലാൻ ആജ്ഞാപിക്കപെട്ടവരാണെന്ന മുൻവിധിക്ക് വലിയൊരവോളംകാരണം. മൂന്നു ഡസനിലധികം മുസ്ലിം നാടുകൾ ഇന്നും ലോകത്തുണ്ട്. അവയിൽപലതിലും നല്ല ശതമാനം അമുസ്ലിംകളുണ്ട്. ഈജിപ്തിലേയും ലബനോണിലേയുംപോലെ ഭരണരംഗത്ത് ഇവയിൽ ചിലതിൽ അമുസ്ലിംകൾക്കാണ്

പ്രാമുഖ്യം. അമുസ്‌ലിമിനെ കൊന്നാൽ സ്വർഗ്ഗം കിട്ടുമെങ്കിൽ ഈ രാജ്യങ്ങളിലൊക്കെയുള്ള മുസ്‌ലിംകൾ എന്തുകൊണ്ട് ആ എളുപ്പവഴിയന്വേഷിക്കുന്നില്ല ?

നൂറ്റാണ്ടുകളായി ശിരസ്സിലും മനസസിലും പേറുന്ന അടിമത്തചങ്ങലകൾ ഇന്ത്യയിലെ സവർണ്ണേതര വിഭാഗങ്ങളിൽ ചില പരുക്കൻ പാടുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നത് വാസ്തവമാണ്. അതവരെ വിനയം കുറഞ്ഞ വരും മര്യാദകെട്ടവരും വികാരജീവികളും ക്ഷിപ്രകോപികളൊക്കെയാക്കി തീർത്തിട്ടുണ്ടെങ്കിൽ അതിൻെറ കാരണം മേൽ പറഞ്ഞതാണ്.

ചുറ്റുപാടുകളുടെ സൃഷ്ടിയാണ് മുൻവിധികൾ. അവ എപ്പോഴും അയഥാർത്ഥങ്ങളോ അസത്യങ്ങളോ അല്ല. ചുറ്റുപാടുകൾ മാറുമ്പോൾ മുൻവിധികളും മാറും. എന്നുവെച്ച് അവ തീരെ ഇല്ലാതാവുന്നില്ല. ജൂതന്മാർ ചതിയന്മാരാണെന്നും, അയർലണ്ടുകാർ പിശുക്കന്മാരാണെന്നുമുള്ള മുൻവിധി മാറാനുള്ളതല്ല. മുൻവിധിക്ക് മതവും ജാതിയുമില്ല. ഭൂമിശാസ്ത്രപരമായ അതിർ വരമ്പുകളും അതിന് ബാധകമല്ല. കഴിയുന്നത്ര അടുത്തി ടപഴകുകയും സ്വജീവിതത്തിലൂടെ തെറ്റിദ്ധാരണ മാറ്റി യെടുക്കാൻ ശ്രമിക്കുകയുമാണ് മുൻവിധിയെ നേരിടാനുള്ള പോംവഴി.

മുസ്‌ലിംകളും മുൻവിധിയുടെ കാര്യത്തിൽ ഒട്ടും മോശക്കാരല്ല. ഭഗൽപൂർകലാപം ആളിക്കത്തുമ്പോൾ സംഭവസ്ഥലം സന്ദർശിക്കാനെത്തിയ ഞങ്ങളോടു ചില ഹിന്ദുസഹോദരന്മാർ കാണിച്ച ആദരവും ബഹുമാനവും എടുത്തപറയത്തക്കതാണ്. സ്വന്തം സഹോദരങ്ങളെപ്പോലെയാണ് അവർ ഞങ്ങളോട് പെരുമാറിയത്.

വർഷങ്ങൾക്ക് മുമ്പുണ്ടായ വ്യക്തിപരമായ ഒരനുഭവം ഓർമ്മയിൽ തങ്ങിനില്ക്കുന്നു.ഡൽഹിയിൽ ഒറ്റക്ക് നടന്നുകൊണ്ടിരിക്കവെ ഒരു ചെറുപ്പക്കാരനുമായി പരിചയപ്പെട്ടു. അയാൾ ഇന്ത്യൻ രാഷ്ട്രീയെത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും വളരെ വളരെവാചാലമായി സംസാരിച്ചു. ഞങ്ങൾ ഒരു പുൽതകിടിലിരുന്നു ലഘുഭക്ഷണം വാങ്ങി പരസ്പരം പങ്കുവെച്ചശേഷം വേർപിരിയവെ ഒരു 'മദ്രാസി' യെ പരിചയപ്പെട്ടു. സന്തോഷം അയവിറക്കിക്കൊണ്ട് അയാൾ, കൈതന്നുകൊണ്ടു പറഞ്ഞു; ഇങ്ങിനെയൊക്കെയാണെങ്കിലും മുഹമ്മദിൻസിനെ നമുക്ക് കൊല്ലണം !

ഞാനൊരു മുസ്‌ലിമാണെന്ന് അതുവരെയും അയാൾ ധരിച്ചിരുന്നില്ല. ഞാൻപറഞ്ഞു: ഞാനൊരു മുസ്‌ലിമാണ്. എൻെറ സ്നേഹിതൻ പകച്ചു നിന്നുപോയി. ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ 'ദേശീയ' വേഷമായ തൊപ്പിയോ പൈജാമയൊ താടിയോ ഒന്നുമില്ലാത്ത ഞാൻ മുസ്‌ലിമാണെന്ന് പറഞ്ഞിട്ട് അയാൾക്ക് വിശ്വാസം വന്നില്ല. 'മദ്രാസി'ൽ മുസ്‌ലിംകൾ ഒക്കെയും ഇങ്ങനെയാണോ എന്നായി അടുത്ത ചോദ്യം. ആണെന്നു വ്യക്തമാക്കിയപ്പോൾ അപരിചിതൻ പറഞ്ഞു: "എങ്കിൽ ഞാൻ പറഞ്ഞത് നിങ്ങൾക്ക് ബാധകമല്ല."




## എൻ.കെ. ജോസ്

ഈ നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ കൊച്ചിയിൽ വാണിരുന്ന മഹാരാജാവിൻെറ ഷഷ്ടിപൂർത്തി പ്രമാണിച്ച് ഒരു നാടകമത്സരം നടത്തി. ഒന്നാം സമ്മാനം നേടിയത് പണ്ഡിറ്റ് കെ.പി. കറുപ്പൻ എഴുതിയ 'ബാലകലേശം' എന്ന നാടകമായിരുന്നു. അന്ന് സ്വദേശാഭിമാനി ബാലകൃഷ്ണപിള്ള തൻെറ പത്രത്തിലൂടെ ചോദിച്ചത്; "നാടകത്തിന് സമ്മാനം വാലനാണോ"? എന്നാണ്. പണ്ഡിറ്റ് കറുപ്പൻ ധീവരസമുദായത്തിൽപ്പെട്ട ആളായിരുന്നു.'നാടകാന്തം കവിത്വം' എന്നാണല്ലോ പ്രമാണം. കവിത്വം പൂർണ്ണമാകുന്നത് നാടകരചനയോടുകൂടിയാണ്. മത്സ്യബന്ധനക്കാരിൽ ഒരു കവിഹൃദയം ഉണ്ടാകുക അസാദ്ധ്യമാണ് എന്ന മുൻവിധിയാണ് രാമകൃഷ്ണപിള്ളയുടെ അഭിപ്രായത്തിൻെറ പ്രേരകശക്തി. മാത്രമല്ല, അദ്ദേഹം ആ നാടകത്തിൻെറ പേര് "വാലാകലേശം" എന്നു മാറ്റികളിയാക്കുകകൂടി ചെയ്തു. ധീവരസമുദായത്തിലെ ഒരു ഉപജാതിയാണ് വാലൻമാർ.

പ്രസ്തുത നാടകത്തിൽ കുറ്റം ചെയ്ത ഒരു നമ്പൂതിരികഥാപാത്രത്തെ വധശിക്ഷക്ക് വിധിക്കുന്ന ഒരു ഭാഗമുണ്ട്. രാമകൃഷ്ണപിള്ള തൻെറ വിമർശനശരം ഏറ്റവും കൂടുതൽ അയച്ചത് ആ ഭാഗത്തിനെതിരെയാണ്. നമ്പൂതിരി മാത്രമല്ല, എല്ലാ ബ്രാഹ്മണൻമാരും തെറ്റിനതീതരാണെന്ന മുൻവിധി സമൂഹത്തിൽ ശക്തമായി നിലനില്ക്കുന്ന കാലമാണത്.





ഇന്ത്യയിലെ മുഴുവൻ ബ്രാഹ്മണ വിഭാഗങ്ങളിലും ഏറ്റവും ഉന്നതമായി പദവിക്കർഹൻ നമ്പൂതിരി ബ്രാഹ്മണനാണ്. അതിനാൽ അവരിൽനിന്നും തെറ്റു സംഭവിക്കുക അസാദ്ധ്യമാണ്. എന്തു തെറ്റു ചെയ്താലും നമ്പൂതിരിയെ മാത്രമല്ല ബ്രാഹ്മണരെയും ആരെയും ശിക്ഷിച്ചു കൂടാ. ശിക്ഷിക്കണമെന്ന സന്ദർഭം വന്നാൽ പരമാവധി നൽകാവുന്ന ശിക്ഷ നാടുകടത്തലാണ്. തിരുമേനിയുടെ ഇല്ലം നിലനില്ക്കുന്നതിനരികെ കൂടിയൊഴുകുന്ന പുഴക്ക് അക്കരെ കടന്നാൽ അത് നാടുകടത്തലായി. അവിടെ പുതിയ ഇല്ലം പണിക്ഷിയാനുള്ള എല്ലാ ഒത്താശകളും അദ്ദേഹത്തെ നാടുകടത്താൻ വിധിച്ച അധികാരികൾ ചെയ്തു കൊടുക്കും. ഏതു മഹാപാതകത്തിനും നമ്പൂതിരി അനുഭവിക്കേണ്ടിവരുന്ന പരമാവധി ശിക്ഷ അതാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ പോലും സർക്കാർ, ന്യായാധിപന്മാരെ നിയമിച്ചിരുന്നത് ബ്രാഹ്മണസമുദായത്തിൽ നിന്നാണ്. അവർ വേദങ്ങളും മനുസ്മൃതിയുൾപ്പെടെയുള്ള സ്മൃതികളും ശ്രുതികളും പഠിച്ചിരിക്കുമെന്ന മുൻവിധിയാണ് അതിന്റെ പിന്നിലുള്ളത്.

ഇത്തരം മുൻവിധികൾ ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും നിലവിലുണ്ടായിരുന്നു. എല്ലാ മുൻവിധികളും സമൂഹത്തിലെ ഒരു വിഭാഗത്തിന് അനുകൂലവും മറ്റ് വിഭാഗത്തിന് പ്രതികൂലവുമായിരുന്നു, എന്ന ഒരു സവിശേഷതയും അതിനുണ്ടായിരുന്നു. ബ്രാഹ്മണർ എല്ലാ ഗുണങ്ങളും നിറഞ്ഞവരും അവർണർ എല്ലാ തിന്മകളും നിറഞ്ഞവരും എന്നാണ് ആ മുൻവിധി.

മുൻവിധിയിൽ വിധിവിശ്വാസം വളരെ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ചണ്ഢാലൻ ചണ്ഢാലനായത് വിധിയാണ്, ഈശ്വര നിശ്ചയമാണ് എന്ന ചിന്താഗതിയുടെ ബാക്കിയാവണം അവർക്കെതിരെ നിലനിൽക്കുന്ന എല്ലാ മുൻവിധികളുടെയും അടിസ്ഥാനം. അത് ചാതുർവർണ്യത്തിലധിഷ്ഠിതമാണ്. മുൻ ജന്മത്തിലെ പ്രവൃത്തിയുടെ ഫലമാണ് ഈ ജന്മത്തിൽ ഒരു പ്രത്യേക ജാതിയിൽ ജനിച്ചത് എന്നത് ചതുർവർണ്യത്തിന്റെ ഭാഗമാണ്. ചാതുർവർണ്യവും പുനർജന്മ വിശ്വാസവും പരസ്പരം ബന്ധപ്പെടുന്നതാണ്. അതിനാൽ അവർണർക്കെതിരെയുള്ള മുൻവിധിയുടെ അടിസ്ഥാനം ചാതുർവർണ്യവ്യവസ്ഥിതിയാണ്.

●

ഇന്ത്യൻ സമൂഹത്തിൽ, മുൻവിധികൾ വളരെ പ്രകടമായി കാണുന്ന ഒരുകാലഘട്ടമാണിത്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും മുൻവിധികൾ നിലനില്ക്കുന്നുണ്ട്. അത് സമൂഹത്തിന്റെ നിശ്ചലാവസ്ഥയെയാണ് കാണിക്കുന്നത്. ശാസ്ത്രീയമായ അറിവിന്റെ അഭാവത്തിൽ രൂപപ്പെടുന്ന അന്ധമായ പക്ഷപാതമാണ് മുൻവിധികൾ. ഇന്ത്യയിൽ പ്രധാനമായും മുൻവിധികൾ രൂപപ്പെടുന്നത് ജാതിവ്യവസ്ഥയിൽ നിന്നാണ്. വർണവ്യവസ്ഥക്കും ഇതിൽനിന്നും ഒഴിഞ്ഞുനില്ക്കാനാവില്ല. വിശുദ്ധമായ വർണ്ണവ്യവസ്ഥക്ക് സംഭവിച്ച അപചയമാണ് ജാതിവ്യവസ്ഥ എന്ന ഒരുവാദമുണ്ട്. അത് അസംബന്ധമാണ്. വർണവ്യവസ്ഥയിലെ രജോഗുണവും തമോഗുണവും സ്വത്വഗുണത്തെ അപേക്ഷിച്ച് താഴ്ന്നതാണ്. തമോഗുണമെന്നാൽ അന്ധകാരമാണ്. രജോഗുണം വൈകാരികവേശവും. ഓരോവിഭാഗത്തിനും പ്രത്യേകം പ്രത്യേകം ജോലികൾ നീക്കിവെച്ചിട്ടുള്ള വർണവ്യവസ്ഥയിൽ തന്നെ മുൻവിധി ആവിർഭവിച്ചിട്ടുണ്ട്. അത് മനുഷ്യനെക്കുറിച്ച് കുടുസ്സായ കാഴ്ചപ്പാട്വെച്ചു പുലർത്തുന്നു. നമ്മുടെ സ്വഭാവം നേരത്തെതന്നെ നിർണയിക്കപ്പെട്ടിരിക്കുന്നു. ഇനിനമുക്ക് ഒരു വിധത്തിലുള്ള ശ്രമംകൊണ്ടും അതിനപ്പുറ ത്തേക്ക് കടക്കാൻ പറ്റില്ല. നിങ്ങളെന്തുശ്രമിച്ചിട്ടും കാര്യമില്ല. സാമൂഹ്യവിപ്ലവവും നവോത്ഥാന പരിവർത്തനവുമൊക്കെ വർണവ്യവസ്ഥയുടെ മുമ്പിൽ അസംബന്ധമാണ്. നിലവി ലുള്ള വ്യവസ്ഥക്കകത്ത് കറങ്ങുവാനുള്ള പരമാവധി സ്വാതന്ത്ര്യമേയുള്ളു. ആരീതിയിലുള്ള ഒരു തടവറയാണ് മുൻവിധികൾ.

നമ്മുടെ ഭാഷയിലുള്ള പല ചൊല്ലുകളും മുൻവിധിയിലധിഷ്ഠിതമാണ്. "ശങ്കരൻ പിന്നേം തെങ്ങിൽതന്നെ" എന്നു പറഞ്ഞാലർത്ഥം ശ്രീനാരായണഗുരു എത്രശ്രമിച്ചാലും ശങ്കരനെ സ്കൂളിൽ ഇരുത്താൻ പറ്റില്ല എന്നാണ്. "ജാത്യാലുള്ളത് തൂത്താൽ പോകുമോ," "ഉലക്ക സ്വർഗ്ഗത്തിൽ ചെന്നാലും നെല്ലുകുത്തും" തുടങ്ങിയ ചൊല്ലിലടങ്ങിയിരിക്കുന്ന ഗൂഢാർത്ഥം കീഴ്ജാതിക്കാരൻ എന്നും കീഴ്ജാതിക്കാരൻ തന്നെ എന്നതാണ്. സ്വത്വഗുണം സ്വത്വഗുണം, തമോഗുണം തമോഗുണം. ആ വിഭജനം നമ്മുടെ ജീവിതത്തോട് നീതി പുലർത്തുന്നില്ല. ഏതെങ്കിലുമൊരു ജാതിക്ക് ഉത്കൃഷ്ടതയോ മറ്റൊന്നിന് മ്ലേച്ഛതയോ ഉണ്ടെന്നുള്ളതിന് ഇന്ന് നിലവിലുള്ള ഒരു ശാസ്ത്രീയ അറിവും അനുകൂലമല്ല. സമൂഹശാസ്ത്രമോ, നരവംശശാസ്ത്രമോ അക്കാര്യം മുന്നോട്ടുവെച്ചിട്ടില്ല. ജന്മത്തിൽ കേവല വിശുദ്ധിയില്ല. ജന്മത്തെ അടിസ്ഥാനമാക്കിയുള്ള ഏതു സിദ്ധാന്തവും ആത്മാഹത്യാപരമാണ്, അത് ജനങ്ങളെ തകർക്കു വാനുതകുന്നതാണ്. മനുഷ്യന്റെ ചരിത്രത്തെയും ചലനാത്മകതയേയും അത് നിരാകരിക്കുന്നു. ചരിത്രമായോ ശാസ്ത്രമായോ ബന്ധമില്ലാത്ത ഈ സങ്കുചിത സമീപനം നമ്മുടെ വളർച്ചയുടെ ഉറവിടങ്ങളെ അടച്ചു കളയുകയാണ് ചെയ്യുന്നത്. സമൂഹശാസ്ത്രത്തിന്റെ മണ്ഡലത്തിൽനിന്ന് 'ജന്മം' എന്നുള്ള സംവർഗ്ഗം തന്നെ നിരാകരിക്കപ്പെടണം. നിരന്തരമായ കൊടുത്ത വാങ്ങലിലൂടെയാണ് സമൂഹം വളരുന്നത്. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്" എന്ന തിലകന്റെ കാഴ്ചപ്പാട് (സ്വാതന്ത്ര്യസമരത്തിന് ആവേശം പകർന്ന മുദ്രാവാക്യമെന്നത് ശരി) തത്വചിന്താപരമായി തലതിരിഞ്ഞ വാദമാണ്. കാരണം ജന്മം ഒരവകാശവും ആർക്കും നല്കുന്നില്ല. നമ്മുടെ സംവാദങ്ങൾ ഇന്നും നടക്കുന്നത് ജന്മമെന്ന സംവർഗ്ഗത്തിൽ നിന്നുകൊണ്ടാണ്. ശുദ്ധമായ ഒരു വർഗ്ഗവും ലോകത്തിലില്ല എന്ന

യാതാർഥ്യം വിഗണിച്ചുകൊണ്ടുള്ള കാലഹരണപ്പെട്ട വാദങ്ങളാണിത്. എല്ലാ ഫാസിസ്റ്റ് പ്രത്യയ ശാസ്ത്രങ്ങളുടെയും അടിസ്ഥാനം ജന്മവിശുദ്ധി എന്ന ഒരു മിത്താണ്. അത് തകർക്കപ്പെടേണ്ട ഒന്നാണ്. ജനാധിപത്യം അത്തരത്തിലുള്ള ഒരു മിത്തിനേയും അതിൽ നിന്നുയി രെടുക്കുന്ന മുൻവിധികളേയും നിലനിർത്താൻ പാടില്ല.

ഇംഗ്ലീഷ് തത്വചിന്തകരിൽ പ്രമുഖനായ ഹെർബർട്ട് സ്പെൻസർ, നീഗ്രോകൾക്ക് തത്വചിന്തക്കുള്ള കഴിവില്ല എന്നു പറയുക യുണ്ടായി. അത് വലിയൊരു അസംബന്ധമാണെന്ന് ഇന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ഒരു കൊളോണിയൽ പ്രത്യയ ശാസ്ത്രത്തിൻെറ മുൻവിധിയാണ് 'സ്പെൻസറെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. വെള്ളക്കാർക്കടക്കം ലോകത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും തത്വചിന്തായില്ലാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. അതിൽനിന്നും മുമ്പോട്ടുപോയ പ്പോഴാണ് തത്വചിന്ത ഉടലെടുത്തത്. നീഗ്രോഗൾക്കും അത് സാധ്യമാണ്. കഴിവ്, യോഗ്യത തുടങ്ങിയവയൊക്കെ ജന്മ സിദ്ധമാണ് എന്ന മുൻവിധിയാണ് മേൽപറഞ്ഞ പ്രസ്താവനക്കാ ധാരം. "പ്രതിഭാശാലികൾ പിറക്കുകയാണ്" എന്ന് നമ്മൾ പറയാറുണ്ട്. അങ്ങിനെയാണെങ്കിൽ കുറ്റവാ ളിയും ജന്മനാ കുറ്റവാളിയാണെന്ന് പറയേണ്ടി വരു മല്ലോ.

അധികാരം ആർക്ക് എന്നചോദ്യത്തെ മുൻനിർത്തി മാത്രമേ മുൻവിധികളെയും നമുക്ക് അപഗ്രഥിക്കാനാവു കയുള്ളു. പലതരത്തിലുള്ള മുൻവിധികളും മുൻകാലം മുതൽക്കേ സമൂഹത്തിൽ നിലനിന്നു പോന്നിട്ടുണ്ട്. പരുന്തിൻെ കണ്ണ് പൊരിച്ചുതിന്നാൽ നല്ലകാഴ്ചശക്തിയുണ്ടാകും എന്ന ഒരു മുൻവിധി ജനങ്ങൾക്കുണ്ടായിരുന്നു. ഇത്തരത്തിലുള്ള മുൻവിധികൾ പക്ഷെ, ആരുടെമേലും ആധിപത്യം സ്ഥാപി ക്കാത്തതും നിരുപദ്രവകരവുമാണ്. മാത്രമല്ല, പരുന്തിന് വളരെ ഉയരത്തിൽനിന്നും തന്നെ അതിൻെറ ഇരയെ കാണാനാ കുമെന്ന നിരീക്ഷണത്തിൻെറ പ്രതിഫലനം കൂടി ഈ മുൻവിധിയിൽ തെളിയുന്നുണ്ട്. എന്നാൽ രാജാവിൻെറ എച്ചിലുതിന്നാൽ രോഗം മാറും എന്ന ഒരു മുൻവിധിയുണ്ട്. അധികാരത്തിന് ജനങ്ങളെ വിധേയരാക്കാൻ പോന്ന ഈ മുൻവിധിജനതയുടെ വികാസത്തെ തടയാൻ പ്രാപ്തമാണ്. അധികാരത്തെ കേന്ദ്രമാക്കി രൂപപ്പെടുന്ന ഇത്തരം



# കെ. ഇ. എൻ


മുൻവിധികളാണ് സമൂഹത്തെ മർദ്ദിക്കുന്ന അന്യശക്തികളാ യിത്തീരുന്നത്. ജാതിവ്യവസ്ഥ അധികാരവുമായി ബന്ധ പ്പെട്ടതാണ്. അല്ലായിരുന്നുവെങ്കിൽ ഒരു ജാതിയിൽനിന്നും മറ്റൊന്നിലേക്ക് മാറ്റം നടക്കുമായിരുന്നു. ഓരോ ജനവിഭാഗ ത്തെയും തട്ടുകളിലാക്കി തടഞ്ഞു വെക്കുവാനുള്ള അധികാര നീക്കമാണത്. അതുകൊണ്ടു തന്നെ ജാതിവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി രൂപംകൊണ്ട മുൻവിധികൾ മർദ്ദകവും സാധ്യതകളെ തകർക്കുന്നതുമാണ്.

## രണ്ട്

സ്ത്രീകൾക്കെതിരെയുള്ള മുൻവിധികളും നിരവധിയാണ്. അതു കാരണം ആത്മബോധമുള്ള വ്യക്തി എന്ന നിലക്ക് സ്ത്രീകളെ തിരിച്ചറിയുവാൻ പുരുഷലോകം തയ്യാറായിട്ടില്ല. നമ്മുടെ സമൂഹത്തിൽ സ്ത്രീകളേ ഇല്ല. ഉള്ളത് പുരുഷൻ അവൻെറ സൗകര്യത്തിനും താല്പര്യത്തിനു മനുസരിച്ച് നിർമ്മിച്ചുവെച്ച ഒരു വസ്തുവാണ്. പുരുഷമൂല്യങ്ങളാൽ അവർ ആന്തവല്ക്ക രിക്കപ്പെട്ടിരിക്കുന്നു. ലോകം മുഴുവനും പുരുഷവല്ക്ക രിക്കപ്പെട്ടിരിക്കുകയാണ്. ദൈവം പോലും നമുക്ക് 'കരുണാ മയനാണ്'. കരുണാമയി എവിടെയുമില്ല. ദൈവത്തെ അവൻ എന്നേ പറയുവാൻ പാടുള്ളൂ. മാതൃത്വമൊഴിച്ചുള്ള സ്ത്രീകളുടെ വ്യക്തിത്വത്തിൻെറ ഇതര തലങ്ങൾ അവഗണിക്കപ്പെടുന്നു. മാതൃത്വത്തെ മാത്രം അടർത്തിയെടുത്ത് ഏകപക്ഷീയമായി ആദർശവല്ക്കരിക്കുന്നു. മനുസ്മൃതിയിൽ സ്ത്രീകളെ പൂജിക്കണം, ആരാധിക്കണം എന്നൊക്കെ പറയുന്നുണ്ട്. അസംബന്ധമാണതൊക്കെ. സ്ത്രീയെ കൂട്ടിലടച്ച് സർവ സ്വാതന്ത്ര്യവും നിഷേധിച്ചശേഷം ദേവതേ എന്നു വിളിക്കു ന്നത് അപഹസിക്കലാണ്. നമ്മുടെ മിത്തുകളിലും പുരാണ ങ്ങളിലും ഐതിഹ്യങ്ങളിലുമൊക്കെ പുരുഷൻെറ അധികാ രമാണ് പുലരുന്നത്. 'അവൻ ജീവിക്കാൻ പഠിച്ചവനാണ്' എന്നു നാം പറയാറുണ്ട്. അത് അവന് കിട്ടുന്ന അംഗീകാര മാണ്. എന്നാൽ 'അവൾ ജീവിക്കാൻ പഠിച്ചവളാണ്' എന്നു പറഞ്ഞാൽ പരിഹസിക്കലാണ്.

സ്ത്രീകൾക്കെതിരെയുള്ള മുൻവിധികൾക്ക് മഹാൻമാർ വരെ കീഴ്പ്പെട്ടിട്ടുണ്ട് എന്ന് അവരുടെ ചില വചനങ്ങളിൽ നിന്നും വ്യക്തമാകുന്നു. 'പുരുഷനെ സൃഷ്ടിക്കുവാൻ തുടങ്ങിയ പ്പോൾ ദൈവത്തിനു പറ്റിയ അമളിയാണ് സ്ത്രീ (അരിസ്റ്റോട്ടിൽ), സ്ത്രീ പൂർണ്ണ വളർച്ച പ്രാപിച്ച പിശാചാണ് (ഹ്യൂഗോ), കവിതയെഴുതുന്ന സ്ത്രീയെ തൊഴുത്തിൽ കെട്ടിയിട്ട് പുല്ലു തീറ്റണം, അതാണവൾക്കുള്ള ശിക്ഷ (ലാംബ്), നായ മുൻ കാലുകളിൽ നടക്കുന്നതുപോലെയാണ് സ്ത്രീകൾ കവിത യെഴുതുന്നത് (ജോൺസൺ),ഒരു കാൽ ശവപ്പറമ്പിൽ വെ





ച്ചുകൊണ്ടേ ഞാൻ സ്ത്രീകളെപറ്റി സത്യം പറയൂ(ടോൾസ്റ്റോയി). സ്ത്രീകളെ സംബന്ധിച്ച മഹാൻമാരുടെ ഈ വചനങ്ങൾ അവരുടെ അന്ധമേഖലകളുടെ ആവിഷ്ക്കാരങ്ങളാണ്. വാഴ്ത്തപ്പെടുന്ന ഏതു മഹത്വവും വിമർശിക്കപ്പെടേണ്ടതുമുണ്ട്. മുൻവിധി മഹാൻമാർ സൃഷ്ടിച്ചാലും അംഗീകരിക്കപ്പെടാവുന്നതല്ല.

## മൂന്ന്

നമ്മുടെ അനുഭവങ്ങളെ മലിനീകരിക്കാൻ മാധ്യമങ്ങൾക്കു കഴിയും. അവപലപ്പോഴും അപ്രസക്തവും അനാവശ്യവുമായ വിവാദങ്ങളുയർത്തിക്കൊണ്ടു വരുന്നു. മണ്ഡൽപ്രശ്നം വന്നപ്പോൾ കഴിവും യോഗ്യതയും അവഗണിക്കുന്നു എന്ന ബുദ്ധിജീവികളുടെ വിളിച്ചുകൂവലുകൾക്ക് മാധ്യമങ്ങൾ നല്ല പ്രചാരണം നൽകി. വിദ്യാർത്ഥി സമരങ്ങളെ ആദർശവല്ക്കരിച്ചു, ആളെ കൊന്നത് ആത്മാഹുതിയാക്കി. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന പിന്നോക്ക ജനവിഭാഗത്തിന് കഴിവും യോഗ്യതയുമില്ല എന്ന മുൻവിധിസൃഷ്ടിക്കുന്നതിൽ അവർ വിജയിച്ചു. പിന്നോക്ക ജനതക്ക് കാലാകാലമായി ലഭിച്ച അവസരങ്ങളെയും സാഹചര്യങ്ങളേയും ആരും കണക്കിലെടുത്തില്ല. ഇന്ദിരാഗാന്ധിവധത്തെതുടർന്ന് സിക്കുസമുദായത്തെ ഒന്നടങ്കം കുറ്റവാളികളായി ചിത്രീകരിക്കുന്നതിലും മാധ്യമങ്ങൾ പങ്കുവഹിച്ചു. ആയിരക്കണക്കിന് സിക്കുകാരുടെ ജീവൻ ഇതുമൂലം ബലിയർപ്പിക്കപ്പെട്ടു. കുറ്റവാളികളെ ശിക്ഷിക്കുന്നതിനുമപ്പുറം ഒരുവംശത്തെ മുഴുവനും വേട്ടയാടാനാണ് ഒരു വധത്തിൻെറ മറവിൽ ചിലർ ശ്രമിച്ചത്. അതിനവർ പറഞ്ഞ ന്യായം ഒരു വൻമരം വീഴുമ്പോൾ അങ്ങനെയൊക്കെ സംഭവിക്കും എന്നാണ്. എത്ര ക്രൂരമായിരുന്നു ആ ഫലിതം ?!

നമ്മുടെ സമൂഹം ചലനാത്മകമാകുന്ന കാലത്തു മാത്രമേ മുൻവിധികൾ അപ്രത്യക്ഷമാവുകയുള്ളൂ. വിവിധ വിഭാഗങ്ങൾ ക്രിയാത്മകമായി മാറുന്ന സമൂഹത്തിൽ മുൻവിധികൾക്ക് പ്രസക്തിയില്ല. ജാതി, ജന്മമഹത്വം, തുടങ്ങി, മുൻവിധി സൃഷ്ടിക്കുന്ന മുഴുവൻ സിദ്ധാന്തങ്ങളും നിരാകരിക്കപ്പെടണം. നിരന്തരമായ സാമൂഹ്യ ഇടപെടലുകളും പ്രവർത്തനങ്ങളുമാണ് മനുഷ്യനെ രൂപപ്പെടുത്തുന്നത്. അതിനെ നിഷേധിക്കുന്ന മുൻവിധികളിൽനിന്നും മിത്തോളജിയിൽനിന്നും നാം മോചിതരാകണം.

(സംഭാഷണങ്ങളിൽ നിന്ന്)

●


## ജഗജീവൻറാമിൻെറ അനുഭവം

പൂനയിൽ സമ്പൂർണാനന്ദൻെറ പ്രതിമ അനാച്ഛാദനം ചെയ്തത് ഉപപ്രധാനമന്ത്രിയായിരുന്ന ജഗജീവൻറാമായിരുന്നു. അദ്ദേഹം ആ പ്രതിമയിൽ തൊട്ടിട്ടുണ്ടായിരുന്നില്ല, സ്വിച്ചമർത്തി കർട്ടൺ നീക്കുകയാണ് ചെയ്ത്. എന്നിട്ടും പ്രതിമ അയിത്തപ്പെട്ടു എന്ന് ജനങ്ങൾ വിധിച്ചു. ജഗജീവൻ റാം ഒരു അയിത്തജാതിക്കാരനായിരുന്നു. ഒടുവിൽ ഗംഗാജലം കൊണ്ടുവന്ന് ആ പ്രതിമ കഴുകി വൃത്തിയാക്കിയതിനു ശേഷമേ ജനങ്ങൾക്ക് തൃപ്തി വന്നുള്ളൂ. ജഗജീവൻറാമിന് രാഷ്ട്രീയപദവിയുണ്ടായിരുന്നു. കോടിക്കണക്കിന് രൂപയുടെ സ്വത്തിനുടമയായിരുന്നു. രണ്ടും അയാൾക്കെതിരെയുള്ള മുൻവിധിയിൽ മാറ്റം വരുത്തുവാൻ പര്യാപ്തമായില്ല. എങ്കിൽ, ഇതൊന്നുമില്ലാത്ത സാധാരണക്കാരായ അയിത്തജാതിക്കാർ നേരിടുന്ന മുൻവിധികൾ എത്രമാത്രം തീവ്രമായിരിക്കും !

●

## മുൻവിധി കലയിലൂടെ......

കോളേജ് യൂണിയൻ ഉദ്ഘാടന ചടങ്ങിനു ശേഷം ഒരു മിമിക്സ് പരേഡാണ് രംഗം. അതിലൊരിനം ആകാശവാണി വാർത്തയായിരുന്നു. "കാസർഗോഡ് മുതൽതിരുവനന്തപുരം വരെ ദീർഘദൂര ഓട്ടമത്സരം. SC/ST വിഭാഗക്കാർക്ക് തിരൂർ വരെഓടിയാൽ മതിയാകും". ആരവങ്ങളോടെയാണ് ഈ കമൻറ് സദസ്സ് ഏറ്റുവാങ്ങിയത്. ആതമാശക്കുള്ളിൽ ഒരു മുൻവിധി ഒളിഞ്ഞിരിപ്പുണ്ട്. SC/ST വിഭാഗത്തിന് എല്ലാം സൗജന്യമാണ് എന്നതാണ്. അവരുടെ പ്രാപ്തിയെ അവഹേളിക്കുവാൻ കൂടി ഉപകാരപ്പെട്ടു എന്നതും വിസ്മരിക്കാവുന്നതല്ല.



# പ്രൊഫ: എം. എസ്. ജയപ്രകാശ്

**1** **മുൻവിധികൾ തീർച്ചയായും** സാമൂഹ്യപ്രശ്നങ്ങൾക്ക് **കാരണമാകുന്നുണ്ട്. ഇന്ത്യയെപ്പോലെ** ജാതിജഡില **മായ ഒരു സമൂഹത്തിൽ അത്** പ്രകടമായി കാണാം. **പിന്നോക്ക വിഭാഗങ്ങളോട്** പൊതുവിലും മുസ്‌ലിം, **ദലിത് വിഭാഗങ്ങളോട്** പ്രത്യേകിച്ചും **മേൽജാതിക്കാർ ചില മുൻവിധികൾ** വെച്ചുപുലർത്തുന്നുണ്ട്. ഇത് **സാമൂഹ്യ പ്രശ്നങ്ങൾക്ക്** കാരണമാകുന്നുണ്ട്. ഹിന്ദു **ക്കളിലെ ഒരു ന്യൂനപക്ഷമായ** വരേണ്യവർഗ്ഗമാണ് **ഇതിനു പിന്നിലുള്ളതെങ്കിലും** അവരിലെ ഭൂരിപക്ഷവും **ഈ പ്രചരണത്തിൽ** വീണുപോയിട്ടുണ്ട്. അതിനാൽ **ഭൂരിപക്ഷ ഹിന്ദുക്കൾ** തങ്ങൾക്കെതിരാണെന്ന ഒരു **മുൻവിധി മുസ്‌ലിം ജനതയിലും** വന്നുപോയിട്ടുണ്ട്. **ഹിന്ദു മുസ്‌ലിം സാമൂഹ്യപ്രശ്നങ്ങൾക്ക്** ഇത് വഴിതെളി **യിച്ചിട്ടുണ്ട്.**

**2** **മറ്റുള്ളവരുടെ** മുൻവിധിമൂലം അർഹിക്കുന്നത് **നിഷേധിക്കപ്പെട്ട** അനുഭവം എനിക്കുണ്ടായിട്ടുണ്ട്. സി. **കേശവനെ സംബന്ധിച്ച്** എൻെറ P H D പ്രബന്ധം **ജാതിചരിത്രമാണെന്ന്** പറഞ്ഞ് അംഗീകരിക്കാതെ വന്ന **സംഭവം ഉദാഹരണം.** ഈഴവ മുസ്‌ലിം ക്രൈസ്തവ **വിഭാഗങ്ങൾ ഒന്നുചേർന്ന്** സവർണമേധാവിത്വത്തി **നെതിരെ നടത്തിയ** ഐതിഹാസിക സമരമായിരുന്നു **1935 ൽ നടന്ന നിവർത്തന** പ്രക്ഷോഭണം. അതിൻെറ **നായകനായിരുന്നു** സി. കേശവൻ. സവർണരുടെ **അടിച്ചമർത്തലിനെതിരെ** അവർണർ നടത്തിയ ജനകീയ **സമരമായിരുന്നു അത്.** എന്നാൽ എക്സാമിനറായിരുന്ന **ബിപിൻചന്ദ്രക്ക്** അത് ജാതി ചരിത്രമായിട്ടാണ് **തോന്നിയത്. ബിപിൻചന്ദ്രയെപ്പോലുള്ള** സവർണ **മനസ്സുകളിൽ അടിഞ്ഞുകിടക്കുന്ന** മുൻവിധിയാണ് **ഇതിനു കാരണം. മണ്ഡൽ** വിരുദ്ധ സമരകാലത്ത്, **ഡൽഹി യൂണിവേഴ്സിറ്റി** വിദ്യാർത്ഥികൾക്കുവേണ്ടി **മണ്ഡൽ വിരുദ്ധ** സെമിനാർ സംഘടിപ്പിച്ചത് ബിപിൻ **ചന്ദ്രയായിരുന്നു.**

**3** **ഞാൻ ഉൾപ്പെടുന്ന** ഈഴവസമുദായത്തെപറ്റി നില **നില്ക്കുന്ന ചില** മുൻവിധികൾ പരാമർശിക്കട്ടെ. ഈഴ **വർ ചെത്തുകാരായിരുന്നുവെന്ന** ഒരു മുൻവിധി **നിലനില്ക്കുന്നുണ്ട്.** അവരിൽ അപകർശദാബോധം **സൃഷ്ടിക്കുവാൻ സവർണർ** നടത്തിയപ്രചരണത്തിൻെറ **ഫലമായിരുന്നു ഇത്.** ചെത്തുതൊഴിലാളികളേക്കാൾ **കൂടുതൽ വൈദ്യന്മാരും,** നെയ്ത്തുകാരും, ഈഴവരിൽ **ഉണ്ടായിരുന്നു.** സൈനിക വൃത്തിസ്വീകരിച്ചവരും **അയോധനപാരമ്പര്യമുള്ള** ചേകവന്മാരും അവരിലു **ണ്ടായിരുന്നു. എന്നിട്ടും** ഒരു ചെറിയ വിഭാഗത്തിൻെറ **തൊഴിൽ ഭൂരിപക്ഷത്തിൻെറ** കുലത്തൊഴിലായി **പ്രചരിപ്പിക്കപ്പെട്ടു. ഇതൊരു** മുൻവിധിയായി ഇന്നും **നിലനില്ക്കുകയാണ്.** സവർണ്ണമേധാവിത്വമുള്ള **ചരിത്രം തിരുത്തി** കുറിച്ചുകൊണ്ട് ബൗദ്ധിക തലത്തിൽ, **ഇത്തരത്തിലുള്ള മുൻവിധികളോട്** പ്രതികരിക്കാനാണി **ഷ്ടപ്പെടുന്നത്.**

**4** **ആരെക്കുറിച്ചും** മുൻവിധിവെച്ചുപുലർത്തുന്നില്ല **എന്നാണ് വിശ്വാസം.**

**5** **അധഃസ്ഥിത വർഗ്ഗക്കാർ** എല്ലാവരിൽനിന്നും മുൻവി **ധിക്ക് വിധേയരാക്കപ്പെടുന്നു** എന്നത് ശരിയാണ്. ചില **കാര്യങ്ങളിൽ സ്ത്രീകൾ** പുരുഷന്മാരുടെ മുൻവിധി കൾക്ക് **വിധേയമാകുന്നുണ്ട്.**

**6** **മുസ്‌ലിംകൾ ആക്രമണകാരികളും** കലാപകാരികളും ദേശീയവിരുദ്ധരുമാണെന്ന ഒരു മുൻവിധി ഹിന്ദുജന വിഭാഗങ്ങളിൽ ഉണ്ടാക്കുവാൻ ഹിന്ദുക്കളിലെ വരേണ്യ വർഗ്ഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഹിന്ദുമുസ്‌ലിം സംഘട്ടന ങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നത് ഈ മുൻവിധിയി ൽനിന്നും ഉയരുന്ന ഈർഷ്യയാണ്. ദലിത്-പിന്നോക്ക ജനതക്കുനേരെയുള്ള കലാപങ്ങൾക്കുപിന്നിലും മുൻവിധികൾ തന്നെയാണ്.


**7** മതം, രാഷ്ട്രീയം, വാർത്താമാധ്യമങ്ങൾ തുടങ്ങിയ ഘട കങ്ങൾക്ക് മുൻവിധിസൃഷ്ടിക്കുന്നിതിലും പ്രചരിപ്പിക്കു ന്നതിലും വ്യക്തമായ പങ്കുണ്ട്. പിന്നോക്ക മുസ്‌ലിം ദലിത് വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചാൽ സർവ്വീസിൻെറ കാര്യക്ഷമത നശിക്കുമെന്ന് സംവര ണവിരുദ്ധ ജാതിക്കോമരങ്ങൾ പ്രചരിപ്പിക്കുന്നത് മുൻവിധിമൂലമാണ്. ഇൻഡ്യൻ എക്സ്പ്രസ്സ്പോലുള്ള ചില പത്രങ്ങൾ മുഖപ്രസംഗത്തിലൂടെയാണ് ഈ ദുഷ്പ്രചരണം നടത്തിയത്. (ഇന്ത്യൻ എക്സ്പ്രസ്സ് 16-8-1990)

**8** സാമൂഹ്യമായ അകൽച്ചക്കും കലാപങ്ങൾക്കും മുൻ വിധികൾ കാരണമാകുന്നുണ്ട് എന്ന് മുമ്പ് പറഞ്ഞു. രാഷ്ട്രത്തിൻെറ സുസ്ഥിരതയെയും സമാധാനത്തെയും അത് ബാധിക്കുമെന്ന് സുവ്യക്തമാണല്ലോ.

**9** ശരിയായ ചരിത്രത്തിൻെറ പ്രചരണത്തിലൂടെയുള്ള ഒരു ബോധവൽക്കരണത്തിനും അതിലൂടെയുള്ള ഒരു സാംസ്കാരിക വിപ്ലവത്തിനും മുൻവിധികളെ ഇല്ലാതാ ക്കാനാവും.

**10** മുൻവിധികളെ സ്വീകരിക്കാറില്ല. എപ്പോഴും അവയുടെ നിജസ്ഥിതികണ്ടെത്താൻ ശ്രമിക്കുന്നതുകൊണ്ട്, മുൻവിധിയുണ്ടായിരിക്കുകയും അതില്ലാതാവുകയും ചെയ്യുന്ന അനുഭവം ഉണ്ടായിട്ടില്ല.





## സി.കെ. അരുൺ കുമാർ

1 മുൻവിധികൾ എണ്ണമറ്റ സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇന്ത്യൻ സമൂഹത്തിൽ ജാതീയവും മതപരവുമായ മുൻവിധികളാണ് മിക്കപ്രശ്നങ്ങൾക്കും ഹേതുവായിത്തീരുന്നത്. അതാകട്ടെ, നൂറ്റാണ്ടുകളായി ജനമനസ്സുകളിൽ രൂഢമായികഴിഞ്ഞിരിക്കുകയാണ്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനാൽ അത് കാലത്തെ അതിജീവിക്കുകയും ചെയ്യുന്നു.

2 മറ്റുള്ളവരുടെ മുൻവിധിമൂലം രൂക്ഷമായ വിവേചനങ്ങൾക്കിരയാവുകയും പീഢിപ്പക്കപ്പെടുകയും അർഹിക്കുന്നത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരുവാഘമാണ് ഞാനുൾപെടെയുള്ള ദലിത് സമുദായം. ഇന്ത്യയിൽ ഓരോ ദിവസവും ദലിതുകൾക്കെതിരെ നടക്കുന്ന അവഹേളനങ്ങളും അതിക്രമങ്ങളും മാനഭംഗശ്രമങ്ങളും കൊലപാതകങ്ങളും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. കഴിക്കാനാഹാരവും കിടക്കാൻ ഇടവുമില്ലാത്ത പാവങ്ങളാണ് ഈ നരബലികളിൽ ഹോമിക്കപ്പെടുന്നത്. അതിനുപിന്നിൽ അവരെ കുറിച്ചുള്ള മുൻവിധിയല്ലാതെ മറ്റെന്താണുള്ളത്? അംഗീകരിക്കപ്പെട്ട ജീവിത നിലവാരം കൈവരിക്കാനും ആവശ്യമായ വരുമാനമാർജ്ജിക്കാനും ഇഷ്ടമുള്ളതൊഴിൽ ചെയ്യാനും ആരോഗ്യവും ക്ഷേമവും നിലനിർത്താനും, വിദ്യാഭ്യാസം ചെയ്യാനും സ്വതന്ത്രമായി ചിന്തിക്കുവാനുമുള്ള ഏതൊരു പൗരൻെറയും മൗലികാവകാശങ്ങളാണ് മുൻവിധിമൂലം ഞങ്ങൾക്ക് നിഷേധിക്കപ്പെടുന്നത്.

3 ദലിതുകൾ വൃത്തിയില്ലാത്തവരാണ് ,വിദ്യാഭ്യാസമില്ലാത്തവരാണ്, വിശ്വസിക്കാൻ കൊള്ളാത്തവരാണ്, കുലത്തോഴിൽ ചെയ്ത് ജീവിക്കേണ്ടവരാണ് എന്നു തുടങ്ങിജീവിതത്തിൻെറ മുഴുവൻ മേഖലകളിലും അവർക്കെതിരെ മുൻവിധികൾ നിലനില്ക്കുന്നു. വിദ്യാഭ്യാസവും സമ്പത്തും നേടിയിട്ടുപോലും പലരും ജാതിയുടെ പേരിൽ അവഗണിക്കപ്പെടുന്നത് അത്തരത്തിലുള്ള മുൻവിധികൾ കൊണ്ടല്ലേ ?ജനമനസ്സുകളിൽ നിന്ന് സാമൂഹ്യനിയമങ്ങളുടെ രൂപത്തിലേക്ക് മുൻവിധികൾ മാറുമ്പോഴാണ് അയിത്തം തുടങ്ങിയ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. "ഇത്രമാത്രം മുൻവിധികളുള്ള ജനങ്ങളുടെ നാട്ടിൽ ജന്മമെടുത്തതുതന്നെ പാപമാണ്" എന്ന് അംബേദ്കർ വിലപിച്ചത് നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. എല്ലാവരും മുൻവിധിവെച്ചുപുലർത്തുന്നവരാണ് എന്നതിനർത്ഥമില്ല. പക്ഷെ അക്കൂട്ടരുടെ അനുഭാവം ഒന്നിനും ഉപകരിക്കാത്തതാണ്.

4 ദലിതുകളിൽ ഭൂരിപക്ഷവും ഇന്നും ചരിത്രപരമായ കാരണങ്ങളാൽ നിരക്ഷരരും,സാമ്പത്തികമായി ഇല്ലാത്തവരുമായിത്തീർന്നവരാണ്. സാമൂഹ്യമായിതാഴെക്കിടയിന്ന് ഗണിക്കപ്പെടുകകൂടി ചെയ്യുമ്പോൾ അവരിലും പല മുൻവിധികളും ഉണ്ടാകുന്നുണ്ട്. പക്ഷെ അത് മറ്റുള്ളവർക്ക് ദോഷമല്ല, മറിച്ച് നേട്ടമാണുണ്ടാക്കുന്നത്. മേൽജാതിക്കാർ,പ്രത്യേകിച്ചും ബ്രാഹ്മണർ ശ്രേഷ്ഠരാണെന്ന മുൻവിധി പലരിലും കാണുന്നുണ്ട് ദലിതുകളുടെ സംസ്കാരവും ആരാധനയും വിശ്വാസങ്ങളും ഹിന്ദുക്കളിൽനിന്നും തികച്ചും ഭിന്നമാണ്. എന്നിട്ടും, അതുപേക്ഷിച്ച് മേൽജാതിക്കാരുടെ ആരാധനാസമ്പ്രദായങ്ങളെ അനുകരിക്കാൻ ശ്രമിക്കുന്നു. തങ്ങളുടെ വിവാഹത്തിൽ കാർമ്മികത്വം വഹിക്കുവാൻ ബ്രാഹ്മണരെ തേടുന്നു. ഭക്ഷണം തയ്യാറാക്കാനും സവർണർ തന്നെവേണമെന്ന് ചിലർക്ക് നിർബന്ധമാണ്.

5 ജാതി, ഹിന്ദുവിൻെറ സൃഷ്ടിയാണ്. ഒരു വിഭാഗത്തെ ഉയർന്നവരെന്നും മറ്റൊരുവിഭാഗത്തെ താഴ്ന്നവരെന്നും വേർതിരിച്ചുനിർത്തിയ നീചമായ വ്യവസ്ഥിതിയുടെ ഫലമാണ് ദലിതുകൾ അനുഭവിക്കുന്ന പീഢനങ്ങൾ. മുകളിലേക്കു പോകുംതോറുംആരാധനയും, താഴോട്ടു വരും തോറും അവഹേളനവും ജാതിവ്യവസ്ഥയുടെ പ്രത്യേകതയാണ്. താഴെഉള്ളവനെ എല്ലാവർക്കും ചവിട്ടിയരക്കാമല്ലോ. നാരായണഗുരുവിൻെറ കാലത്ത്, സവർണരോട് സാമൂഹ്യനീതിക്കു വേണ്ടി പൊരുതിയ ഈഴവർ, ദലിതുകളോട് സവർണർ പെരുമാറുന്നപോലെ തന്നെ പെരുമാറി. അതിനുവിരുദ്ധമായി പുലയസമുദായവുമായി ഇടപഴകുകയും പന്തിഭോജനം നടത്തു

## മാപ്പിളക്ക് സംഗീതം വരുമോ ?

സംഗീതം സമർത്ഥമായും ശാസ്ത്രീയമായും കൈകാര്യം ചെയ്യാൻ ചില പ്രത്യേകവിഭാഗത്തിനു മാത്രമേ കഴിയൂ എന്ന ഒരു മുൻവിധി ഭാരതത്തിൽ നിലനില്ക്കുന്നുണ്ട് എന്നുതോന്നുന്നു. ആ വിഭാഗത്തിനു പുറത്തുള്ളവർ എത്ര നന്നായി പാടിയാലും അതിനെ അംഗീകരിക്കാൻ ചിലർക്ക് മടിയാണ്. അയ്യരാണ് ശാസ്ത്രീയസംഗീതം ആലപിക്കുവാൻ യോഗ്യൻ എന്ന മുൻവിധിയുടെ ഇരയാണ് ഗാനഗന്ധർവ്വനായ യേശുദാസ്. അദ്ദേഹം ശാസ്ത്രീയ സംഗീതത്തിൽ വെള്ളം ചേർക്കുന്നതായി പലർക്കുമുള്ള പരാതിയെക്കുറിച്ച് പത്രലേഖകർ ചോദിച്ചപ്പോൾ യേശുദാസ് ഇങ്ങനെ പറഞ്ഞു: "എൻെറ അച്ഛൻ വല്ല അയ്യരോ മറ്റോ ആയിരുന്നെങ്കിൽ എന്നെ ഇങ്ങനെ ക്രൂശിക്കില്ലായിരുന്നു". അയ്യർ തെറ്റുവരുത്തിയാലും ജനം അംഗീകരിക്കും. കാരണം അതിനുള്ള അധികാരം പോലും അവർക്കാണ്. എന്നാൽ ഇതിനെക്കാൾ വലിയ ഒരു മുൻവിധിയായിരുന്നു യേശുദാസിൻെറ ഗുരു വച്ചുപുലർത്തിയിരുന്നത്. അദ്ദേഹമൊരിക്കൽ യേശുദാസിനോടു ചോദിച്ചു; "മാപ്പിളക്ക് സംഗീതം വരുമോ ?"


●

കയും ചെയ്ത സഹോദരൻ അയ്യപ്പനെ അവർ പുലയനയ്യപ്പൻ എന്നു വിളിച്ചുപരിഹസിച്ചു.

സ്ത്രീ പീഡനത്തെ കുറിച്ച് പറയാതിരിക്കുകയാണ് ഭേദം. എല്ലാ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും മുൻവിധിക്ക് വിധേയരാകുന്നു എന്നതാണ് യാഥാർത്ഥ്യം; ബ്രാഹ്മണ സ്ത്രീ പോലും!. ഏതുരംഗത്തുമുള്ള സ്ത്രീകളുടെ പിക്ഷന്നോക്കാവസ്ഥക്ക് കാരണം പുരുഷന്മാരുടെ മുൻവിധികളാണ്.

6 ഇന്ത്യയിൽ ഇന്നരങ്ങേറുന്ന രീതിയിലുള്ള മതകലാപങ്ങൾക്ക് എത്രയോ മുമ്പ് തന്നെജാതീയ കലാപങ്ങളും സംഘട്ടനങ്ങളും ഇവിടെ നടന്നിട്ടുണ്ട്. ഇന്നും മതസംഘട്ടനത്തേക്കാൾ കൂടുതൽ നടക്കുന്നത് ജാതീയ കലാപങ്ങളാണ്. ആദ്യത്തേതു പോലെ, അതിന് വാർത്താ പ്രാധാന്യം കിട്ടുന്നില്ലെന്നു മാത്രം. ഐക്യരാഷ്ട്രസഭയിൽ ദലിതുകൾ അവതരിപ്പിച്ച ഒരു പ്രമേയത്തിൽ, ഇന്ത്യയിൽ ഓരോ മണിക്കുറിലും രണ്ടു ദലിതുകൾ വീതം ആക്രമിക്കപ്പെടുന്നതായും ഓരോ ദിവസവും രണ്ട് ദലിത് സ്ത്രീകൾ വീതം മാനഭംഗം ചെയ്യപ്പെടുന്നതായും രണ്ട് ദലിതുകൾ വീതം കൊല്ലപ്പെടുന്നതായും രണ്ട് ദലിത് വീടുകൾ അഗ്നിക്കിരയാക്കുന്നതായും പറയുന്നു. അത് ഗവൺമെൻറ് പാർലമെൻറിൽ അവതരിപ്പിച്ച കണക്കാണ്. പത്തുശതമാനത്തിൽ കുറഞ്ഞ കേസുകൾ മാത്രമേ, യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യുകയും റെക്കാർഡിൽ സൂക്ഷിക്കുകയും ചെയ്യുന്നുള്ളു. ഇതിനുപിന്നിൽ അവരെ എന്തും ചെയ്യാമെന്ന സമൂഹത്തിൻെറ മുൻധാരണയല്ലേ ? ഇന്ദിരാഗാന്ധി വധക്കേസിൽ നാല് സിക്കുകാർ ഉൾപ്പെട്ടതിൻെറ പേരിൽ നാലായിരത്തിലധികം സിക്കുകാർ ഡൽഹിയിലും മറ്റുമായി വധിക്കപ്പെട്ടു. സിക്കുകാരത്രയും രാജ്യദ്രോഹികളും അപകടകാരികളുമാണെന്ന മുൻവിധിയാണ് ഈ പാതകത്തിനു ഹേതുവായത്. ബ്രാഹ്മണനായ ഗോഡ്സെ, രാഷ്ട്രപിതാവായ ഗാന്ധിയെ കൊന്നപ്പോൾ, ബ്രാഹ്മണസമുദായത്തിനെതിരെ ഇത്തരത്തിലുള്ള ആക്രമണങ്ങൾ ഉണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. "പട്ടരിൽ പൊട്ടരില്ല" എന്നാണല്ലോ സൂഹത്തിൻെറ മുൻവിധി. സുന്നത്തുകഴിച്ചവനാണോ, ഇടത്തോട്ട് മുണ്ടെടുത്തവനാണോ എന്നൊക്കെ നോക്കി മുസ്ലിംകളെ വകവരുത്തുവാൻ ശ്രമിക്കുന്നതും മുൻവിധിമൂലമാണ്. നാദാപുരത്തുപോലും അങ്ങിനെ സംഭവിച്ചുവല്ലോ. പേരുനോക്കി ഒരു മുസ്ലിമിനെ കൊലചെയ്ത സംഭവം അടുത്തിടെ തിരുവനന്തപുരത്തും നടക്കുകയുണ്ടായി.

7 ദലിതുകൾക്കെതിരെയുള്ള മുൻവിധികൾ ഹിന്ദുക്ഷമതത്തിൻെ സൃഷ്ടിയാണ്. ചണ്ഡാലൻ അടിമയായി ജനിക്കുകയും അടിമയായി ജീവിക്കുകയും അടിമയായിത്തന്നെ മരിക്കുകയും വേണമെന്ന് മനുവിധിക്കുന്നു. ഈ വിധത്തിലുള്ള സ്മൃതികളിലും ശ്രുതികളിലും വിശ്വസിക്കുന്നതുകൊണ്ടാണ് മുൻവിധികൾ രൂപപ്പെടുന്നത്. ശൂദ്രൻ സഞ്ചരിക്കുന്ന ശ്മശാനമാണെന്ന് ശങ്കരാചാര്യർ പറഞ്ഞു: ''ഞാനൊരു തോട്ടിയാണെങ്കിൽ എന്തിനെൻെറ മകനും ഒരു തോട്ടിയാകാതിരിക്കണം'' എന്ന് ഗാന്ധിയും ചോദിച്ചില്ലേ? രാഷ്ട്രീയക്കാർക്കും വാർത്താമാധ്യമങ്ങൾക്കും മുൻവിധി സൃഷ്ടിക്കുന്നതിൽ വ്യക്തമായ പങ്കുണ്ട്.



8 രാഷ്ട്രത്തിൻെറ സമാധാനവും സുസ്ഥിരതയും വ്യക്തികളുടെയും സമൂഹത്തിൻെറയും ഐക്യത്തോടും ക്ഷേമത്തോടും ബന്ധപ്പെട്ടുനില്ക്കുന്നു. ഓരോവ്യക്തികൾക്കും, ജന സമൂഹങ്ങൾക്കുമെതിരെ എപ്പോഴും ചിന്തിക്കാനും ചലിക്കാനും പ്രേരണ നൽകുന്ന മുൻവിധികൾ, നിലനില്ക്കുവോളം കാലം സുസ്ഥിരതയും സമാധാനവും സ്വപ്നമായി അവശേഷിക്കും. മനുഷ്യമനസ്സുകളിൽ നിലനില്ക്കുന്ന മതിലുകൾ വളരെ വലുതാണ്.

9 മുൻവിധികളുടെ ഉറവിടം കണ്ടെത്തിയാൽ മാത്രമേ അവയെ ഇല്ലായ്മ ചെയ്യാൻസാധിക്കുകയുള്ളൂ. ശ്രുതികളും വേദശാസ്ത്രങ്ങളും സ്മൃതികളുമാണ് മുൻവിധി സൃഷ്ടിക്കുവാൻ പ്രേരകമായത്. അവയാണ് തെറ്റുചെയ്യുന്നത്, അനുസരിക്കുന്ന ജനതയല്ല. അതുകൊണ്ട് അത്തരം സിദ്ധാന്തങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം ഇല്ലാതാക്കണം. യുക്തിക്കും സദാചാരത്തിനും യാതൊരുവിലയും കല്പിക്കാത്ത വേദശാസ്ത്രങ്ങളെ പാടെ നശിപ്പിക്കുന്നതിനായി ഒരു ഡൈനാമിറ്റ് പൊട്ടിക്കുവാനാണ് ഹിന്ദുക്കളോട് അംബേദ്കർ ആവശ്യപ്പെട്ടത്. മുൻവിധി സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സംഹിതകളുടെ ആധികാരികത നശിപ്പിക്കണം. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലും കാതലായ മാറ്റങ്ങൾ വരുത്തണം. ഒരു വിഭാഗത്തെമ്ലേച്ഛരും ദസ്യുക്കളും പഞ്ചമരുമൊക്കെയായി ചിത്രീകരിക്കുന്ന പുരാണ-ഇതിഹാസങ്ങളൊന്നും കുട്ടികൾക്ക് പകർന്നു കൊടുക്കരുത്.

10 ഇന്ത്യൻ സമൂഹത്തിൽ ജീവിക്കുന്ന ഏതൊരു വ്യക്തിയുടെ മനസ്സിലുംഅനുകൂലമോ പ്രതികൂലമോ ആയ മുൻവിധികൾ കൂടിയതോ, കുറഞ്ഞതോ ആയ അളവിൽ നിലനില്ക്കുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. അനുഭവത്തിൻെറ വെളിച്ചത്തിൽ എനിക്കും എൻെറ സമുദായത്തിനും നിരവധി മുൻവിധികൾ മാഞ്ഞുപോയ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്.



അബ്ദുല്ല സി. എം.

# നദി

മഹാകാശങ്ങളുടെ വേനലിനു കീഴെ
വർഷങ്ങളുടെ നിലക്കാത്ത മാരിക്കു കീഴെ
ലഹരിയുടെ ചിറകായ പ്രിയനദി ഒഴുകുകയാണ്.
അജ്ഞതകളും അറിവുകളും കടന്നപ്പുറത്തേക്ക്
ഋതുക്കളും മരങ്ങൾക്കുമപ്പുറത്തേക്ക്
ജനിമൃതികളില്ലാത്ത അനന്തതയിലേക്ക്.
ചുണ്ടുണങ്ങിയ മൺകീറിൽ
രണ്ടില നാലില വിരിയിച്ചൊഴുകിയത് ഈ നദിയാണ്
സ്വാസ്ഥ്യത്തിൻെറ അഴുക്കുപുരണ്ട മനസ്സിൽ
സ്നേഹത്തിൻെറ തേൻ ചുരത്തിയതും ഈ നദി തന്നെ.
കുലം മറന്ന ചെറുമക്കൾ
ഗതി മാറിയ പടവുകൾ കയറിപ്പോവുന്നു
അങ്ങുമിങ്ങുമറിയാതെ കലഹിച്ചും
രതി മൂർച്ഛയിലെല്ലാം മറന്നും
നദി പകുത്ത് പകുതി തിന്നാൻ തരം പാർത്തും,
തരങ്ങളും നിറങ്ങളും ഇനിയുമെത്ര?
നദി വീണ്ടും ഒഴുകുകയാണ്.
വാഗർത്ഥങ്ങളുടെ ബന്ധങ്ങളിൽ മാത്രം സ്വത്വം തേടുന്നവനേ
വറുതികളുടെ തിരയാട്ടം നിന്നെ മൂടും മുമ്പേ
നെഞ്ചുരുകി നീയൊഴുക്കിയ നോവിൻെറ നീര്
കാഴ്ചകൾക്കപ്പുറം പതിയിരിക്കുന്നവർ മോന്തിക്കുടിക്കും മുമ്പേ
പ്രണയിനിയുടെ ഈ നിറഞ്ഞ മിഴികളിൽ
ഒരു സ്നേഹാർദ്ര ചുംബനം നൽകുവാൻ പോരുക.
പാപത്തിൻെറ കറ പുരണ്ട കയ്യേന്തുന്നവരേ
നിങ്ങളീ നദിയിലേക്ക് വരിക
കരയിലിരുന്ന് കൈ നീട്ടാതെ
കണ്ണുമിഴിച്ച് മനമിടറാതെ
നദിയിലിറങ്ങി ഓരോ മുത്തും പെറുക്കിയെടുക്കുക
മഹാ നാശത്തിൻെറ ബീജങ്ങൾ പേറുന്നവരേ,
മിഴി ചിമ്മിത്തുറക്കുന്നതിനു മുമ്പേ
നിങ്ങളും എൻെറ നദിയിലേക്കു തന്നെ വരിക.
നദി എനിക്കു മുകളിൽ നിറഞ്ഞൊഴുകുകയാണ്
നദിയുടെ ലഹരി എൻെറ സിരകളിൽ കുളിരായ് പൊഴിയുന്നു
അവളുടെ കണ്ണിൽ
പാപം കഴുകിയ എൻെറ മുഖത്തെ കണ്ടെടുക്കുന്നു.
പിന്നെ
നദി ഞാനായി,
ഞാൻ നദിയായി
ഞങ്ങളൊന്നായി മാറുന്നു.



# നീതിക്കുവേണ്ടി കേഴുന്ന ബോസ്നിയ

മെഹർ സാക്കിർ

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ലോകം കണ്ടതിൽവെച്ച് ഏറ്റവും ക്രൂരതകളാണ് ഇന്ന് ബോസ്നിയയിൽ നടന്നുകൊണ്ടിരിക്കുന്നത്. മിക്ക ബോസ്നിയൻ നഗരങ്ങളും ഇന്ന് ചുടലക്കളങ്ങളാണ്. ഒരു കാലത്ത് സുഖസമൃദ്ധിയിൽ കഴിഞ്ഞിരുന്ന ബോസ്നിയക്കാരെ ഇന്ന് ക്ഷാമവും പട്ടിണിയും അഭയാർത്ഥികളാക്കി മാറ്റിയിരിക്കുന്നു. അത്യ വംശ വിദ്വേഷവും സങ്കുചിതത്വവും മൂലം ചരിത്രത്തിൽ തുല്യതയില്ലാത്ത ഭീകരതകൾ സൃഷ്ടിച്ച സെർബു വാദികൾ യൂഗോസ്ലാവ് ഫെഡറൽ സൈന്യത്തിന്റെ സഹായത്തോടെ ബോസ്നിയയുടെ മൂന്നിൽ രണ്ട് പ്രദേശങ്ങളും വെട്ടിപ്പിടിച്ചിരിക്കുന്നു. ബോസ്നിയയിലെ പ്രസിദ്ധ മായ ദ്റിൻ നദിക്ക് ഇന്ന് രക്തത്തിന്റെ നിറമാണ്. സാവാനദിക്കരയിലെ പഞ്ചാര മണലിൽ മനുഷ്യരക്തപ്പാടുകൾ കാണാം.

1990 ൽ കമ്മ്യൂണിസത്തിന്റെ പരാജയത്തെത്തുടർന്ന് യൂഗോസ്ലാവിയയിലെ വിവിധ റിപ്പബ്ളിക്കുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അതിൽ ഒന്നാണ് ബോസ്നിയ എന്ന മുസ്ലീം രാഷ്ട്രം. ജനഹിത പരിശോധനയിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ബോസ്നിയയിൽ ക്രൂരതകൾ അഴിച്ചുവിട്ട് ലക്ഷക്കണക്കിനു ജനങ്ങളെ ഇഞ്ചിഞ്ചായി വധിച്ചുകൊണ്ടിരിക്കുകയാണ് സെർബ് വംശീയ വാദികൾ. ഒന്നാം ലോക മഹായുദ്ധത്തിനുപോലും കാരണക്കാർ സെർബുകളായിരുന്നു. 1914 ജൂണിൽ ബോസ്നിയയുടെ തലസ്ഥാന നഗരിയായ സരായവോയിൽ വെച്ചാണ് ആസ്ട്രോ ഹംഗേറിയൻ ചക്രവർത്തിആർച്ച് ഡ്യൂക്ക് ഫെർഡിനാൻറിനെ ഒരു സെർബ് ഭീകരൻ വെടിവെച്ചു കൊന്നത്. ഒന്നാംലോക മഹായുദ്ധം അങ്ങനെ സെർബിയക്കാർ തുടങ്ങി. അന്നു മുതൽ സരായവോ പ്രസിദ്ധമായിത്തീരുകയായിരുന്നു. എന്നാൽ ഇന്ന് അതേ സെർബ് ഭീകരത മൂലം ബോസ്നിയ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായിരിക്കുന്നു.

## തുല്യതയില്ലാത്ത ഭീകരത

ബോസ്നിയയിൽ നിന്നെത്തുന്ന ഒരോ വാർത്തക്കും ഭീകരതയുടെ മാത്രം നിറമാണ്. പിഞ്ചുകുഞ്ഞുങ്ങളെ നിർദ്ദയം കൊല്ലുന്നു. സ്ത്രീകളെ മൃഗീയമായി ബലാത്സംഗം ചെയ്യുന്നു. കുട്ടികളുടെ മുമ്പിൽ വെച്ച് അമ്മമാരെ മർദ്ദിക്കുന്നതു കണ്ട് മനസ്സിന്റെ താളംതെറ്റിയ കുട്ടികൾ ഏതു ശിലാഹൃദയന്റെയും കരളലിയിപ്പിക്കുന്നതാണ്. ഗർഭിണിളുടെ വയറ് കുത്തിക്കീറി കുട്ടികളെ പുറത്തെടുക്കുക, വെടിവെച്ചു കൊല്ലപ്പെട്ട ജഡങ്ങൾ തെരുവിൽ കൂട്ടിയിട്ട് കുരിശ് വരക്കുക തുടങ്ങിയ അത്യന്തം ക്രൂരമായ താണ്ഡവമാണ് അവിടെ അരങ്ങേറുന്നത്. പക്ഷെ പരിഷ്കൃതമെന്നവകാശപ്പെടുന്ന ആധുനിക ലോകത്തിൽ ഈ കാടത്തത്തിനെതിരെ ശബ്ദിക്കുന്നവർ കുറവാണ്.

ഷെൽവർഷവും റോക്കറ്റാക്രമണവും കൊണ്ട് ബോസ്നിയയേയും അതിലെ ലക്ഷക്കണക്കിനു ജനങ്ങളെയും എരിച്ചുകൊല്ലുകയാണ് വംശീയവാദികളായ സെർബുകൾ.'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന തത്വം നടപ്പിലാക്കിയ പ്രാകൃത സമൂഹങ്ങളും ചില ഉന്നത മാനുഷിക ഗുണങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നു. പക്ഷെ, പുരോഗമനേച്ഛവും ശാസ്ത്രബന്ധവുമെന്ന് അഹങ്കരിക്കുന്ന ആധുനിക മനുഷ്യൻ ഇന്ന് ആപ്രാചീന സമൂഹങ്ങളെപ്പോലും കടത്തിവെട്ടിയിരിക്കുന്നു. ലോകത്ത് നീതി മാത്രം നടപ്പാക്കാൻ ഒരുങ്ങി പുറപ്പെട്ടവർ ബോസ്നിയൻ പ്രശ്നത്തിൽ ഇരട്ടത്താപ്പു നയമാണ് കൈകൊള്ളുന്നത്.

ഐക്യരാഷ്ട്രസഭയിൽ അംഗമായ ഒരു പരമാധികാര രാഷ്ട്രവും അതിലെ ജനങ്ങളും ഇന്ന് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിനു സ്ത്രീകൾ ബലാത്സംഗത്തിനിരയായി. ഗർഭിണികളായ ആയിരങ്ങൾ തടങ്കൽ പാളയത്തിൽ കഴിയുന്നു. ആയിരക്കണക്കിനു കുട്ടികളെ ക്രൂരമായി കൊലപ്പെടുത്തി. ദശലക്ഷക്കണക്കിനു ബോസ്നിയൻ മുസ്ലിംകൾ ഇന്ന് അഭയാർത്ഥി കേമ്പുകളിലും തടങ്കൽപാളയങ്ങളിലും കഴിയുന്നു. ബാല്യത്തെ പോലും വെറുതെ വിടുന്നില്ല. കുട്ടികളോടുള്ള ക്രൂരത ഏറ്റവും കഠിനതരമാണെന്ന് 'യൂണിസെഫ്' പറയുന്നു. കരചരണങ്ങൾ അറുത്തെറിയുകയും ബലാത്കരിക്കപ്പെടുകയും മാരകമായി പരുക്കേൽപ്പിക്കപ്പെടുകയും ചെയ്ത ബാലികാ ബാലൻമാരുടെ ദൈന്യത പകർത്താൻ വാക്കുകളില്ല. നഴ്സറി സ്കൂളിൽവെച്ചുപോലും കൂട്ടക്കശാപ്പുകൾ അരങ്ങേറുന്നു. വെടിയുണ്ടകളേറ്റ് ആശുപത്രിയിലെത്തുന്നവരിൽ ഏറിയകൂറും കുട്ടികളാണെന്നാണ് 'യൂണിസഫ്'പറയുന്നത്.

ഹിറ്റ്ലറുടെ നാസി ഭീകരതയെപ്പോലും വെല്ലുന്നതാണ് സെർബ് നരവേട്ട. കേട്ടുകേൾവിപോലുമില്ലാത്ത മൃഗീയതകളാണ് 'വംശീയ ശുദ്ധീകരണ'ത്തിലൂടെ അരങ്ങേറുന്നത്. ലോകത്തിനു മുമ്പിൽ ഒരൽപം നീതിക്കുവേണ്ടി കേഴുകയാണ് ബോസ്നിയൻ ജനത.

നാമാവശേഷമായ യുഗോസ്ലാവിയയിലെ ആറു സ്വയം ഭരണറിപ്പബ്ലിക്കുകളിലൊന്നായിരുന്ന ബോസ്നിയ-ഹെർസഗോവിന പൂർണ്ണമായും ജനഹിതത്തിനനുസരിച്ചായിരുന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. രാഷ്ട്രാന്തരീയ അംഗീകാരം ലഭിക്കുക മാത്രമല്ല ഐക്യരാഷ്ട്ര സഭയിൽ 178 -ാം മത്തെ അംഗരാഷ്ട്രമായി ചേർക്കപ്പെടുകയും ചെയ്തിരിക്കുന്നതാണ് ചിന്തകനും എഴുത്തുകാരനുമായ അലിജാ അലി ഇസ്സത്ത് ബഗോവിച്ച് പ്രസിഡൻറായ ബോസ്നിയ. ബോസ്നിയയിലെ ജനസംഖ്യയിൽ 44 ശതമാനം മുസ്ലിംകളാണ്. 31 ശതമാനം സെർബുകളും 18 ശതമാനം ക്രോട്ടുകളും


1992 ഫെബ്രുവരി 29 ന് നടന്ന ഹിത പരിശോധനയിൽ 63.4 ശതമാനം വോട്ടുരേഖപ്പെടുത്തിയതിൽ 99.4 ശതമാനവും സ്വാതന്ത്ര്യത്തിനു അംഗീകാരം നൽകുകയാണുണ്ടായത്. എന്നാൽ സെർബുകാർ വോട്ടെടുപ്പ് ബഹിഷ്കരിക്കുകയായിരുന്നു. അതിനുശേഷം നടന്ന പൊതുതെരെഞ്ഞെടുപ്പിൽ ബെഗോവിച്ചിൻെറ നേതൃത്വത്തിലുള്ള മുസ്ലിം ഡമോക്രാറ്റിക് ആക്ഷൻ ഫ്രണ്ട് 37% വോട്ടുകൾ നേടി. എന്നാൽ സെർബുകൾക്ക് 31ഉം ക്രോട്ടുകൾക്ക് 17 ഉം ശതമാനമേ ലഭിച്ചുള്ളു. ഫലം തങ്ങൾക്കെതിരായപ്പോൾ ഭീകരതയിലൂടെ രാജ്യം വെട്ടിപ്പിടിച്ച് തൊട്ടടുത്ത റിപ്പബ്ലിക്കായ സെർബിയയോടു ചേർക്കുവാൻ കരുക്കൾ നീക്കുകയാണ് സെർബുകൾ ചെയ്യുന്നത്. അന്താരാഷ്ട്ര നീതിക്കും ന്യായത്തിനും എതിരെ കൊഞ്ഞനംകുത്തുകയാണ് സെർബ് ഫാസിസ്റ്റുകൾ.

## പാശ്ചാത്യൻെറ ഇരട്ടത്താപ്പ്:

കഴിഞ്ഞ 15 മാസമായി വംശീയവാദികൾ തുടരുന്ന വംശീയ ശുദ്ധീകരണം ലക്ഷ്യത്തോടടുത്തിരിക്കുന്ന ബോസ്നിയയുടെ മുക്കാൽ ഭാഗവും സെർബുകളും ക്രോട്ടുകളും വെട്ടിപ്പിടിച്ചു കഴിഞ്ഞു. ആദ്യം സെർബുകളും ക്രോട്ടുകളും തമ്മിൽ യുദ്ധമുണ്ടായിരുന്നു. എന്നാൽ മുസ്ലിം ഉൻമൂലനത്തിൽ ഇരു കൂട്ടരും ധാരണയിലെത്തിയിട്ടുണ്ട്. മുസ്ലിം ജനബാഹുല്യത്തെ ആട്ടിപ്പായിച്ചും കൊന്നൊടുക്കിയും പുരാതന സാംസ്കാരമുറങ്ങുന്ന കെട്ടിടങ്ങളും ആരാധനാലയങ്ങളുംവീടുകളും തകർത്ത് തരിപ്പണമാക്കിയും അത് മുന്നേറുകയാണ്. ആധുനിക ലോകം കണ്ട ഏറ്റവും വലിയ നരഹത്യ അരങ്ങേറുമ്പോഴും ഐക്യരാഷ്ട്ര സഭയും 'ലോകപോലീസും' മുഖം തിരിഞ്ഞു നിൽക്കുന്നു. ഇറാഖിൻെറ കുവൈത്ത് അധിനിവേശത്തെ സർവ്വസന്നാഹങ്ങളും ഉപയോഗിച്ചു നേരിടുകയും ഐക്യരാഷ്ട്ര സഭയെന്ന ചട്ടുകമുപയോഗിച്ച് നാഴികക്ക് നാൽപതു വട്ടം പ്രസ്താവനകൾ പുറ്റെടുക്കുകയും ചെയ്തവർക്കെന്തേ ബോസ്നിയയിൽ നീതി നടത്താൻ താത്പര്യമില്ല? പ്രശ്നം നീതിയുടെയോ ന്യായത്തിൻേറതോ അല്ല. ഇറാഖിൽ നിക്ഷിപ്ത താൽപര്യങ്ങളുണ്ടായിരുന്നു. എന്നാൽ ബോസ്നിയയിലെ പീഡനമനുഭവിക്കുന്ന ജനങ്ങളെ ഉൻമൂലനത്തിൽ നിന്നുംരക്ഷിക്കുന്നത് കൊണ്ട് തങ്ങൾക്കു നേട്ടമൊന്നുമില്ലെന്ന അത്യന്തം ഹീനമായ കാഴ്ചപ്പാടാണ്പടിഞ്ഞാറിൻേറത്. ഇതു തന്നെയാണല്ലോ അവർ സ്പോൺസർ ചെയ്യുന്ന പുതിയലോകക്രമവും.

## സമാധാനപദ്ധതി

അടുത്ത കാലത്തായി ചില സമാധാന ശ്രമങ്ങൾ നടക്കുകയുണ്ടായി.യു.എന്നിൻേറയും യൂറോപ്യൻ സമൂഹത്തിൻേറയും പ്രതിനിധികളായ സൈറസ് വാൻസുംലോർഡ് ഓവനും സമർപ്പിച്ച പദ്ധതി ബോസ്നിയയെ സംബന്ധിച്ചേടത്തോളം അംഗീകരിക്കുക വിഷമമായിരുന്നു. എന്നിട്ടും ബോസ്നിയൻ പ്രസിഡൻറ് ബെഗോവിച്ച് അതിന് സമ്മതിച്ചു. ബോസ്നിയയെ പത്ത് സ്വയംഭരണ പ്രവിശ്യകളായി വെട്ടിമുറിക്കുന്നതാണ് ഈ ഫോർമുല. രാജ്യത്തെ പത്ത് പ്രവിശ്യകളായി വിഭജിക്കുക,



മുസ്ലിംകൾക്കും സെർബുകൾക്കും ക്രോട്ടുകൾക്കും മൂന്നു വീതം പ്രവിശ്യകൾ നൽകുക, തലസ്ഥാനമായ സരായവോ കേന്ദ്രഭരണ പ്രദേശമായിരിക്കും. തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഇടക്കാല പ്രസിഡൻറു പദവി മൂന്നു വിഭാഗവും പങ്കിട്ടെടുക്കുക തുടങ്ങിയവയാണ് നാലിന സമാധാന ഫോർമുല. ബെഗോവിച്ചും കൂട്ടരും ഇത്രത്തോളം വഴങ്ങിയത് സമാധാനത്തോടുള്ള ആഭിമുഖ്യം കൊണ്ട് മാത്രമാണ്. എന്നാൽ വംശീയവാദികൾക്ക് ഇത് സ്വീകാര്യമായില്ല. ബോസ്നിയൻ സെർബുകളുടെ നേതാവും ബോസ്നിയയിലെ 'ബുച്ചറുമായ' റാഡോവാൻ കരാജിച്ച് കരാർ അംഗീകരിക്കാമെന്ന് സമ്മതിച്ചെങ്കിലും ഫാഷിസം തലക്കുപിടിച്ച സെർബുകൾക്കത് സ്വീകാര്യമായില്ല.

ഏറ്റവും പുതിയ സംഭവവികാസം സെർബിയക്കു മേൽ ബോംബാക്രമണം നടത്താനുള്ള തീരുമാനമാണ്. എന്നാൽ ഈ വിഷയത്തിൽ വൻശക്തികൾ രണ്ടു തട്ടിലാണ്.യു.എൻ പലതവണ സെർബുകൾക്ക് മുന്നറിയിപ്പ് നൽകിയതാണ്. ഉപരോധം എന്ന ഉമ്മാക്കികാട്ടി ഭയപ്പെടുത്തിയതുമാണ്. എന്നിട്ടും ധിക്കാരം മാത്രം പ്രവർത്തിക്കുന്നസെർബുകൾക്കെതിരെ സൈനിക നീക്കത്തെക്കുറിച്ച് അധരവ്യായാമം നടത്തുകയല്ലാതെ കാര്യമായ യാതൊരു നീക്കവും നടക്കുന്നില്ല. ഐക്യരാഷ്ട്രസഭ സമ്മതം മൂളിയാൽ 'നാറ്റോ'വ്യോമാക്രമണം നടത്താൻ സന്നദ്ധമാണെന്നു പറയുന്നു. പക്ഷെ അമേരിക്കയുടെ ചട്ടുകമാണല്ലോ യു.എൻ.

ആധുനിക ചരിത്രത്തിലെ ക്രൂരരിൽ ക്രൂരനാണ് സെർബ് വംശീയവാദികൾ. പൗരസ്ത്യക്രൈസ്തവ സഭയോടുള്ള അവരുടെ ഭ്രാന്തമായ കൂറ് ക്രോട്ടുകൾക്കെതിരെ ആയുധമെടുക്കുന്നതിലേക്കുവരെ നയിച്ചു. ഒന്നാം ലോകമഹായുദ്ധത്തിനു കാരണം സെർബുകളായിരുന്നു. ഇന്നും അവരുടെ താണ്ഡവം തുടരുന്നു. ഗോത്രവർഗപക്ഷപാതിത്തത്തിൻെറ വക്താക്കളായ അവരുടെ ഭീകരവൃത്തികൾ ചിത്രീകരിക്കുവാൻ വാക്കുകൾ അശക്തമാണ്. ബോസ്നിയയിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന വംശഹത്യക്ക് ചരിത്രത്തിൽ സമാനതകളില്ല. ഇതുവരെയായി ഒന്നര ലക്ഷം മുസ്ലിംകൾ നിർദ്ദയം വധിക്കപ്പെടുകയും പതിനെട്ടു ലക്ഷം പേർ അഭയാർത്ഥികളാവുകയും ചെയ്തു. പാശ്ചാത്യമാധ്യമങ്ങളുടെ തന്നെയാണ് ഈ കണക്ക് . എൺപതിനായിരത്തിലേറെ സ്ത്രീകൾ മൃഗീയമായി ബലാത്കരിക്കപ്പെട്ടുവെന്ന് 'ന്യൂസ് വീക്ക്' ആണ് റിപ്പോർട്ട് ചെയ്തത്.

സെർബ് ഭീകരതയുടെ കരാള ദംഷ്ട്രങ്ങളിൽ പെട്ട് ഞെരിഞ്ഞമരുന്ന ബോസ്നിയകേഴുന്നു; നീതിക്കു വേണ്ടി. എന്നാൽ പരിഷ്കൃത ലോകത്തിൽ നീതി എന്ന വാക്കിന് യാതൊരു വിലയുമില്ലല്ലോ. ഇനി നീതി നൽകാൻ തയ്യാറല്ലെങ്കിൽ ആയുധം നൽകാനെങ്കിലും തയ്യാറാവുക. അതുകൊണ്ടവർ ഭീകരതയെ ചെറുക്കട്ടെ!

●

# നിർവ്വചനങ്ങൾ

## കോളേജ് ഹോസ്റ്റൽ:

ചതുർപദങ്ങളുടെ ഡിക്ഷണറി; സ്വയം വിഢിയായി മറ്റുള്ളവരുടെ അതിവിഢിത്തം തകർക്കാൻ യുവാക്കൾ മത്സരിക്കുന്ന ഒരിടം.

## കൂൾബാർ:–

കോളേജുകളിൽ ഇവ ഹോട്ട് ബാറുകളാണ്.

## കോളേജ് ഇലക്ഷൻ:

വിഢ്യാർത്ഥികൾ വിദ്യാർത്ഥി കളിലൂടെ വിഢ്യാർത്ഥികളെ തെര ഞ്ഞെടുക്കുന്ന ഏർപ്പാട്.

## ബൈക്ക്:–

ആണാവാൻ പഠിക്കാത്തവർ പെൺകുട്ടികൾക്കിടയിൽ 'ചെത്താൻ' ഉപയോഗിക്കുന്ന ഉപകരണം.

## പേന:–

മറ്റുള്ളവരുടെ കീശയിൽ നിന്നും പൊക്കാൻ പാകത്തിലുള്ള ഒരു പ്രയോജനമില്ലാത്ത സാധനം.

## ലേഡീസ് ഹോസ്റ്റൽ:–

ആൺപിള്ളേര് ഇന്നലെയിട്ട ജീൻസ് തന്നെയാണോ ഇന്നുമിട്ടതെന്ന് കണ്ട് പിടിക്കുന്ന ഡിറ്റക്ടീവ് ഏജൻസി.

## ഹോസ്റ്റൽ മെസ്സ്:–

ചെറിയപൊറാട്ട, പഞ്ചസാരയിടാത്ത ചായ, ഉപ്പ് കൂടിയ കറി ഇവയെല്ലാം എങ്ങിനെ വികസിപ്പിക്കാമെന്ന് കണ്ട് പിടിക്കുന്ന ഗവേഷണാലയം.

## കാഷ്:–

കടം വാങ്ങിയ പ്യൂമാ ഷൂസും കടലവിറ്റുണ്ടാക്കിയ ജീൻസും വാങ്ങി വിലസുന്ന ദരിദ്രവാസി.

## മിഡി:–

യൂറോപ്യൻ സ്ത്രീകളെ അനുകരിച്ച് ഇന്ത്യൻ പെൺകുട്ടികൾ അണിഞ്ഞ് വൈരൂപ്യത്തിന് മാറ്റ് കൂട്ടുന്ന വസ്തു. .

## ലിറ്ററേച്ചർ വിദ്യാർത്ഥി:–

'എളഗി റിട്ടൺ ഓൺ എ കൺട്രി ചർച്ച്യാർഡ്' എന്ന്വായിക്കുന്ന മിടുക്കൻ.

## എൻട്രൻസ് കോച്ചിംഗ് സെൻററുകൾ:–

അറവുശാലകൾ എന്നും വായിക്കാം.

## കംപ്യൂട്ടർ വിദ്യാർത്ഥി:–

പാവം തൊഴിൽ രഹിതൻ.

## പി. എച്ച്. ഡി ക്കാരൻ:–

മറ്റ് ഇരുപത്തിമൂന്ന് അക്ഷ ങ്ങൾ അറിയാത്തവൻ.

## 'മൊയന്ത്':–

ബുദ്ധിയുള്ളവരെ അതില്ലാത്ത വർ വിളിക്കുന്ന ഓമനപ്പേര്.

## സ്നേഹം:–

ഒരു ഐസ്ക്രീമിന് പകരമാ സമൃദ്ധമായി ലഭിക്കുന്ന ഒന്ന്.

## ഫിഗർ:–

തല കാലിയും ഉടല് വടിവു ള്ളവരെ വിളിക്കാനുപയോഗിക്കു പദം.

## ഗാന്ധിജി:–

ആറ്റൻബറോയുടെ ഗാന്ധിയ

## കാമ്പസ് ബുദ്ധിജീവി:–

ബ്ലെയ്ഡ് വാങ്ങാൻ കാശില്ലാ വൻ. 'ചങ്ങമ്പുഴ മദ്യപിച്ചതിന ഞാനും മദ്യപിക്കും' എന്ന് ക്കുന്ന ജീവി.




ചിതറിയിട്ട ബിരുദ സർട്ടിഫിക്കറ്റുകൾ തിരിച്ചും മറിച്ചും നോക്കി തികട്ടിവരുന്ന ചിന്തകൾ ഒതുക്കിവെക്കാൻ ശ്രമിക്കുകയാണ് ഞാൻ. പുറത്ത് കർക്കിടക മഴ തിമിർത്തു പെയ്യുന്നു. പെട്ടെന്ന് വന്ന ഒരു മിന്നൽ മൂർച്ചയേറിയ വാളു പോലെ അതിവേഗം മിന്നിമറിഞ്ഞു. ക്ഷയരോഗിയായ അച്ഛൻെറ ഏങ്ങി ഏങ്ങിയുള്ള ചുമ ചുററുവട്ടത്തെ മൂടിക്കെട്ടിയ മൂകതയിൽ തളം കെട്ടിനില്ക്കുകയാണ്.

ചെവിയുടെ ഇത്തിരി വട്ടത്തിലൂടെ അകത്തു കടന്ന കാർമേഘങ്ങളുടെ കൂട്ടിമുട്ടലുകൾ അന്തരംഗത്തിലെ മുക്കു മൂലകളിൽ മുഴുവൻ പ്രകമ്പനം കൊണ്ടു. കടലാസുകൾ വാരി വലിച്ചു വെച്ച്, കാൽമുട്ടുകളിൽ തല കമിഴ്ത്തി കണ്ണുകളടച്ചിരിക്കവേ, തൊട്ടനുജത്തി ആയാസപ്പെട്ടു വന്ന് എന്നെ കുലുക്കി വിളിച്ചു.

"ഏട്ടാ.... ഞാൻ എല്ലാർക്കും ഒരു ഭാരമാണ്, അച്ഛൻ പോലും ഒഴിഞ്ഞു മാറ്ണൂ....ഞാനാരോടും ഒന്നും ചെയ്തിട്ടില്ല, ഇനി ഞാൻ ......"

# നിശ്ശബ്ദതയുടെ ഭൂകമ്പങ്ങൾ

നസീർ .കെ. എം.



അവളുടേത് വാക്കുകളായിരുന്നില്ല. ദൈന്യതയുടെ മഹാപ്രവാഹത്തിൻെറ കൂലംകുത്തിയുള്ള ഒഴുക്കായിരുന്നു. വരണ്ടുണങ്ങിയ അവളുടെ ദേഹം ഒരിറ്റു നനവിനായ് കേഴുന്നുണ്ടായിരുന്നു. ശോഷിച്ച കാലുകൾ മടങ്ങി കൈകൾ നിലത്തൂന്നി ഇഴയുന്ന അവളുടെ മേൽ എൻെറ ദൃഷ്ടി തറച്ചു നിന്നുപോയി. അവളുടെ മുഖം ആകൃതി പോലും നഷ്ടപ്പെട്ട് ചുക്കിച്ചുളിഞ്ഞിരുന്നു.

എൻെറ തലക്ക് ഭാരം കൂടിക്കൂടി വന്നു. സമസ്തവും ചുറ്റിലും കറങ്ങുകയാണ്. ഗതികിട്ടാത്ത ആത്മാവുകളുടെ കൊടുങ്കാടുകൾ, ആടിയുലയുന്ന പ്രപഞ്ചം എൻെറ കഴുത്തിനു മുകളിൽ നിന്ന് തിരിയുകയാണ്. ഒരു പ്രതിമപോലെ ഞാൻ നിശ്ചലനായി.

പുക ഉയരാത്ത അടുക്കളയിൽ നിന്നും ഇളയവരുടെ തേങ്ങിക്കരച്ചിൽ ഉയരുകയാണ്. ഒരുവേള; അമ്മയുടെ സാന്ത്വനഗീതങ്ങൾക്കു വേണ്ടി ഞാനും ചെവിയോർത്തു നിന്നു. എന്തോ,എൻെറ കേൾവി ശക്തിക്കതീതമായിരിക്കാം. ചെവിയിൽ വെറും ഇരമ്പലുകൾ ചൂളംവിളിക്കുകയാണ്. മുന്നിൽ നിറം മങ്ങിയ അവ്യക്തതകൾ മാത്രം.

തിരിച്ചറിവിൻെറ കേന്ദ്രം പിടിതരാതെ കുതിക്കുകയാണ്. ഭൗതിക സമൃദ്ധിയിൽ സ്വാസ്ഥ്യം ലഭിക്കാതെ പോയ സിദ്ധാർത്ഥൻ തൊട്ടുമുന്നിൽ അലഞ്ഞു കൊണ്ടേയിരിക്കുന്നു. വിലങ്ങുകളിൽനിന്ന് മോചിതയായാലും ചേക്കേറാനാവാത്ത അനുജത്തിയുടെ വിങ്ങലുകൾ സ്മൃതിപഥങ്ങളിൽ പ്രതിധ്വനിക്കുകയാണ്. ആർത്തലച്ചലറുന്ന വൈരൂപ്യത്തിനുള്ളിലെ മുത്തുച്ചിപ്പികൾ എന്നെ മത്തു പിടിപ്പിക്കുന്നു.

പൊടുന്നനെ മഴ നിലച്ചു. തൊടികളിൽ കലങ്ങിയ വെള്ളം കെട്ടിക്കിടന്നു. മുറ്റത്തെ മാവിലിരുന്ന് കാക്കകൾ കൂട്ടമായി കലപില ശബ്ദം കൂട്ടുന്നു. ഒരു വിധം നിവർന്ന് അകത്തേക്ക് ചെന്ന എന്നെ അമ്മ മാടി വിളിച്ചു. എന്നെ തൊട്ടടുത്ത് ചേർത്തിരുത്തി. അമ്മയുടെ ദേഹം വിറക്കുന്നുണ്ടായിരുന്നു. അപ്പോൾ മൂടിക്കെട്ടിയ മൂകതക്ക് മൂർച്ചകൂടിയിരുന്നു. ഹൃദയമിടിപ്പ് കൂടിക്കൊണ്ടിരുന്നു. ഇളയവരൊക്കെ അയൽ വീടുകളിലേക്ക് പോയിരുന്നു. അനുജത്തി അടുത്തിരുന്ന് എന്നെ തുറിച്ച് നോക്കുകയാണ്. നിമിഷം പ്രതി അവളുടെ രൂപങ്ങൾ പെരുകുകയാണ്. കണ്ണുകളിൽ പ്രപഞ്ചത്തിലെ വൈരൂപ്യം മുഴുവൻ ഉറഞ്ഞു തുള്ളുകയാണ്.

അവളെ കാർന്നു തിന്നുന്ന ചോദ്യം എന്നെയും മഥിക്കുകയാണ്. "എന്തേ, അവൾ അങ്ങിനെയായി, അവളുടെ മോക്ഷമെവിടെ." അപ്പോഴും അവൾ ഇരുന്ന് കിതയ്ക്കുകയാണ്.


എൻെറ മുന്നിൽ മറ്റു വഴികളൊന്നുമുണ്ടായിരുന്നില്ല. ഞാൻ ഇറങ്ങി നടന്നു. മരുഭൂവിലൂടെ ശാന്തിയുടെ തെളിനീരുറവയും തേടി, മൂർത്തതയുടെ പരിചിത വട്ടത്തിൽനിന്നും. അമൂർത്തതയുടെ അനശ്വര വിഹായസ്സിലേക്ക്, -തിളച്ചുമറിയുന്ന ഭൂമിയും പേറി-ഞാൻ നടന്നു കൊണ്ടേയിരുന്നു.

# ഒന്നാം പാഠം കാറ്റ് പറഞ്ഞുതരും



കലാം വെള്ളിമാട്

കാമ്പസിൽ
കാറ്റാടി മരങ്ങളിൽ
ആൺകുട്ടികളുടേയും
പെൺകുട്ടികളുടേയും
കാതിലും കണ്ണിലും കരളിലും
കാറ്റ് വന്ന് മന്ത്രിക്കുന്നു.....
പഠിക്കുന്നതെന്തിന് ?
കുട്ടികളിൽ ആരും തന്നെ
ഇങ്ങിനെയൊരു ചോദ്യം പ്രതീക്ഷിച്ചതേ അല്ല.
കാറ്റ് വീണ്ടും പറഞ്ഞു:
'പണത്തിന് മീതെ പരുന്തും
പറക്കില്ലെന്ന ആപ്തവാക്യം'
എൻെറ കൂടെ വരിക.
നഗരത്തിൽ നമുക്ക് ചെത്താം - മിനുങ്ങാം -
അടിച്ചുപൊളിക്കാം.
കേട്ടപാതി കേൾക്കാത്ത പാതി
പാഠപുസ്തകങ്ങൾ തകിടം മറിഞ്ഞു.
തെരുവുകളിൽ പാട്ടും ആട്ടവും നിറഞ്ഞു.
തിയേറ്ററുകൾ ഹൗസ്ഫുൾ.
ബൈക്കുകളും മാരുതികളും
കടൽതീരത്തേക്ക് കുതിച്ചു.
യാത്രക്കിടയിൽ കുസൃതിക്കാറ്റ്
പിന്നേയും പിടഞ്ഞുകൊണ്ടിരുന്നു.
പഠിക്കുന്നതെന്തിന് ? എന്തിന് ?
ഇത്വരെ പഠിച്ചവർ
എന്താണ് നേടിയത് ?
ആരോ ഭീതിയോടെ പതുക്കെ
ഇത്രയും മൊഴിഞ്ഞു:
പണമുണ്ടാക്കുന്ന വിദ്യകൾ !
അല്ലാതെന്ത് ?



# ഒരബദ്ധം

മുൻ പരിചയമില്ലാത്തവരെ നേരിട്ട് പേരുവിളിച്ച് പരിചയപ്പെടുന്ന 'വിദ്യ'യെക്കുറിച്ച് ഒരു മനശ്ശാസ്ത്രജ്ഞൻ മുമ്പൊരിക്കൽ എഴുതിയിരുന്നു. ബസിലിരുന്ന് ഞാനതേക്കുറിച്ച് വെറുതെ ആലോചിക്കുകയായിരുന്നു. ഇതദ്ദേഹം സാധിച്ചത്, കഴുത്തിലണിഞ്ഞ ചെയിനിലോ അല്ലെങ്കിൽ വിരലിലണിഞ്ഞ മോതിരത്തിലോ ഉള്ള പേര്നോക്കിയായിരുന്നു.

പെട്ടെന്നാണ് 'നിർഭാഗ്യവശാൽ' എൻെറ ദൃഷ്ടി അടുത്തിരിക്കുന്ന സഹയാത്രികൻെറമടിയിൽ വിശ്രമിക്കുന്ന പുസ്തകത്തിൽ പതിഞ്ഞത്!

പുസ്തകത്തിൻെറ ചട്ട ബസിൻെറ കാറ്റുമൂലം അല്പം പൊങ്ങി! ഒന്നാം പേജിൽ വലിയക്ഷരത്തിൽ എഴുതിയിരിക്കുന്ന പേര് ശരിക്കും ഞാൻ കണ്ടു; UMAR. P

'വിദ്യ' പ്രയോഗിക്കാൻ തന്നെ ഞാൻ തീരുമാനിച്ചു!

“ഹലോ! ഉമർ!! എന്തൊക്കെയുണ്ട് വിശേഷങ്ങൾ!”

“ങേ..................................!” ചോദ്യം കേട്ട് സഹയാത്രികൻ ചുറ്റിലും നോക്കുന്നത് കണ്ടു.

അദ്ദേഹത്തിൻെറ മടിയിൽ തട്ടി വീണ്ടും ഞാനാവർത്തിച്ചു.

“ഹലോ! ഉമർ!! എന്തൊക്കെയുണ്ട് വിശേഷങ്ങൾ!”

“ക്ഷമിക്കണം സുഹൃത്തേ, നിങ്ങൾക്ക് ആളെ മാറിയിട്ടുണ്ട്” സഹയാത്രികൻ പറഞ്ഞു.

ഞാനും വിട്ടുകൊടുത്തില്ല. “എന്താ ഉമറേ! ഇത്രവേഗം മറന്നു പോയാലെങ്ങിനെ.....!”

ക്ഷമനശിച്ച സഹയാത്രികൻ നീരസത്തോടെ പറഞ്ഞു; “മിസ്റ്റർ........! നിങ്ങൾക്ക് ആളെതീർച്ചയായും മാറിയിട്ടുണ്ട്. ഞാൻ ഉമറല്ല! കുമാറാണ്!!!”

“ങേ..............................!” “തെറ്റുപറ്റിയതിൽ ക്ഷമിക്കണം” സൈക്കിളിൽ നിന്നു വീണചിരിയുമായി ഞാൻ പറഞ്ഞു.

ബസ് അടുത്ത വളവു തിരിഞ്ഞപ്പോൾ പുസ്തകത്തിൻെറ ചട്ട ഒന്നുകൂടി പൊങ്ങി. മുൻപേജിലെ പേജ് ശരിക്കും ഞാൻ കണ്ടു!; KUMAR .P

അബദ്ധം മറ്റാരുടേയും ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നുറപ്പുവരുത്തി ഞാൻ എന്നിലേക്കുൾവലിയുമ്പോൾ, 'വിദ്യ' പ്രയോഗിക്കാനുള്ള വെമ്പലിൽ ഞാൻ കാണാതെ പോയ 'K' എന്നെ നോക്കി വല്ലാത്തൊരു പരിഹാസച്ചിരി ചിരിക്കുന്നുണ്ടായിരുന്നു ...............!!!

അബ്ദുൽ അസീസ്. ടി.എ.